

# TRICHUR ARCHDIOCESAN BULLETIN

SEPTEMBER 2016

82 YEARS OF PUBLICATION
1934-2016

സ്മരണാഞ്ജലി



കട്ടക്ക് – ഭുവനേശ്വർ അതിരൂപതയുടെ

മുൻ ആർച്ച്ബിഷപ്പായിരുന്ന

**മോസ്റ്റ് റവ. ഡോ. റാഫേൽ ചീനാത്ത് പിതാവിന്**

തൃശ്ശൂർ അതിരൂപതയുടെ

സ്മരണാഞ്ജലി

**TRICHUR ARCHDIOCESAN**

# Bulletin

പുസ്തകം : 83

സെപ്തംബർ 2016

ലക്കം : 9

## ഈ ലക്കത്തിൽ


- സർക്കുലർ 5
- കച്ചേരികാര്യം 7
- അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - സെപ്തംബർ 12
- സഹായമെത്രാന്റെ പരിപാടികൾ - സെപ്തംബർ 13
- നാളാഗമം 14
- സാമ്പത്തിക കാര്യാലയം 17
- വൈദികർ 22
- പാസ്റ്ററൽ കൗൺസിൽ 24
- സന്യസ്തർ 31
- സ്ഥാപനങ്ങൾ 35
- സാന്ത്വനം 54
- സംഘടനകൾ 59


*Imprimatur*

(Sd)

**Mar Andrews Thazhath**

Archbishop of Trichur

***Chief Editor***

**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**

**Archbishop's House**

**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542

Fax : 2338204

E-mail : curiatcr@yahoo.com

website : www. trichurarchdiocese.org

1926/2016 / 20.08.2016 C- 13

## സർക്കുലർ

## മദർ തെരേസയുടെ വിശുദ്ധപദവി പ്രഖ്യാപനം

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരി സഹോദരന്മാരേ,

സെപ്തംബർ 4 ഞായറാഴ്ച വത്തിക്കാനിൽ വച്ച് പരി. പിതാവ് പാവങ്ങളുടെ അമ്മയായ മദർ തെരേസയെ വിശുദ്ധപദവിയിലേക്ക് ഉയർത്തുന്ന വിവരം ഇതിനകം നിങ്ങളേവരും അറിഞ്ഞിരിക്കുമല്ലോ. കരുണയുടെ ജൂബലി വർഷത്തിൽ ദൈവം നമുക്ക് നൽകിയ വലിയൊരു സമ്മാനമാണ് ജീവകാരുണ്യത്തിന്റെ പ്രതീകമായ മദർതേരസയെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായി ലഭിക്കുക എന്നത്. തൃശ്ശൂർ അതിരൂപതയുമായി മദർ തെരേസ വളരെ അടുത്ത ബന്ധം പുലർത്തിയിട്ടുണ്ട്. രണ്ടുപ്രാവശ്യം മദർ തെരസ തൃശ്ശൂർ അതിരൂപത സന്ദർശിച്ചിട്ടുണ്ട് എന്നതിൽ നമുക്ക് അഭിമാനിക്കാം. പെരിങ്ങണ്ടൂരിലെ മേഴ്സി ഹോമിലെ കുട്ടികൾ മദർ തെരേസയുടെ വാത്സല്യം അനുഭവിച്ചിട്ടുണ്ട്. ചെന്നായ്പാറയിലെ അഗതിമന്ദിരം ഉദ്ഘാടനം ചെയ്തത് മദർ തെരസ തന്നെയാണ്.

ദിവ്യകാരുണ്യത്തിൽ നിന്നും ശക്തി സംഭരിച്ച് ജീവകാരുണ്യ പ്രവൃത്തികൾ ചെയ്ത വ്യക്തിയാണ് മദർ തെരസ. രാവിലെയും വൈകിട്ടുമുള്ള ദിവ്യകാരുണ്യ ആരാധനയാണ് അനേകലക്ഷം പാവപ്പെട്ടവരെ സഹായിക്കാൻ ശക്തി നൽകിയതെന്ന് മദർ സ്ഥിരമായി പറയാറുണ്ട്. മദറിന്റെ മാതൃക അനുകരിക്കാൻ നമുക്ക് പരിശ്രമിക്കാം. മദർ തെരസയുടെ മിഷനറീസ് ഓഫ് ചാരിറ്റി സമൂഹത്തിൽ നമ്മുടെ അതിരൂപതയിൽ നിന്നും ധാരാളം സിസ്റ്റേഴ്സ് പ്രവർത്തിക്കുന്നുണ്ട്.

മദറിന്റെ വിശുദ്ധപദപ്രഖ്യാപനദിനമായ സെപ്റ്റംബർ 4 നോ, തലേദിവസമോ, ചരമദിനമായ സെപ്റ്റംബർ 5 നോ നമ്മുടെ അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും ദൈവത്തിന് നന്ദിപറഞ്ഞുകൊണ്ടുള്ള പ്രാർത്ഥനകളും ഏതെങ്കിലും തരത്തിലുള്ള സാമൂഹ്യക്ഷേമപ്രവർത്തനങ്ങളും നടത്തുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. കെ.സി.ബി.സി യും ഈ

ആഹ്വാനം നടത്തിയിട്ടുണ്ട്. ഇടവകയിലെ സാമൂഹ്യക്ഷേമസമിതിക്ക് ഇതിന് നേതൃത്വം കൊടുക്കാവുന്നതാണ്.

ഇതിനോടകംതന്നെ പല പള്ളികളും സാമൂഹ്യക്ഷേമപദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിനോടനുബന്ധിച്ച് ഇടകവയിൽ നിന്ന് ദാനമായി നൽകുന്ന വീടിന്റെ താക്കോൽ ദാനകർമ്മം അന്ന് നിർവഹിക്കുക, ഭിക്ഷാടകരെ ക്ഷണിച്ചു കൊണ്ടുവന്ന് ആഘോഷമായി അവർക്ക് ഭക്ഷണവും സമ്മാനങ്ങളും നൽകുക, അതിരൂപതയിലെ അഗതിമന്ദിരങ്ങൾ സന്ദർശിക്കുക, അതിരൂപതയിലും മിഷനിലുമുള്ള ഏതെങ്കിലും പാപപ്പെട്ട കുടുംബത്തെ ദത്തെടുക്കുക, സാന്ത്വനപരിരക്ഷ ആവശ്യമുള്ള രോഗികളെ അന്നേ ദിവസം സന്ദർശിക്കുക, അതിരൂപതയിലെ കാരുണ്യനിധിയെ സഹായിക്കുക തുടങ്ങിയവയെല്ലാം ജീവകാരുണ്യപ്രവർത്തികളിൽ ചില താണ്.

"ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്" (മത്താ. 25:40 എന്ന വചനം നമ്മുടെ ജീവിതത്തെ സ്വർഗ്ഗോന്മുഖമാക്കുവാൻ സഹായിക്കട്ടെ. വിശുദ്ധ മദർതെരസ നിങ്ങളുടെ കുടുംബങ്ങൾക്കും പ്രവർത്തനങ്ങൾക്കും നമ്മുടെ അതിരൂപതയ്ക്കും എല്ലാ സാമൂഹ്യക്ഷേമസ്ഥാപനങ്ങൾക്കും പ്രത്യേകം മാദ്ധ്യസ്ഥത വഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലറിലെ ആശയങ്ങൾ 2016 സെപ്തംബർ 4ന് വി. കുർബാന മധ്യേ ജനങ്ങളെ അറിയിക്കേണ്ടതാണ്.

+AT

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| സെപ്തംബർ | 1 : | എട്ടുനോമ്പാരംഭം |
| | 4 : | **ഏലിയാ സ്ലീവ മൂശ മൂന്നാം ഞായർ** |
| | 5 : | വാ. മദർ തെരേസ |
| | 8 : | പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ |
| | 11 : | **ഏലിയാ സ്ലീവ മൂശ നാലാം ഞായർ** |
| | 13 : | വി. ജോൺ ക്രിസോസ്തോം |
| | 14 : | വി. കുരിശിന്റെ പുകഴ്ച |
| | 18 : | **ഏലിയാ സ്ലീവ മൂശ അഞ്ചാം ഞായർ** |
| | 21 : | വി. മത്തായി ശ്ലീഹാ |
| | 25 : | **ഏലിയാ സ്ലീവ മൂശ ആറാം ഞായർ** |
| | 27 : | വി. വിൻസെന്റ് ഡി. പോൾ |
| | 29 : | വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റഫായേൽ |
| | 30 : | വി. ജെറോം |

**2. സെപ്തംബർ മാസത്തെ പരിപാടികൾ**

| | | | |
|---|---|---|---|
| സെപ്തംബർ | 06 : | 07:30 pm | സാമ്പത്തികസമിതിയോഗം |
| | 10 : | 10:00 am | പാസ്റ്ററൽ കൗൺസിൽ യോഗം |
| | 12 : | 02:30 am | വൈദികസമിതിയോഗം |
| | 15 : | 10:00 am | ആലോചനസമിതി യോഗം |
| | 18 : | | വൈദികവാർഷികധ്യാനം (ബാച്ച് 1) |
| | 25 : | | വൈദികവാർഷികധ്യാനം (ബാച്ച് 2) |

**3. പ്രാർത്ഥനാശംസകൾ :**

സെപ്തംബർ 29ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാനമധ്യേ പിതാവിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമപ്പെടുത്തുന്നു.

**4. പാസ്റ്ററൽ കൗൺസിൽ :**

16-ാം പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി ഈ വർഷം കഴിയുന്നു. പുതിയ പാസ്റ്ററൽ കൗൺസിലിലേക്ക് ഇടവകയിൽ നിന്നും പ്രതിനിധിയെ തെരഞ്ഞെടുക്കുമ്പോൾ അതിരൂപതാകേന്ദ്രത്തിൽ നിന്നു നിർദ്ദേശിക്കുന്ന

റൊട്ടേഷൻ ക്രമം പാലിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഇടവക പ്രതിനിധിയുടെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ, ഫോട്ടോ എന്നിവ നവം ബർ 30ന് മുമ്പ് അതിരൂപത കാര്യാലയത്തിൽ നൽകേണ്ടതാണ്. റൊട്ടേഷൻ ക്രമം അന്യത്ര കൊടുത്തിട്ടുണ്ട്.

**5. വൈദികരുടെ വാർഷികധ്യാനം :**

ബ. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം സെപ്തംബർ 18 മുതൽ 23 വരെയും സെപ്തംബർ 25 മുതൽ 30 വരെയും രണ്ടു ബാച്ചുകളി ലായി നടക്കുന്നു. പ്രത്യേകം പ്രാർത്ഥിക്കുമല്ലോ,

**6. അതിരൂപതാ അവാർഡ് ദിനം :**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2016 നവംബർ 13-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഡി.ബി.സി.എൽ. സി.യിൽ ആയിരിക്കും. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2015 നവംബർ 14 മുതലുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. **(തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കു ന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).**

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ **15-09-2016 നു** മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്ത ലിക് ആർച്ച്ബിഷപ്പ് ഹൗസ്, തൃശ്ശൂർ - 680 005 എന്ന അഡ്രസ്സിൽ ലഭി ക്കേണ്ടതാണ്.

* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്.

* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറി യിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.

* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈ റ്റിൽ ഒക്ടോബർ 15നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org).

**1. വിദ്യാഭ്യാസരംഗം**

2015-16 അധ്യയനവർഷത്തിൽ

**1.1** പ്ലസ് ടുവിനും വി. എച്ച്. എസ്. സി.ക്കും ആദ്യ ചാൻസിൽ മുഴുവൻ വിഷ

യങ്ങളിലും A+നേടിയിട്ടുള്ളവർക്ക് (Kerala State-A+, C.B.S.E - CGPA 10.0, I.C.S.E.- A+/Exceptional)

1.2 ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ;

1.3 കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF പൂർത്തിയാക്കിയവർ

1.4 ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

1.5 സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

1.6 കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

### 2. കായികം

2.1 *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ*

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

2.2 *സർവ്വകലാശാല കായികമത്സരങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

### 3. കലാസാഹിത്യ രംഗം

*3.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ*

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

*3.2 സർവ്വകലാശാല യുവജനോത്സവങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**4. മറ്റു രംഗങ്ങൾ**

***4.1*** സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

***4.2*** മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

***4.3*** അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).

**NB:**

**1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.**

**2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.**

**3. എസ്. എസ്. എൽ. സി. ഫുൾ A+ കാറ്റഗറി ഉണ്ടായിരിക്കുന്നതല്ല.**

**7. വൈദികനിയമനം :**

| | |
|---|---|
| 1. ഫാ. ജിയോ കടവി | - ഡയറക്ടർ സാവിയോ ഹോം കൂടി; സാധുത 2016 ജൂലൈ 4 മുതൽ. |
| 2. ഫാ. ഫ്രീജോ പാറക്കൽ | - ബലിയർപ്പണം, എസ്. എസ്. ജെ. ഡബ്ല്യു. പീച്ചി; സാധുത 2016 ജൂലൈ 18 മുതൽ. |
| 3. ഫാ. സുനിൽ ചിരിയങ്കണ്ടത്ത് | - ചിക്കാഗോ രൂപതയിൽ സേവനാനുമതി; സാധുത 2016 ആഗസ്റ്റ് 5 മുതൽ. |
| 4. ഫാ. ടോണി അരിമ്പൂർ | - ഹൈദ്രാബാദ് സാന്തോം മിഷനിൽ മൂന്നു വർഷത്തേക്ക് സേവനാനുമതി; സാധുത 2016 ആഗസ്റ്റ് 1 മുതൽ. |
| 5. ഫാ. ഡെന്നി താണിക്കൽ | - കപ്ലോൻ ഉർസുലൈൻ ഒഴിവായി, കപ്ലോൻ പ്രേഷിതഭവൻ സി. എസ്. എസ്. കൂടി; സാധുത 2016 ആഗസ്റ്റ് 1 മുതൽ. |
| 6. ഫാ. ഡൊമിനിക് തലക്കോടൻ | - കപ്ലോൻ ഉർസുലൈൻ കൂടി; സാധുത 2016 ആഗസ്റ്റ് 1 മുതൽ. |
| 7. ഡീ. ഫിലിപ്പ് പാറടിയിൽ CST | - ഡീക്കൻ മിനിസ്ട്രി തങ്ങാലൂർ; സാധുത 2016 ജൂലൈ 9 മുതൽ നവംബർ 30 വരെ. |

**8. പ്രത്യേക നിയമനങ്ങൾ :**

**1. എക്സെൽ അക്കാദമി ട്രസ്റ്റ്**

*എക്സിക്യൂട്ടീവ് അംഗങ്ങൾ*

വികാരി ജനറാൾ - മോൺ. തോമസ് കാക്കശ്ശേരി

എക്സെൽ അക്കാദമി ഡയറക്ടർ - ഫാ. ഡേവിസ് തെക്കേക്കര

പ്രൊക്യുറേറ്റർ - പെ. ബഹു. ഫാ. ജോയ് മൂക്കൻ

ഡി. ബി. സി. എൽ. സി. ഡയറക്ടർ - ഫാ. റാഫേൽ ആക്കാമറ്റത്തിൽ

സെന്റ് തോമസ് കോളേജ് ബർസാർ - ഫാ. മാർട്ടിൻ കൊളമ്പ്രത്ത്

ജെ. എം. എം. സി. ഡയറക്ടർ - ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി - അഡ്വ. ബിജു കുണ്ടുകുളം

*അഡ്വൈസറി ബോർഡ് അംഗങ്ങൾ*

ശ്രീ. പി. എം. ഫ്രാൻസിസ്

ഡോ. ജെൻസൻ പി. ജെ.

പ്രൊഫ. കെ. എം. ഫ്രാൻസിസ്

പ്രൊഫ. ഡോ. നിഷ മാർട്ടിൻ

ഫാ. റോയ് ജോസഫ് വടക്കൻ

പ്രൊഫ. മാണി പീറ്റർ

ശ്രീ. പോൾസൺ തെങ്ങുംപള്ളിൽ

പ്രൊഫ. ജോസ് ടി. പി.

ഡോ. ബെന്നി നീലങ്കാവിൽ

ഫാ. ചാക്കോ നടക്കവെളിയിൽ

പ്രൊഫ. ജോജു ബേബി



**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്



# മെത്രാപ്പോലീത്തായുടെ പരിപാടികൾ

## Sept. 2016

| Date | Day | Time | Programme |
|---|---|---|---|
| 01-14 | | | At Rome |
| 15 | Thu | Morning | Holy mass at Minor Seminary |
| | | Evening | At Marymatha |
| 16 | Fri | Morning | Holy mass at Alagappanagar |
| | | Evening | To Bombay |
| 17 | Sat | | At Bombay |
| 18 | Sun | | Pastoral visit at Manalady |
| 19-23 | | | Priests' Annual Retreat Batch 1 |
| 24 | Sat | Afternoon | School Blessing at Pazhuvil |
| 25 | Sun | | Pastoral visit at Kodannur |
| 26-30 | | | Priests' Annual Retreat Batch 2 |




| Date | Day | Time | Programme |
|---|---|---|---|
| 01-03 | | | Synod |
| 04 | Sun | Morning | Holy Mass, Kanjany |
| 05 | Mon | Evening | Holy Mass, Chennaipara |
| 06 | Tues | Evening | Holy Mass and Blessing- Thalikkulam |
| 07 | Wed | | Engaged |
| 08 | Thu | Morning | Holy Mass Karumathra |
| | | Evening | Holy Mass Nellankara |
| 09 | Fri | Evening | Varandarappilly |
| 10 | Sat | | Pastoral Council |
| 11 | Sun | | Annual Day Vendore |
| 12 | Mon | Morning | Holy Mass, Marymatha seminary |
| | | Afternoon | Ramanathapuram Priest Retreat |
| 13-17 | | | Ramanathapuram Priest Retreat |
| 18 | Sunday | Morning | Holy Mass Arthat |
| | | | Priest Retreat – Batch First |
| 19 | Mon | | Priest Retreat – Batch First |
| 20 | Tue | Morning | Holy Mass Puthenpally |
| | | | Priest Retreat – Batch First |
| 21 | Wed | | Priest Retreat – Batch First |
| 22 | Thu | | Priest Retreat – Batch First |
| 23 | Fri | | Priest Retreat – Batch First |
| 24 | Sat | | Engaged |
| 25 | Sun | | Engaged |
| | | | Priest Retreat – Batch Second |
| 26 | Mon | | Priest Retreat – Batch Second |
| 27 | Tue | | Priest Retreat – Batch Second |
| 28 | Wed | | Priest Retreat – Batch Second |
| 29 | Thu | Evening | FEAST DAYSt. Thomas College |
| 30 | Fri | Evening | Priests Conference |
| | | | Holy Mass Kallur East |

# നാളാഗമം

**ജൂലൈ 2016**

1. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സെന്റ് തോമസ് കോളേജിന്റെ ചേറൂരിൽ പണിയുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തി. തുടർന്ന് ഫാ. പോൾ വട്ടക്കുഴിയച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ അമ്മാടം പള്ളിയിൽ വിശുദ്ധ ബലി അർപ്പിച്ചു. ശേഷം ഹൈസ്ക്കുളിന് തറകല്ലിട്ടു. തുടർന്ന് ജൂബിലി മിഷ്യൻ ഹോസ്പിറ്റലിൽ ഡോക്ടേഴ്സ് ഡേ പരിപാടിയിൽ പങ്കെടുത്തു. പിന്നീട് സെന്റ് തോമസ് കോളേജിലെ സെന്റ് തോമസ് ഡേ ആഘോഷപരിപാടിയിൽ പങ്കെടുത്തു. ഉച്ചയ്ക്ക് അപ്പസ്റ്റോലിക് വിസിറ്റേഷന്റെ ഭാഗമായി അഹമ്മദാബാദിലേയ്ക്ക് യാത്ര തിരിച്ചു.
2. അഭിവന്ദ്യ താഴത്ത് പിതാവ് ആർച്ച്ബിഷപ്സിൽ നടത്തിയ എം. എൽ. എ. മാർക്കുള്ള സ്വീകരണയോഗത്തിൽ പങ്കെടുത്തു. മരത്താക്കര എഫ്. സി. സി. കോൺവെന്റിലെ ബഹു. സിസ്റ്ററുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.
3. അഭിവന്ദ്യ താഴത്ത് പിതാവ് എറവ് ഇടവകയിൽ വി. ബലിയർപ്പിച്ച് ഇടവകയുടെ സുവർണ്ണ ജൂബിലിയാഘോഷങ്ങൾക്ക് ആരംഭം കുറിച്ചു. തുടർന്ന് പാലയൂർ തീർത്ഥകേന്ദ്രത്തിലെ ഊട്ടുതിരുനാളിൽ പങ്കെടുത്തു. ഉച്ചക്ക് ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന നവദമ്പതി സംഗമത്തിൽ പങ്കെടുത്തു. തുടർന്ന് മൈനർ സെമിനാരിയിൽ നടന്ന എക്യുമെനിക്കൽ മീറ്റിംഗിലും പങ്കെടുത്തു.
4. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചക്കുശേഷം നടന്ന സ്ഥാപനഡയറക്ടർമാരുടെ യോഗത്തിൽ പങ്കെടുത്തു.
5. അഭിവന്ദ്യ താഴത്ത് പിതാവ് മരത്താക്കര എൽ. പി. സ്കൂളിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. തുടർന്ന് സി. നോബർട്ട് എഫ്. സി. സി. യുടെ ചരമവാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.
6. അഭിവന്ദ്യ താഴത്ത് പിതാവ് സ്ഥാപന ഡയറക്ടർമാരുടെ യോഗത്തിൽ പങ്കെടുത്തു.
7. അഭിവന്ദ്യ താഴത്ത് പിതാവ് കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസിയുടെ മെറിറ്റ് ഡേയിൽ പങ്കെടുത്ത് സമ്മാനദാനം നിർവഹിച്ചു. തുടർന്ന് ബഹു. താഞ്ചനച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ഉച്ചതിരിഞ്ഞ് ജോർജ്ജ് താഞ്ചനച്ചെന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു.
8. അഭിവന്ദ്യ താഴത്ത് പിതാവ് സ്ഥാപന ഡയറക്ടർമാരുടെ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ കല്ലൂർ കിഴക്കേ പള്ളിയിൽ ബഹു. പോൾ വട്ടക്കുഴി അച്ചന് വേണ്ടി വിശുദ്ധ ബലി അർപ്പിച്ചു.
9. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് തോമസ് കോളേജിൽ എക്സെൽ അക്കാദമിയുടെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. വൈകിട്ട് വിയ്യൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു.

അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ സാഹിത്യഅക്കാദമിയിൽ വച്ചുനടന്ന ഗുരുപുരസ്ക്കാരം എന്ന പരിപാടിയിൽ പങ്കെടുത്തു.

10. അഭിവന്ദ്യ താഴത്ത് പിതാവ് ചുവന്നമണ്ണ് ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് അരണാട്ടുക്കര ഇടവകയിൽ അപ്പസ്തോലിക് വിസിറ്റേഷന്റെ ഭാഗമായി വിശുദ്ധ ബലി അർപ്പിച്ച്, മിഷ്യനെക്കുറിച്ച് സംസാരിച്ചു. ഉച്ചതിരിഞ്ഞ് പാലയൂർ പള്ളിയിൽ വെച്ച് നടന്ന അരങ്ങേറ്റ മഹോത്സവം പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് വിശുദ്ധ ബലി അർപ്പിച്ചു.
11. അഭിവന്ദ്യ തട്ടിൽ പിതാവ് ഉച്ചതിരിഞ്ഞ് സെന്റ് തോമസ് കോളേജിലെ കോമേഴ്സ് വിഭാഗം മെറിറ്റ് ഡേയിൽ പങ്കെടുത്തു.
12. അഭിവന്ദ്യ താഴത്ത് പിതാവ് മമ്മിയൂർ എഫ്. സി. സി. മഠത്തിലെ ബഹു. സിസ്റ്ററുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. വൈകിട്ട് ചേലക്കര - വടക്കാഞ്ചേരി ഫൊറോനകളിൽ അസംബ്ലി മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് അരണാട്ടുക്കര ജോൺ മത്തായി സെന്ററിൽ കുട്ടികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു
13. അഭിവന്ദ്യ താഴത്ത് പിതാവ് മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. വൈകിട്ട് ബസിലിക്ക ഫൊറോന അസംബ്ലി മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് പാവറട്ടി പള്ളിയിൽ വിശുദ്ധ ബലി അർപ്പിച്ച് വി.യൗസേപ്പിതാവിന്റെ ഉറങ്ങുന്ന രൂപം പ്രതിഷ്ഠിച്ചു.. അഭിവന്ദ്യ തട്ടിൽ പിതാവ് മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ മൃതസംസ്ക്കാര കർമ്മത്തിൽ പങ്കെടുത്തു.
14. അഭിവന്ദ്യ തട്ടിൽ പിതാവ് കടങ്ങോട് ഊട്ടുതിരുനാളിനോടനുബന്ധിച്ച് വിശുദ്ധ ബലി അർപ്പിച്ചു.
15. അഭിവന്ദ്യ താഴത്ത് പിതാവ് അളഗപ്പനഗറിൽ വിവാഹ ഒരുക്ക ക്ലാസ്സിൽ വി. ബലിയർപ്പിച്ചു.
16. അഭിവന്ദ്യ താഴത്ത് പിതാവ് കർമ്മലമാതാവിന്റെ തിരുനാൾ ദിനത്തില്ഡ കോലഴി സി. എം. സി. പ്രോവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു. തുടർന്ന് പ്രോ-ലൈഫിന്റെ ആഭിമുഖ്യത്തിൽ നടന്ന ധർണ്ണയിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് അപ്പസ്തോലിക് വിസിറ്റേഷന്റെ ഭാഗമായി ഹൈദരാബാദിലേയ്ക്ക് പോയി.
17. അഭിവന്ദ്യ താഴത്ത് പിതാവ് പെരുവല്ലൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ഡിവൈൻ ധ്യാനകേന്ദ്രത്തിൽ യുവജന ധ്യാനം ഉദ്ഘാടനം ചെയ്തു.
18. അഭിവന്ദ്യ താഴത്ത് പിതാവ് പട്ടിക്കാട്-പുത്തൂർ ഫൊറോനകളിൽ അസംബ്ലി യോഗത്തിൽ പങ്കെടുത്തു.
19. അഭിവന്ദ്യ താഴത്ത് പിതാവ് പ്രവാസി സംഗമത്തിൽ പങ്കെടുത്തു. തുടർന്ന് ജൂബിലി മിഷൻ ആശുപത്രിയിൽ ഡോക്ടർമാരുമായി കൂടിക്കാഴ്ച നടത്തി. അതിനുശേഷം കൊട്ടേക്കാട്-പറപ്പൂർ ഫൊറോനകളിലെ അസംബ്ലി യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ അതിരൂപത നടത്തിയ പ്രവാസി സംഗമത്തിൽ പങ്കെടുത്തു സംസാരിച്ചു. തുടർന്ന് ഇരിഞ്ഞാലക്കുട രൂപത ചായ്പൻ കുഴി ഇടവകയിൽ വി. ബലി അർപ്പിച്ചു.

20 അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് - കണ്ടശ്ശാംകടവ് ഫൊറോന അസംബ്ലി മീറ്റിംഗുകളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകീട്ട് കാരിത്താസ് മീറ്റിംഗിനായി ബാംഗ്ലൂർക്ക് പോയി.

21. അഭിവന്ദ്യ താഴത്ത് പിതാവ് ഏങ്ങണ്ടിയൂർ എം. ഐ. ആശുപത്രി കെട്ടിടത്തിന്റെ ഉദ്ഘാടന കർമ്മത്തിൽ പങ്കെടുത്തു. വൈകിട്ട് ലളിതകല അക്കാദമിയിൽ നടന്ന ചരിത്ര പ്രദർശനത്തിൽ പങ്കെടുത്തു. തുടർന്ന് പുതുക്കാട് - ഒല്ലൂർ ഫൊറോനകളിലെ അസംബ്ലി മീറ്റിംഗിൽ പങ്കെടുത്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് മുളയം എസ്. ഡി. വി. സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് പഴുവിൽ ഫൊറോനയുടെ അസംബ്ലി മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽപിതാവ് ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിന്റെ പി.ടി.എ മീറ്റിംഗിൽ പങ്കെടുത്തു. വൈകീട്ട് സെന്റ് ആൻസ് പള്ളിയിൽ കൊടികയറ്റം നടത്തി വിശുദ്ധ ബലി അർപ്പിച്ചു.

23. അഭിവന്ദ്യ താഴത്ത് പിതാവ് കൊട്ടേക്കാട് ഇടവകയിൽ വി. ബലിയർപ്പിച്ചു. തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നടന്ന ക്രിസ്റ്റ്യൻ ചെയറിന്റെ മീറ്റിംഗിൽ സംബന്ധിച്ചു.

24. അഭിവന്ദ്യ താഴത്ത് പിതാവ് നന്ദിപുലം മറ്റപ്പിള്ളി ഇടവകയിൽ ഇടയസന്ദർശനം നടത്തി. ഉച്ചക്ക് പറവട്ടാനി ഇടവകയിൽ വച്ചു നടന്ന അതിരൂപത യുവജനസമ്മേളനത്തിൽ പങ്കെടുത്തു. വൈകിട്ട് തൃശ്ശൂർ സെന്റ് ആൻസ് ഇടവകയിലെ ബൈബിൾ കൺവെൻഷനിൽ ഉദ്ഘാടനസന്ദേശം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് കോഴിക്കോട് വൈദികരുടെ വാർഷികധ്യാനത്തിനായി പോയി.

25. അഭിവന്ദ്യ താഴത്ത് പിതാവ് ഭരണങ്ങാനം പള്ളിയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്ക് കോട്ടയം കത്തീഡ്രലിൽ വയലുങ്കൽ പിതാവിന്റെ മെത്രാഭിഷേകകർമ്മങ്ങളിൽ പങ്കെടുത്തു.

26. അഭിവന്ദ്യ താഴത്ത് പിതാവ് പാലയൂർ - മറ്റം ഫൊറോനകളിൽ അസംബ്ലി മീറ്റിംഗിൽ പങ്കെടുത്തു.

27. അഭിവന്ദ്യ താഴത്ത് പിതാവ് ആലുവ സെമിനാരി സന്ദർശിച്ചു.

28. അഭിവന്ദ്യ താഴത്ത് പിതാവ് ഒളരി ഹോളിഫാമിലി മഠത്തിലെ ബഹു. സിസ്റ്ററിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു.

29. അഭിവന്ദ്യ താഴത്ത് പിതാവ് വേലൂർ ഫൊറോനയുടെ അസംബ്ലി മീറ്റിംഗിൽ പങ്കെടുത്തു.

30 അഭിവന്ദ്യ താഴത്ത് പിതാവ് മരത്താക്കര ഇടവകയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽപിതാവ് ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ പുതിയ അക്കാദമി വർഷ ഉദ്ഘാടനപരിപാടിയിൽ പങ്കെടുത്തു വൈകീട്ട് ബാംഗ്ലൂർക്ക് പോയി.

31. അഭിവന്ദ്യ താഴത്ത് പിതാവ് അവിണിശ്ശേരി മേഖലയിൽ ഇടയസന്ദർശനം നടത്തി. ഉച്ചക്ക് അതിരൂപതാ സി. എൽ. സി. ദിനാഘോഷങ്ങളിൽ പങ്കെടുത്തു.

# സാമ്പത്തിക കാര്യാലയം

**ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ**

ഇടവകകളുടെ തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയത്ത് വരാതിരുന്ന ഇടവകകൾ എത്രയും വേഗം തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു.

**സ്ഥാപനങ്ങളുടെ തെരട്ട് സമർപ്പിക്കൽ** :

സെപ്തംബർ 7-ാം തിയതി മുതലാണ് സ്ഥാപനങ്ങൾ/സംഘടനകൾ/പ്രസ്ഥാനങ്ങൾ തെരട്ട് കൊണ്ടുവരേണ്ടത്. തെരട്ട് കൊണ്ടുവരേണ്ട തിയതികൾ ആഗസ്റ്റ് മാസത്തെ ബുള്ളറ്റിനിൽ പേജ് 33ൽ കൊടുത്തിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളും കൃത്യസമയത്ത് വരുമല്ലോ.

**വരവ് – ചെലവ് കണക്കുകൾ ജൂലായ് 31 ,2016**

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|---|
| 1. | അമ്മാടം | - | 55555 | - |
| 2. | അരണാട്ടുകര | 43285 | - | 110245 |
| 3. | അരിമ്പൂർ | 10000 | - | 44555 |
| 4. | അത്താണി | - | 8200 | - |
| 5. | ആറ്റത്തറ | 7243 | 2500 | 7490 |
| 6. | അയ്യന്തോൾ | 23541 | 61365 | |
| 7. | ചെവ്വൂർ | - | 49900 | |
| 8. | ചിയ്യാരം സേവനാലയം | 6956 | 5905 | 13800 |
| 9. | ചൂലിശ്ശേരി | 2395 | 4384 | 3830 |
| 10. | ചൊവ്വന്നൂർ | 5290 | 16901 | - |
| 11. | ഏനാമാക്കൽ | 10830 | 14575 | 19500 |
| 12. | ഏങ്ങണ്ടിയൂർ | 1635 | 7350 | - |
| 13. | എറവ് | 20185 | 32898 | 41746 |
| 14. | ഇയ്യാൽ | 7222 | - | 3240 |
| 15. | കടങ്ങോട് | 2314 | 3605 | 6510 |
| 16. | കണ്ടശ്ശാംകടവ് | - | - | 101350 |
| 17. | കോലഴി | 4500 | 15018 | 24014 |
| 18. | കോളങ്ങാട്ടുകര | 11095 | - | 4460 |

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|---|
| 19. | കുണ്ടുകാട് | 7120 | 21321 | 4770 |
| 20. | കുരിയച്ചിറ | - | - | 314548 |
| 21. | മനക്കൊടി | 1240 | 2840 | |
| 22. | മണലാടി | 8803 | 4375 | 2750 |
| 23. | മണലൂർ ഈസ്റ്റ് | 30021 | 15769 | |
| 24 | മണലൂർ വെസ്റ്റ് | 12255 | 39496 | |
| 25. | മങ്ങാട് | 7672 | 33605 | 4913 |
| 26. | മണ്ണുത്തി | 33058 | 57082 | |
| 27. | മരത്തംകോട് | 5455 | 9830 | 14165 |
| 28. | മരിയാപുരം | 54369 | 94350 | |
| 29. | മായന്നൂർ | 5050 | 4265 | |
| 30 | മുക്കാട്ടുകര | 31092 | 24408 | 47870 |
| 31. | മുല്ലക്കര | 5603 | 13832 | |
| 32. | മുല്ലശ്ശേരി | 18690 | 28310 | 19285 |
| 33. | നെടുപുഴ | 7574 | - | - |
| 34. | നെഹ്റു നഗർ | 11010 | 46180 | |
| 35 | പഞ്ഞാരപ്പിള്ളി | 2685 | 4000 | |
| 36 | പഴയന്നൂർ | 8764 | 10586 | 5172 |
| 37. | പേരാമംഗലം | 8236 | | |
| 38. | പൊങ്ങണംകാട് | 28135 | 69285 | 55856 |
| 39. | പൂങ്കുന്നം | 8336 | 14370 | |
| 40. | പുതുക്കാട് നോർത്ത് | 7957 | 15000 | 7760 |
| 41. | പുതുരുത്തി | 5239 | 14973 | |
| 42. | തിരുവില്വാമല | 3199 | 15588 | 3140 |
| 43. | തൊയക്കാവ് | 10535 | 41676 | 23640 |
| 44. | ലൂർദ്ദ് കത്തീഡ്രൽ | - | 122063 | |
| 45. | വരടിയം | 14715 | 12500 | 10587 |
| 46 | വെള്ളറക്കാട് | 15662 | 42145 | 12335 |
| 47 | വെളുത്തൂർ | 10288 | | |
| 48. | വില്ലടം | 15772 | | |
| 49. | വിയ്യൂർ | 5790 | 56350 | 25000 |
| | | | | |

| നമ്പർ | പേര് | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് | സീറോ മലബാർ ദിനം |
|---|---|---|---|---|---|
| 1. | അരണാട്ടുകര | 12928 | 18172 | 66080 | |
| 2. | അരിമ്പൂർ | 13800 | 17193 | 62520 | |
| 3. | ആറ്റത്തറ | 1592 | 2134 | 2328 | |
| 4. | അവണൂർ | 844 | 902 | 656 | |
| 5. | അയ്യന്തോൾ | 4578 | 6028 | 16440 | |
| 6. | ചേർപ്പ് | 7000 | | | |
| 7. | ചിറക്കൽ | 4000 | | | |
| 8. | ചിയ്യാരംസേവനാലയം | 640 | 3520 | 3840 | |
| 9. | ചൂലിശ്ശേരി | 592 | 858 | 624 | |
| 10. | ചൊവ്വന്നൂർ | 2420 | 3080 | 3360 | |
| 11 | എൽത്തുരുത്ത് | 4000 | 5588 | 6096 | |
| 12 | ഏനാമാക്കൽ | 6400 | 6380 | 8700 | |
| 13. | ഏങ്ങണ്ടിയൂർ | 2980 | 3454 | 3720 | |
| 14. | എറവ് | 8904 | 10802 | 14730 | |
| 15. | ഇയ്യാൽ | 766 | 1210 | 990 | |
| 16. | കടങ്ങോട് | 800 | 869 | 711 | |
| 17. | കണ്ടശ്ശാംകടവ് | 4400 | 8184 | 29760 | |
| 18. | കണ്ണംകുളങ്ങര | 1524 | 1573 | 1716 | |
| 19. | കാരമുക്ക് | - | 3580 | 4200 | |
| 20. | കാരമുക്ക് നോർത്ത് | 1650 | 2266 | 1854 | |
| 21. | കാരമുക്ക് സെ. ജോസഫ് | 800 | 1276 | 928 | |
| 22. | കോളങ്ങാട്ടുകര | 2668 | 2717 | 2223 | |
| 23. | കൊട്ടേക്കാട് | 8920 | 11990 | 43600 | |
| 24. | കുണ്ടുകാട് | 2160 | 2871 | 3132 | |
| 25. | കുരിയച്ചിറ | 16904 | 18161 | 66040 | |
| 26. | കുറ്റൂർ | 7900 | 8448 | 11520 | |
| 27. | മഡോണ നഗർ | 4260 | 5885 | 6420 | |

| നമ്പർ | പേര് | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് | സീറോ മലബാർ ദിനം |
|---|---|---|---|---|---|
| 28. | മനക്കോടി | 2138 | 2618 | 2142 | |
| 29. | മണലാടി | 1000 | 1166 | 848 | |
| 30. | മണലൂർ ഈസ്റ്റ് | 9800 | 6864 | 12480 | |
| 31. | മണലൂർ വെസ്റ്റ് | 3040 | 3465 | 3780 | |
| 32. | മങ്ങാട് | 3040 | 4381 | 5865 | 5740 |
| 33. | മണ്ണുത്തി | 6820 | 8756 | 19900 | |
| 34. | മരത്തംകോട് | 770 | 979 | 712 | |
| 35. | മരിയാപുരം | 9630 | 10065 | 22875 | |
| 36. | മായന്നൂർ | 1088 | 1386 | 1008 | |
| 37. | മുക്കാട്ടുകര | 10340 | 12210 | 44400 | |
| 38. | മുല്ലക്കര | 2760 | 4092 | 4464 | |
| 39. | മുല്ലശ്ശേരി | 5560 | 5360 | 12200 | |
| 40. | മുണ്ടൂർ | 10840 | 14520 | 52800 | |
| 41 | നന്തിപുലം | 5000 | | | |
| 42. | നെടുപുഴ | 4368 | 4807 | 3933 | |
| 43. | നെഹ്റുനഗർ | 3200 | 4477 | 4884 | |
| 44. | നെല്ലങ്കര | 2720 | 3663 | 3996 | |
| 45. | നെല്ലിക്കുന്ന് | 11006 | 14410 | 32750 | |
| 46. | ഒളരിക്കര | 11760 | 16170 | 36750 | |
| 47. | പങ്ങാരപ്പിള്ളി | 1622 | 1991 | 1629 | |
| 48. | പഴയന്നൂർ | 2500 | 2530 | 2070 | |
| 49. | പേരാമംഗലം | 6690 | 8580 | 31200 | |
| 50. | പൊങ്ങണംകാട് | 7200 | 8206 | 8952 | |
| 51. | പൂങ്കുന്നം | 3160 | 3993 | 4356 | |
| 52. | പുതുക്കാട് നോർത്ത് | 2230 | 2640 | 2880 | |
| 53. | പുതുരുത്തി | 3412 | 4257 | 4644 | |
| 54. | തിരുവില്വാമല | 1330 | 1705 | 1240 | |

| നമ്പർ | പേര് | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് | സീറോ മലബാർ ദിനം |
|---|---|---|---|---|---|
| 55. | തൊയക്കാവ് | 2300 | 3223 | 3516 | |
| 56. | ലൂർദ്ദ് കത്തീഡ്രൽ | 19788 | 19943 | 90650 | |
| 57. | ബസിലിക്ക, തൃശ്ശൂർ | 5896 | 5709 | 25950 | |
| 58. | വടൂക്കര | 4114 | 5027 | 5484 | |
| 59. | വരടിയം | 4836 | 5324 | 5808 | |
| 60. | വെള്ളറക്കാട് | 1330 | 1848 | 2520 | |
| 61. | വെളുത്തൂർ | 1624 | 2233 | 1827 | |
| 62. | വിജയപുരം | 6990 | 8404 | 30560 | |
| 63. | വില്ലടം | 3800 | 4290 | 3510 | |
| 64. | വിയ്യൂർ | 4070 | 5368 | 9760 | |
| 65. | അസ്സീസി മഠം, തൃശ്ശൂർ | | | 500 | |

**4. അതിരൂപത സഹായ ഫണ്ട്**

1. വിവാഹം 69000
2. ചികിത്സ 50500
3. ഭവന നിർമ്മാണം 1500

## 5. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്

1. ഭവന നിർമ്മാണം - 20000
2. ചികിത്സ - 30000

## 6. സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ

1. തണ്ടിലം - 1,00,000

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോയ് ചിറ്റിലപ്പിള്ളി സീനിയർ | 02 |
| ഫാ. ആന്റോ എടക്കുളത്തൂർ | 02 |
| ഫാ. ആന്റണി തോട്ടാൻ | 05 |
| ഫാ. ജെറിൻ അരിമ്പൂർ | 06 |
| ഫാ. ക്ലമന്റ് വാഴപറമ്പിൽ | 06 |
| ഫാ. ജിയോ തരകൻ | 07 |
| ഫാ. ആന്റണി കണ്ണമ്പുഴ | 08 |
| ഫാ. രാജു കൊക്കൻ | 08 |
| ഫാ. ഡെമിൻ തറയിൽ | 08 |
| ഫാ. പോളി നീലങ്കാവിൽ | 08 |
| ഫാ. ടെറിൻ മുള്ളക്കര | 08 |
| ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ | 10 |
| ഫാ. ഡേവിസ് ചിറമ്മൽ സീനയർ | 10 |
| ഫാ. ഫ്രാൻസിസ് എടക്കളത്തൂർ | 10 |
| ഫാ. ഏബിൾ ദേവസ്സി ചിറമ്മൽ | 13 |
| ഫാ. ബിജോ ജോസ് ചാലിശ്ശേരി | 15 |
| ഫാ. ജോൺ പോൾ തൈക്കാടൻ | 18 |
| ഫാ. ജിയോ കടവി | 20 |
| ഫാ. ആന്റണി ആലുക്ക | 21 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 22 |
| ഫാ. ആന്റോസ് എലുവത്തിങ്കൽ | 22 |
| ഫാ. വർഗ്ഗീസ് എടക്കളത്തൂർ | 27 |
| ഫാ. ഫ്രാങ്കോ പുത്തിരി | 27 |
| ഫാ. റാഫേൽ വടക്കൻ | 29 |
| ഫാ. സൈജൻ വാഴപ്പിള്ളി | 30 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 21 |
| ഫാ. മാത്യു ചാക്കേരി | 21 |
| ഫാ. മാത്യു വെട്ടത്ത് | 21 |
| ഫാ. മാത്യു പേരാമംഗലത്ത് | 21 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 21 |
| ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ | 21 |
| ഫാ. സുനിൽ ചിരിയങ്കണ്ടത്ത് | 21 |
| ഫാ. നൈസൻ ഏലന്താനത്ത് | 21 |
| ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ | 27 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 27 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 27 |
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 27 |
| ഫാ. ലിന്റോ തട്ടിൽ | 29 |
| ഫാ. സിജോ മുരിങ്ങാത്തേരി | 29 |
| ഫാ. റാഫി തട്ടിൽ | 29 |
| ഫാ. റാഫേൽ മുത്തുപീടിക | 29 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 29 |
| ഫാ. ഫ്രജോ വാഴപ്പിള്ളി | 29 |
| ഫാ. റാഫേൽ താണിശ്ശേരി | 29 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 29 |
| ഫാ. സോളി തട്ടിൽ | 29 |
| ഫാ. റാഫേൽ വടക്കൻ | 29 |
| ഫാ. റാഫേൽ ചിറ്റിലപ്പിള്ളി | 29 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 29 |
| ഫാ. ചെറിയാൻ പാറക്കൽ | 29 |
| ഫാ. ജോയ് മൂക്കൻ | 29 |
| ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 29 |

**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജോൺ മാളിയേക്കൽ വെള്ളാനിക്കാരൻ | 18-09-1915 |
| ഫാ. ദേവസ്സി ചിറമ്മൽ | 00-09-1938 |
| ഫാ. ജേക്കബ് അറയ്ക്കൽ സീനിയർ | 14-09-1946 |
| ഫാ. പോൾ വാഴപ്പിള്ളി | 17-09-1952 |
| ഫാ. സെബാസ്റ്റ്യൻ ബ്രഹ്മകുളം | 03-09-1960 |
| ഫാ. ആന്റണി കൊടിയൻ | 04-09-1960 |
| ഫാ. തോമസ് അടമ്പുകുളം | 14-09-1962 |
| ഫാ. ആന്റണി മാളിയേക്കൽ | 28-09-1968 |
| ഫാ. ജോസഫ് മഞ്ഞളി | 01-09-1969 |
| ഫാ. ജോൺ ചിറയത്ത് | 19-09-1970 |
| ഫാ. അബ്രഹാം മാമ്പിള്ളി | 02-09-1972 |
| ഫാ. ജോൺ പ്ലാശ്ശേരി | 11-09-1973 |
| ഫാ. ജേക്കബ് ചെമ്മണ്ണൂർ | 20-09-1977 |
| ഫാ. ജോൺ മാളിയേക്കൽ | 30-09-1978 |
| ഫാ. ജോൺ ചിറമ്മൽ | 06-09-1990 |
| ഫാ. ജോർജ്ജ് കൂനൻ | 09-09-1996 |
| ഫാ. അഗസ്റ്റിൻ തട്ടിൽ | 25-09-1996 |
| മോൺ. ആന്റണി മാളിയേക്കൽ | 03-09-2001 |
| ഫാ. ആന്റണി തോട്ടാൻ സീനിയർ | 29-09-2001 |
| ഫാ. ജോസഫ് മാളിയേക്കൽ | 11-09-2009 |
| ഫാ. ജേക്കബ് ഐനിക്കൽ | 19-09-2010 |
| ഫാ. അഗസ്റ്റിൻ അക്കര | 15-09-2012 |

അതിരൂപതയുടെ സ്മരണാഞ്ജലി

# പാസ്റ്ററൽ കൗൺസിൽ

## പതിനാറാം പാസ്റ്ററൽ കൗൺസിലിന്റെ പത്താം യോഗറിപ്പോർട്ട്

തൃശ്ശൂർ അതിരൂപതയുടെ 16-ാം പാസ്റ്ററൽ കൗൺസിലിന്റെ പത്താം യോഗം 2016 ജൂൺ 16ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിന്റെ ഓഡിറ്റോറിയത്തിൽ കൂടി. രാവിലെ 10 മണിക്ക് ബഹു. സി. സെബി റോസ് സി. എസ്. എം. നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പെ. ബഹു. മോൺ. തോമസ് കാക്കശ്ശേരി യോഗാംഗങ്ങളെ സ്വാഗതം ചെയ്തു. യോഗത്തിൽ ചർച്ച ചെയ്യുന്ന 'ജീവന്റെ ആധാരമായ ജലം എങ്ങനെ സംരക്ഷിക്കാം' എന്ന വിഷയം സഗൗരവത്തോടെ കൈകാര്യം ചെയ്യണമെന്ന് ബഹു. അച്ചൻ ഓർമ്മിപ്പിച്ചു. അതിരൂപതാദിനം പ്രൗഢഗംഭീരമായി ആഘോഷിച്ചതിന്റെ പിന്നണിയിൽ പ്രവർത്തിച്ച പെ. ബഹു. ജോർജ്ജ് എടക്കുളത്തൂർ അച്ചനോടും ബസിലിക്ക ഫൊറോന അംഗങ്ങളോടും അതിരൂപതയ്ക്കുള്ള നന്ദി ബഹു. അച്ചൻ രേഖപ്പെടുത്തി. അതിരൂപതാദിനത്തോടനുബന്ധിച്ച് നൽകപ്പെട്ട അതിരൂപതാ പുരസ്കാരത്തിന് അർഹയായ പാസ്റ്ററൽ കൗൺസിൽ അംഗം സി. റോസ് അനിത എഫ്. സി. സി. യെ ബഹു. അച്ചൻ പ്രത്യേകം അനുമോദിച്ചു. നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കത്തോലിക്കാ കോൺഗ്രസ്സ് ശ്ലാഘനീയമായ രീതിയിൽ പ്രവർത്തിച്ചത് ബഹു. അച്ചൻ അനുസ്മരിച്ചു. പാസ്റ്ററൽ കൗൺസിൽ അംഗമായ ശ്രീ. അനിൽ അക്കരയ്ക്ക് നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടതിൽ യോഗത്തിനുള്ള അഭിമാനവും സന്തോഷവും ബഹു. അച്ചൻ പങ്കുവച്ചു. ജനറൽ സെക്രട്ടറി ബഹു. മാത്യു കുറ്റിക്കോട്ടയിലച്ചൻ യോഗനടപടിക്രമങ്ങൾ വിശദീകരിച്ചു. ജോയിന്റെ സെക്രട്ടറി ഒമ്പതാം യോഗറിപ്പോർട്ട് അവതരിപ്പിച്ചു.

'മഴപ്പൊലിമ' പ്രോജക്ട് ഡയറക്ടറും അരണാട്ടുകര ഇടവകാംഗവുമായ ഡോ. ജോസ് റാഫേൽ ജലസംരക്ഷണവും മഴവെള്ള സംഭരണവും എന്ന വിഷയം അവതരിപ്പിച്ചു. സ്ഥിതിവിവര കണക്കുകളെ അടിസ്ഥാനപ്പെടുത്തിയുള്ള അദ്ദേഹത്തിന്റെ അവതരണം പരിശുദ്ധപിതാവിന്റെ ആഹ്വാനം പ്രാവർത്തികമാക്കാനും ജലസംരക്ഷണത്തിന്

ഇടവകകളിൽ നേതൃത്വം നൽകാനും അംഗങ്ങളെ പ്രചോദിപ്പിക്കുന്നതായിരുന്നു. തുടർന്ന് നടന്ന ചർച്ച നയിച്ചത് ബഹു. സി. റോസ് അനിത എഫ്. സി. സി. ആയിരുന്നു. 'ഒരു നക്ഷത്രത്തെ കാണുമ്പോൾ ഇരുണ്ടരാവ് മറക്കുന്ന' മലയാളികളുടെ ശീലങ്ങൾ ഒരുപാട് മാറേണ്ടിയിരിക്കുന്നു എന്ന് സിസ്റ്റർ ഓർമ്മപ്പെടുത്തി. ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും ജലവും പ്രകൃതിയും സംരക്ഷിക്കപ്പെടുന്നതിന് പുത്തൻമാർഗ്ഗങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തു.

പൊതുചർച്ചയുടെ സമയത്ത് ബഹു. ടോം ഉഴുന്നാലിലച്ചന്റെ തിരോധാനത്തിലും വിവിധ ദൈവാലയങ്ങൾക്ക് നേരെ നടക്കുന്ന ആക്രമണത്തിലും അംഗങ്ങൾ ആശങ്ക പ്രകടിപ്പിച്ചു. ദയാവധത്തിന് അനുകൂലമായ നിയമനിർമ്മാണത്തിനെതിരെ ശക്തമായി പ്രതികരിക്കണമെന്ന അഭിപ്രായവും ഉയർന്നു. ഇടവകകളിൽ ഉയർന്നുവരേണ്ട സാമൂഹ്യനേതൃത്വത്തിന്റെ എണ്ണത്തിലും മേന്മയിലുമുള്ള ശോഷണം ചൂണ്ടിക്കാണിക്കപ്പെട്ടു. അടച്ചുപൂട്ടാൻ സാധ്യതയുള്ള സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്ന നിയമം വന്നാൽ നമ്മുടെ പല സ്കൂളുകളുടെയും സ്ഥലമുൾപ്പെടെ നഷ്ടമാകുന്ന അവസ്ഥയുണ്ടാകും. ഇക്കാര്യത്തെ കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടതുണ്ട് എന്ന്ചില അംഗങ്ങൾ അഭിപ്രായപ്പെട്ടു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ബഹു. ഫ്രാൻസിസ് പള്ളിക്കുന്നത്തച്ചൻ മെഡിക്കൽ കോളേജിലെ വിവിധ കോഴ്സുകൾ, അവയ്ക്ക് പ്രവേശനം ലഭിക്കുവാൻ വേണ്ട അടിസ്ഥാന യോഗ്യതകൾ, ഫീസ് ഘടന എന്നിവയെ കുറിച്ച് വിശദീകരിച്ചു.

അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് അധ്യക്ഷപ്രസംഗത്തിൽ മഴവെള്ളസംഭരണം പ്രാവർത്തികമാക്കാൻ നമുക്ക് പ്രതിജ്ഞയെടുക്കാം എന്ന് ആഹ്വാനം ചെയ്തു. സാമൂഹ്യ-സാമുദായിക നേതൃനിരയെ കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ട സമയമായി എന്ന് അഭിവന്ദ്യപിതാവും അഭിപ്രായപ്പെട്ടു. PAROC-ന്റെ നേതൃത്വത്തിൽ നടക്കുന്ന സർവ്വേയുടെ ഫലങ്ങൾ ആശങ്ക ഉളവാക്കുന്നു. ചെറുപ്പക്കാർ കുറയുകയും പ്രായമുള്ളവർ കൂടി വരുന്നതുമായ ഒരു തലമുറ, സർക്കാർ ഉദ്യോഗത്തിൽ ഇടം കാണാത്ത സമുദായാംഗങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങളിലെ മെറിറ്റ് ലിസ്റ്റിൽ കയറുന്ന സമുദായാംഗങ്ങളുടെ എണ്ണത്തിലെ ഗണ്യമായ കുറവ്, രാഷ്ട്രീയ-സാംസ്കാരിക മേഖലയിലെ നേതൃത്വത്തിന്റെ കുറവ് തുടങ്ങിയ പ്രശ്നങ്ങൾ അവലോകനം ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും വേണമെന്ന് അഭിവന്ദ്യ

പിതാവ് പറഞ്ഞു. പുതിയ നിയമഭേദഗതികൾ അനാഥാലയങ്ങൾ, സ്കൂളുകൾ എന്നിവയുടെ നടത്തിപ്പിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ മേഖലയിൽ ജാഗ്രതയോടെ വർത്തിക്കുകയാണ് ഇപ്പോഴുള്ള പോംവഴി. ബഹു. ടോം ഉഴുന്നാലിലച്ചന് വേണ്ട പ്രാർത്ഥനാസഹായം നൽകണമെന്ന് അഭിവന്ദ്യപിതാവ് ആഹ്വാനം ചെയ്തു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർ പീഡിപ്പിക്കപ്പെടുകയാണ്. അവർക്കുവേണ്ടിയും പ്രാർത്ഥിക്കുവാനും അഭിവന്ദ്യപിതാവ് ആവശ്യപ്പെട്ടു.

പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ ഡയാലിസിസ് ഫണ്ടിലേക്ക് നൽകിയ സംഭാവനയായ 58,050/- രൂപ അഭിവന്ദ്യപിതാവ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തിന് കൈമാറി.

അഭിവന്ദ്യ തട്ടിൽ പിതാവ് അറിയിപ്പുകൾ നൽകി. ആഗസ്റ്റ് 25 മുതൽ 28 വരെ ഇരിങ്ങാലക്കുടയിൽ നടക്കുന്ന സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിൽ പങ്കെടുക്കുവാൻ അതിരൂപതയിൽ നിന്ന് നിയുക്തരായവരുടെ പേരുകളും കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയിൽ അതിരൂപതയിൽ നിന്നുള്ള അംഗങ്ങളുടെ പേരുകളും അഭിവന്ദ്യപിതാവ് യോഗത്തെ അറിയിച്ചു. അതിരൂപത കാര്യാലയത്തിൽ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സ്റ്റാമ്പ് ഫീസ് 50 രൂപയാക്കുന്നു. ദയാവധത്തിനെതിരെയുള്ള വ്യക്തിഗത അഭിപ്രായം ഇ-മെയിൽ വഴി അറിയിക്കണം. 'സ്നേഹത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ വെളിച്ചത്തിൽ ഫാമിലി അപ്പസ്തോലേറ്റ് മൂന്ന് പരിപാടികളാണ് അതിരൂപതയിൽ വിഭാവനം ചെയ്തിട്ടുള്ളത്. 1. നവദമ്പതികൾക്കായി ജൂലൈ 3ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ ഏകദിനപരിപാടി 2. വിവാഹം കഴിഞ്ഞ് 7 മുതൽ 10 വർഷം വരെയുള്ളവരുടെ ഫൊറോനതല ഒത്തുചേരൽ 3. 30 വയസ്സു കഴിഞ്ഞിട്ടും വിവാഹതടസ്സം നേരിടുന്നവർക്ക് ജീവിതപങ്കാളിയെ കണ്ടെത്താനുള്ള വേദി ഒരുക്കുന്നു. അതിരൂപതാ അസംബ്ലിയുടെ ഒരുക്കങ്ങളെ കുറിച്ച് അഭിവന്ദ്യപിതാവ് അറിയിച്ചു. ഇടവക, ഫൊറോന അസംബ്ലികൾ നടന്നതിനു ശേഷമേ അതിരൂപതാ അസംബ്ലിയുടെ തീയതി നിശ്ചയിക്കാനാകൂ. അസംബ്ലിയുടെ വിഷയങ്ങൾ ഇടവകതലത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതിനാണ് ഈ പുതുമയാർന്ന ത്രിതല സംവിധാനം വിഭാവനം ചെയ്തിട്ടുള്ളത്. തുടങ്ങിയ കാര്യങ്ങൾ അഭിവന്ദ്യപിതാവ് യോഗത്തെ അറിയിച്ചു. അപ്പസ്തോലിക് വിസിറ്റേറ്റർ എന്ന നിലയിലുള്ള തന്റെ

പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായസഹകരണങ്ങളും അഭിവന്ദ്യ തട്ടിൽ പിതാവ് അഭ്യർത്ഥിച്ചു.

പാസ്റ്ററൽ കൗൺസിൽ അംഗമായ ശ്രീ. അനിൽ അക്കര എം. എൽ. എ. യ്ക്ക് സെക്രട്ടറി അഡ്വ. ബിജു കുണ്ടുകുളം അനുമോദനങ്ങൾ നേർന്നു. യുവജനങ്ങളിൽ വർഗ്ഗീയ സംഘടനകളോടുള്ള പ്രതിപത്തി വളർന്നുവരുന്നുവെന്നും സർക്കാർ സർവ്വീസുകളിൽ താക്കോൽ സ്ഥാനങ്ങളിൽ അർപ്പണബോധമുള്ളവരുടെ അഭാവം വരുംകാലത്ത് വലിയ പ്രതിസന്ധി സൃഷ്ടിക്കുമെന്നും അദ്ദേഹം തന്റെ മറുപടി പ്രസംഗത്തിൽ പറഞ്ഞു. ഈ മേഖലകളിൽ ബോധപൂർവ്വമായ ഇടപെടൽ ആവശ്യമുണ്ട്. ഏറെ സ്നേഹിക്കുന്ന അഭിവന്ദ്യപിതാക്കന്മാരുടെ സാന്നിധ്യത്തിൽ തനിക്ക് നൽകിയ അനുമോദനത്തിന് ശ്രീ. അനിൽ അക്കര പ്രത്യേകം നന്ദി പറഞ്ഞു. സമാപനപ്രാർത്ഥനയോടെ യോഗം 1:30ന് അവസാനിച്ചു.





അഡ്വ. ബിജു കുണ്ടുകുളം
സെക്രട്ടറി

ഫാ. മാത്യു കുറ്റിക്കോട്ടയിൽ
ചാൻസലർ & ജനറൽ സെക്രട്ടറി

**Rotation order of Parishes for**
**17th Pastoral Council Election**
**Archdiocese of Trichur**

## Male (21 വയസ്സ് പൂർത്തിയായ പുരുഷന്മാർ മാത്രം)

**CHELAKARA FORANE :** Chelakkara, Killimangalam, Mulloorkara, Pazhayannur

**ERUMAPPETTY FORANE :** Chowannur, Kadangode, Parempadam, Puthuruthy

**KANDASSANKADAVU FORANE :** Enammavu, Kandassankadavu, Manakody, Mullassery, Vadanappilly

**KOTTEKAD FORANE :** Choolissery, Kuttur, Varadium

**MATTOM FORANE :**Aloor, Choondal, Koonammoochi, Pudussery

**OLLUR FORANE :** Angel Nagar, Konikara, Padavarad, Perinchery, Thaikkattussery, Venginissery

**PALAYUR FORANE :** Attupuram, Guruvayur, Orumanyur, Perakom

**PARAPPUR FORANE :**Adat, Chittilappilly, Peruvallur

**PATTIKAD FORANE :** Cherumkuzy, Kannara, Mulayam, Vaniampara

**PAZHUVIL FORANE :**Anthikkad, Chevoor, Peringottukara, Puthenpeedika

**PUDUKAD FORANE :** Chengalur, Kallur West, Nandipulam North, Pudukkad, Varakkara South, Vellanikode

**PUTHUR FORANE :** Bharatha, Mannamangalam, Puthur, Vettukad

**TRICHUR BASILICA FORANE :** Chettupuzha, Kannamkulangara, Nehrunagar, Panamuck, Thrissur St. Anne’s

**TRICHUR LOURDE'S FORANE :** Madakkathara, Mariapuram, Nadathara, Ollukkara, Pullamkandom, Vijayapuram

**VELUR FORANE :** Chiranellur, Kurumal, Parannur, Thandilam, Thayyur

**WADAKKANCHERY FORANE :** Athani, Kolazhy, Machad, Thiroor, Wadakkanchery

## Female (21 വയസ്സ് പൂർത്തിയായ സ്ത്രീകൾ മാത്രം)

**CHELAKARA FORANE :** Cheruthuruthy, Manalady, Pangarappilly, Thiruvillwamala

**ERUMAPPETTY FORANE :** Erumapetty, Mangad, Pathiyaram, Vellarakad

**KANDASSANKADAVU FORANE :** Engandiyur, Kanjany, Manalur East, Pudukkad North, Veluthur

**KOTTEKAD FORANE :** Kolengattukara, Mundur, Velapaya

**MATTOM FORANE :**Aloor East, Elavally, Kunnamkulam, Vaka

**OLLUR FORANE :** Chiyyaram Vijayamatha, Marathakara, Palakkal, Pootharackal, Thalore

**PALAYUR FORANE :** Anjoor, Brahmakulam, Kaveed, Palayur, Ponnani

**PARAPPUR FORANE :**Amalanagar, Edakkalathur, Ponnore

**PATTIKAD FORANE :** Chirakkekode, Koottala, Pattikad, Veendassery

**PAZHUVIL FORANE :** Chazhur, Chirackal, Poochinnipadam, Thriprayar

**PUDUKAD FORANE :** Chittissery, Mannampetta, Nenmanikkara, Snehapuram, Varandarappilly East, Velupadam

**PUTHUR FORANE :** Eravimangalam, Marottichal, Thrikkur

**TRICHUR BASILICA FORANE :** Aranattukara, Chiyyaram Sevanalayam, Kuriachira, Nirmalapuram, Pullazhy, Vadookkara

**TRICHUR LOURDE'S FORANE :** Madona Nagar, Mukkattukara, Nellankara, Paravattany, Punkunnam, Villadam

**VELUR FORANE :** Eranellur, Kuttamkulam, Pazhayangadi, Thangalur, Vellattanjoor

**WADAKKANCHERY FORANE :** Chottupara, Kumblangad, Poomala, Thiruthiparambu

## Youth (21 വയസ്സിനും 35 വയസ്സിനും ഇടയിലുള്ള വർ; സ്ത്രീ, പുരുഷ വ്യത്യാസമില്ല)

**CHELAKARA FORANE :** Elanad, Mayannur, Parakkad

**ERUMAPPETTY FORANE :** Attathra, Eyyal, Marathamkode, Pathramangalam

**KANDASSANKADAVU FORANE :** Arimpur, Eravu, Karamuck, Manalur West, Thoyakavu

**KOTTEKAD FORANE :** Avanur, Kottekad, Peramangalam, Viyyur

**MATTOM FORANE :** Chittattukara, Kandanassery, Mattom

**OLLUR FORANE :** Ammadam, Kodannur, Ollur, Pallissery, Pulakkattukara, Vallachira

**PALAYUR FORANE :** Arthat, Chemmannur, Kottapady, Pavaratty, Vylathur

**PARAPPUR FORANE :** Ambakad, Parappur, Puranattukara

**PATTIKAD FORANE :** Chuvannamannu, Manjakunnu, Peechi, Vellakarithadom

**PAZHUVIL FORANE :** Cherpu, Pazhuvil, Porathur, Valappad

**PUDUKAD FORANE :** Kallur East, Nandipulam, Palazhi, Varakkara, Varandarappilly Pallikkunnu, Vendore

**PUTHUR FORANE :** Kozhukully, Ponnukkara, Valakkavu

**TRICHUR BASILICA FORANE :** Ayyanthole, Elthuruth, Nedupuzha, Olarikkara, Thrissur - Basilica

**TRICHUR LOURDE'S FORANE :** Kundukkad, Mannuthy, Mullakkara, Nellikunnu, Ponganamkad, Thrissur - Lourde

**VELUR FORANE :** Arampilly, Kiraloor, Mundathikode, Thalakkottukara, Thangalur North, Velur

**WADAKKANCHERY FORANE :** Karumathra, Kundannur, Sarithapuram, Varavoor

**NB:**

1. 2500 – നുമേൽ കുടുംബങ്ങളുള്ള ഇടവകയിൽ നിന്നും മൂന്ന് പ്രതിനിധികൾ (മൂന്നുപ്രതിനിധികളിൽ ഒരാൾ പുരുഷനും ഒരാൾ സ്ത്രീയും, ഒരാൾ 35 വയസ്സിൽ താഴെയുള്ള യുവജന പ്രതിനിധിയും ധസ്ത്രീ പുരുഷ വ്യത്യാസമില്ലപ ആയിരിക്കണം.)

2. 1500നു മീതെയും 2500 വരെയും കുടുംബങ്ങൾ ഉള്ള ഇടവകയിൽ നിന്നും രണ്ടു പ്രതിനിധികൾ (രണ്ട് പ്രതിനിധികളിൽ ഒരാൾ അതിരൂപതയിൽ നിന്ന് അറിയിക്കുന്ന റൊട്ടേഷൻ ക്രമമനുസരിച്ചായിരിക്കണം).

3. 1500 കുടുംബങ്ങൾ വരെയുള്ള ഇടവകയിൽ നിന്നും ഒരു പ്രതിനിധി. (അതിരൂപതയിൽ നിന്ന് അറിയിക്കുന്ന റൊട്ടേഷൻ ക്രമമനുസരിച്ചായിരിക്കണം)

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

| | |
|---|---|
| 23.06.2016 | സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി.മേഴ്സി പോൾ വസ്സായ് ഈസ്റ്റ് ഹോളിഫാമലി കോൺവെന്റിന്റെ ഹൈസ്ക്കൂൾ ജൂനിയർ കോളേജിന്റെ രജത ജൂബിലി ഉദ്ഘാടനം നിർവ്വഹിച്ച് ആശംസകൾ നേർന്നു. |
| 01.07.2016 | എഫ്. സി. സി. Young Senior Sisters ന്റെ Renewal Programme 2016 ജൂലൈ 1–ാം തീയതി വെള്ളിയാഴ്ച 6.00 pm മുതൽ 3–ാം തീയതി രാവിലെ വരെ അസ്സീസിയിൽ വെച്ച് നടത്തപ്പെട്ടു. |
| 03.07.2016 | സീറോ മലബാർ സഭാദിനത്തോടനുബന്ധിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നട സഭാദിനാഘോഷപരിപാടികളിൽ വിവിധ സന്യാസസമൂഹങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സംബന്ധിച്ചു. |
| സി.എം.സി. | മാർ തോമാ ശ്ലീഹായുടെ തിരുന്നാൾ ദിനം 9 കുട്ടികൾ കാൻന്റിഡസിയിൽ പ്രവേശിച്ചു. കാൻന്റിഡേറ്റ്സ് മിസ്ട്രസ്സായി സി.സുമ ചാർജ്ജെടുത്തു. |
| എഫ്. സി. സി. | ജൂലൈ 3–ാം തീയതി ഞായറാഴ്ച 2. pm മുതൽ 4. pm വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് പ്ലീനറി കൗൺസിൽ മീറ്റിംഗ് പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. റോസ് അനിതയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. |
| 06.07.2016 | എഫ്. സി. സി. 2016 ജൂലൈ 6 ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 4 മണിവരെ ഗുരുവായൂർ എൽ. എഫ്. കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ വിദ്യാഭ്യാസ സെമിനാറിൽ തൃശൂർ അസ്സീസി പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും (Aided & Un aided നേഴ്സറി മുതൽ കോളേജ് ഉൾപ്പെടെ) സ്ഥാപനാധികാരികൾ, Teaching & Non Teaching Staff ( Sisters & Lay Staff ) സംബന്ധിച്ചു. |
| 08.07.2016 | സി.എസ്.എം. പൊന്നൂക്കര കോൺവെന്റിൽ ജൂലൈ മാസത്തിലെ ജാഗരണ പ്രാർത്ഥന നടത്തി. |
| എഫ്. സി. സി. | ജൂനിയർ സിസ്റ്റേഴ്സിന് മാസധ്യാനം ജൂലൈ 8–ാം തീയതി മുതൽ 10–ാം തീയതി വരെ അസ്സീസിയിൽ വെച്ച് നടന്നു. |

| | |
|---|---|
| 09.07.2016 | സി.എം.സി. മേനേജ്മെന്റിന്റെ കീഴിൽ കുരിയച്ചിറ സെന്റ് പോൾസ് ഓഡിറ്റോറിയത്തിൽ ടീച്ചേഴ്സിനുവേണ്ടിയുള്ള Seminar& Merit Day നടത്തി. Fr.Tijo Mullakara ക്ലാസുകൾ നയിച്ചു. കാരുണ്യവർഷത്തിന്റെ ഭാഗമായി ടീച്ചേഴ്സ് സമാഹരിച്ച കാരുണ്യനിധി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജയ്ക്ക് കൈമാറുകയും ഈ തുക ഡയാലിസിസിനു വേണ്ടി St.Joseph's Hospital Administrator Sr.Alphonse Maria യ്ക്ക് നൽകുകയും ചെയ്തു. |
| സി.എം.സി. | സുപ്പീരിയേഴ്സിനും, ഫിനാൻസ് സെക്രട്ടറിമാർക്കും കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് ഏകദിന സെമിനാർ നടത്തി. |
| സി.എസ്.എം. | സി. ആർ. ഐ. യുടെ നേതൃത്വത്തിൽ ജറുസലേമിൽ വച്ച് പ്രവാസികൾക്ക് വേണ്ടി നടത്തിയ ദിവ്യബലിയിലും കൂട്ടായ്മയിലും സി.ജീന പങ്കെടുത്തു. |
| 14.07.2016 | സി.എച്ച്.എഫ്. കുഴിക്കാട്ടുശ്ശേരി മറിയം ത്രേസ്യ തീർത്ഥകേന്ദ്രത്തിൽ ധന്യൻ ജോസഫ് വിതയത്തിലച്ചന്റെ നൊവേന ആരംഭത്തോടനുബന്ധിച്ചുള്ള ദിവ്യബലിയിലും പ്രാർത്ഥനകളിലും നവജ്യോതി പ്രൊവിൻഷ്യൽ സി.മേഴ്സി പോളും കൗൺസിലേഴ്സും, സിസ്റ്റേഴ്സും പങ്കെടുത്ത് പ്രാർത്ഥിച്ചു. |
| 16.07.2016 | സി.എം.സി. പരി.കർമ്മലമാതാവിന്റെ തിരുന്നാൾ സമുചിതമായി ഘോഷിച്ചു. മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ദിവ്യബലി അർപ്പിച്ചു. |
| സി.എസ്.എം. | സിൽവർ ജൂബിലിക്ക് ഒരുക്കമായി 5 സിസ്റ്റേഴ്സ് നിവേദിതയിൽ 15 ദിവസത്തെ കോഴ്സിൽ പങ്കെടുത്തു. |
| എഫ്.സി.സി. | സന്യാസപരിശീലനത്തിലിരിക്കുവർക്കായി 2016 ജൂലൈ 18-ാം തീയതി 23-ാം തീയതി വരെ തിരൂർ സിയോൻ റിന്യൂവൽ സെന്ററിൽ വെച്ച് സി. ഇൻഫന്റ് ട്രീസയുടെ (KLM) നേതൃത്വത്തിൽ യോഗപരിശീലനം നടത്തുകയുണ്ടായി. |
| 19.07.2016 | സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി.മേഴ്സി പോൾ വല്ലച്ചിറ, ഏനാമാക്കൽ, കല്ലൂർ എന്നിവിടങ്ങളിലെ ഹോളീഫാമലി കോൺവെന്റുകളിൽ കാനോനികസന്ദർശനം നടത്തി. |
| 22.07.2016 | സി.എം.സി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ Desert Day ആയി ആചരിച്ചു. |

എഫ്. സി. സി. അൽഫോൻസ ഗാർഡൻ പ്രോവിൻസ്തല ഉദ്ഘാടനം ജൂലൈ 26 ാം തീയതി ചൊവ്വാഴ്ച 9.30 am മുതൽ 3 pm വരെ തൃശൂർ സെന്റ് ക്ലെയേഴ്സ് ഹൈസ്കൂളിൽ വെച്ച് നടന്നു.

29.07.2016 സി.എസ്.എം വി.മർത്തായുടെ തിരുന്നാളിനോടനുബന്ധിച്ച് മാർ ആൻഡ്രൂസ് പിതാവ് ലൂർദ്ദ് നാഥ പ്രൊവിൽഷ്യൽ ഹൗസിൽ ദിവ്യബലി അർപ്പിക്കുകയും, അന്നേദിവസം ഫാ. പോൾ കളളിക്കാടൻ നൽകിയ വചനസന്ദേശത്തിലും സ്നേഹവിരുന്നിലും സെന്റ് മർത്താ യൂണിറ്റിലെ എല്ലാ കുടുംബാഗങ്ങളും പങ്കെടുക്കുകയും ചെയ്തു.

സി.എം.സി. പ്രോവിൻസിനുവേണ്ടിയുള്ള ജാഗരണ പ്രാർത്ഥന കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. ഫാദർ സനൽ മാളിയേക്കൽ ഇതിന് നേതൃത്വം നൽകി. ധാരാളം സിസ്റ്റേഴ്സ് ഇതിൽ പങ്കെടുത്തു.

സി.എം.സി. ഈ വർഷം സിൽവർ ജൂബിലിക്കായി ഒരുങ്ങുന്ന സിസ്റ്റേഴ്സിന് മൂന്നുദിവസത്തെ കോഴ്സ് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. ഫാദർ ജോസ് ചിറപ്പണത്ത് സി എം ഐ ക്ലാസ്സുകൾ നയിച്ചു.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് എല്ലാ സുപ്പീരിയേഴ്സിനും ഫൈനാൻസ് ഓഫീസേഴ്സിനുമായി ഏകദിന സെമിനാർ നടത്തി.

**ആദരാഞ്ജലികൾ**



11.07.2016 എഫ്.സി.സി. മമ്മിയൂർ എൽ.എഫ്. ഭവനാംഗമായ ബ. മേരി ഗ്രെയ്സമ്മ 2016 ജൂലൈ 11-ാം തീയതി നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മുണ്ടൂർ സെന്റ് ഫ്രാൻസീസ് അസ്സീസി മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



12.07.2016 സി.എം.സി. ചൂണ്ടൽ മരീനാഹോം ഭവനാംഗവും നിർമ്മല പ്രോവിൻസിന്റെ മുൻപ്രൊവിൻഷ്യലുമായ സി.ക്രിസ്റ്റഫർ നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കു

കയും ചെയ്തു.

27.07.2016. സി.എച്ച്.എഫ്. ഒളരിക്കര ഹോളീഫാമലി കോൺവെന്റ് അംഗമായ സി.കനീസിയ നിര്യാതയായി. സംസ്ക്കാര ശുശ്രൂഷ മാർ. ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മീകത്വത്തിൽ നടത്തി.



**സി. ജോസഫൈൻ പാലത്തിങ്കൽ SABS**

സി.ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.in|

### മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

പ്രിയ കുട്ടികളേ,

കരുണയുടെ ജൂബിലി വർഷത്തിൽ കാരുണ്യവാനായ ദൈവം നമുക്ക് നൽകുന്ന വലിയ സമ്മാനമാണ് കരുണയുടെ അമ്മയായ മദർ തെരേസയെ വിശുദ്ധയായി മാർപ്പാപ്പ 2016 സെപ്തംബർ 4ന് പ്രഖ്യാപിക്കുന്നു എന്നത്. ഭാരതസഭയ്ക്കും, തൃശ്ശൂർ അതിരൂപതയ്ക്കും പ്രത്യേകിച്ച് അഭിമാനിക്കാവുന്ന മുഹൂർത്തത്തിൽ എനിക്കും പങ്കെടുക്കാൻ സാധിക്കുന്നു എന്നുള്ളത് വലിയ അനുഗ്രഹമായി കാണുന്നു.

അൽദോണിയായിലെ മാസിഡോണിയ എന്ന സ്ഥലത്ത് 1910 ആഗസ്റ്റ് 26നാണ് മദർ ജനിച്ചത്. ആഗ്നസ് എന്നാണ് മാതാപിതാക്കൾ പേരിട്ടത്. 1928ൽ ലൊറേറ്റോ മഠത്തിൽ ചേർന്ന തെരേസ എന്ന പേര് സ്വീകരിച്ച മദർ 1929ൽ കൽക്കട്ടയിൽ എത്തിയതിനുശേഷമാണ് മദർ തെരേസ എന്ന് പൊതുവേ അറിയപ്പെടാൻ തുടങ്ങിയത്. 1946ൽ ഡാർജലിംഗിലേക്കുള്ള ട്രെയിൻ യാത്രയ്ക്കിടയിലാണ് പാവപ്പെട്ടവരിൽ പാവപ്പെട്ടവരായവരെ ശുശ്രൂഷിക്കാനുള്ള ഉൾവിളി “Call with in a call” മദറിന് ലഭിച്ചത്. ദൈവഹിതം തിരിച്ചറിഞ്ഞ മദർ 1950 ഒക്ടോബർ 7ന് മിഷനറീസ് ഓഫ് ചാരിറ്റി എന്ന സന്യാസസമൂഹം സ്ഥാപിച്ചു. പ്രാർത്ഥനയും കഠിനതപസ്സും ചെയ്ത് പാവപ്പെട്ടവർക്കുവേണ്ടി ജീവിതം ഉഴിഞ്ഞു വച്ചിരിക്കുന്നവരുടെ പുതിയ സന്യാസസമൂഹത്തിലേക്ക് ആയിരങ്ങൾ ആകർഷിക്കപ്പെട്ടു. ലോകം മുഴുവൻ ഈ സമൂഹം പടർന്നു.

മദറിന്റെ സേവനത്തെ നോബൽ സമ്മാനമടക്കമുള്ള ബഹുമതികൾ നൽകി ലോകം ആദരിച്ചു. 1997 സെപ്തംബർ 5നാണ് മദർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്.

1981 ഡിസംബർ 21നും 1994 ജനുവരി 18നും മദർ തെരേസ തൃശ്ശൂർ അതിരൂപതയിൽ സന്ദർശനം നടത്തിയിട്ടുണ്ട്. പെരിങ്ങണ്ടൂരിലെ മേഴ്സി ഹോം, ചെന്നായ്പാറയിലെ ആകാശപറവകളുടെ ഭവനം, സെന്റ് തോമസ് കോളേജ്, അതിരൂപതാഭവനം എന്നിവിടങ്ങളിൽ മദർ വന്നിരുന്നു. കുട്ടികളെ വളരെ ഇഷ്ടമായിരുന്ന മദർ 1981ൽ കെ. സി. എസ്. എൽ. കുട്ടികളെ അഭിസംബോധന ചെയ്തു സംസാരിച്ചിട്ടുണ്ട്.

'ഈ എളിയവരിൽ ഒരുവന് ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്" (മത്താ. 25:40) എന്ന യേശുവചനമാണ് മദറിനെ എന്നും നയിച്ചിരുന്നത്. 1975ൽ ഞാൻ സെമിനാരിയിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ പ്രേഷിതകേരളം മാസികയ്ക്കുവേണ്ടി മദർ തെരേസയെ കണ്ട് ഇന്റർവ്യു ചെയ്യാൻ പോയി. വൈദിക വിദ്യാർത്ഥിയായ ഞാൻ മദറിനോട് ചോദിച്ചു: 'ഒരു ഡീക്കനായ എനിക്ക് മദറിനെപോലെ കുഷ്ഠരോഗികളെ ചുംബിക്കാനോ മരണാസന്നരെ ശുശ്രൂഷിക്കാനോ വലിച്ചെറിയപ്പെടുന്ന കുട്ടികളെ എടുത്തു വളർത്താനോ സാധിക്കുന്നില്ല; മദറിന് ഈ ശുശ്രൂഷകൾക്കുള്ള ധൈര്യം എവിടെനിന്നാണ് ലഭിക്കുന്നത്?' മറുപടിയായി ഇന്നും എന്റെ ചങ്കിൽ കുത്തു ഒരു ചോദ്യം മദർ ചോദിച്ചു: 'അച്ചന് ഇത് അറിയില്ലേ?' ഒന്നും മനസ്സിലാകാതെ ഞാൻ മദറിന്റെ മുഖത്തു നോക്കി. എന്നോട് സഹതാപം തോന്നിയ മദർ 'സമയം എത്രയായി' എന്നു ചോദിച്ചു. മദറിന്റെ കൈയിൽ വാച്ചില്ലായിരുന്നു. അപ്പോൾ വൈകിട്ട് ആറു മണിയായിരുന്നു. മദർ പറഞ്ഞു: ഞങ്ങൾ ശക്തി സംഭരിക്കാൻ പോകുകയാണ്. മദർ പറഞ്ഞു: 'ദിവ്യകാരുണ്യ യേശുവാണ്; രാവിലെയും വൈകിട്ടുമുള്ള ആരാധനയാണ് ഞങ്ങളുടെ ശക്തി'. അതുകൊണ്ടാണ് മദറിന്റെ സ്ഥാപനങ്ങൾ വിവിധ രാജ്യങ്ങളിൽ തുടങ്ങാൻ ആവശ്യപ്പെട്ടപ്പോൾ ഈശോയെ ആരാധിക്കാൻ ഒരു പള്ളിയും തിരുകർമ്മങ്ങൾക്ക് ഒരു പുരോഹിതനും വേണമെന്ന് നിബന്ധന വച്ചത്. മറ്റൊരു കാര്യവും മദർ ആവശ്യപ്പെട്ടിരുന്നില്ല.

തന്റെ ജീവിതാദർശമായി മദർ പറഞ്ഞ ഒരു വാക്യം എന്റെ മനസ്സിലുണ്ട്. 'Give until it hurts you' വേദനിക്കുന്നതുവരെ കൊടുക്കുക. മദർ ഒരു സംഭവം പറഞ്ഞു. മദർ വീടു സന്ദർശനവേളയിൽ ഒരു പാവ

പ്പെട്ട വീട്ടിൽ എത്തി. അവിടുത്തെ കുട്ടികൾ ദിവസങ്ങളായി ഭക്ഷണം കഴിച്ചിട്ടില്ലെന്ന് മദറിന് മനസ്സിലായി. തന്റെ ജീപ്പിൽ കൊണ്ടുവന്ന അരി കുറച്ചു കൊടുത്ത് കഞ്ഞി വച്ച് വേഗം കുട്ടികൾക്ക് കൊടുക്കാൻ ആവശ്യപ്പെട്ടു. കുഞ്ഞുങ്ങൾ ഭക്ഷണം കഴിച്ചു തീരുന്നതുവരെ അവിടെ ഇരിക്കാൻ മദർ തീരുമാനിച്ചു. പെട്ടെന്ന് അവിടുത്തെ കുട്ടികളുടെ അമ്മയെ കാണാതായി. തിരിച്ചു വന്നപ്പോൾ മദർ ആ സ്ത്രീയോട് ചോദിച്ചു: എന്തു പണിയാണ് ചെയ്തത്. കുഞ്ഞുങ്ങൾക്ക് വേഗം കഞ്ഞി വയ്ക്കുതിനു പകരം എവിടെ പോയിരിക്കുകയായിരുന്നു. ആ സ്ത്രീ പറഞ്ഞു: എന്റെ കുട്ടികൾക്ക് കുറച്ചെങ്കിലും ശക്തിയുണ്ട്. അയൽവീട്ടിലെ കുട്ടികൾ ഭക്ഷണം കഴിക്കാതെ മരിക്കാറായി. മദർ എനിക്കുതന്ന അരിയിൽ പകുതി അവർക്കു കൊടുക്കാൻ പോയതായിരുന്നു. പങ്കുവയ്ക്കാൻ മനസ്സുകാണിച്ച ആ അമ്മയുടെ വലിയ ഹൃദയത്തെ കുറിച്ച് മദർ വാചാലയായിരുന്നു.

പ്രിയ കുട്ടികളേ, മദർ തെരേസയെ കരുണയുടെ വിശുദ്ധയായി ലഭിക്കുമ്പോൾ പാവപ്പെട്ടവരുമായി നമുക്കുള്ളത് പങ്കുവയ്ക്കാൻ നമുക്കും പ്രതിജ്ഞാബദ്ധരാകാം. വിശുദ്ധയായി പ്രഖ്യാപിക്കുന്ന സെപ്തംബർ 4നോ സെപ്തംബർ 5നോ ഏതെങ്കിലും ഒരു കാരുണ്യ പ്രവൃത്തി ചെയ്യാൻ നിങ്ങളെ ഞാൻ ആഹ്വാനം ചെയ്യുന്നു. നല്ലൊരു പുഞ്ചിരിയോ പ്രോത്സാഹനമോ പാവപ്പെട്ടവരെ സഹായിക്കുന്ന സത്പ്രവൃത്തികളോ ചെയ്യാനാകുമോ? നിങ്ങൾ ഇഷ്ടപ്പെടുന്ന ഏതെങ്കിലും ഒരു ഭക്ഷണം ഉപേക്ഷിച്ച് മിഷനിലെ ഒരു പാവപ്പെട്ട കുട്ടിയെ സഹായിക്കാനാകുമോ?

നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

**1. അർദ്ധവാർഷിക പരീക്ഷകൾ**

ഒക്ടോബർ മാസത്തിലാണ് വേദോപദേശ അർദ്ധവാർഷിക പരീക്ഷകൾ. എല്ലാ വിദ്യാർത്ഥികൾക്കും വിജയാശംസകൾ നേരുന്നു. പരീക്ഷകളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ ഞായറാഴ്ച മതബോധന വാർഷിക പ്രോഗ്രാം പുസ്തകത്തിൽ നൽകിയിരിക്കുന്നത് കൃത്യമായും പാലിക്കേണ്ടതാണ്. മതാധ്യാപകർ ഓരോ ക്ലാസ്സിലെയും പാഠ്യപദ്ധതി (Syllabus) കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. മതബോധന യൂണിറ്റുകളിൽ നടക്കുന്ന എല്ലാ ക്ലാസ്സുകളിലെയും അർദ്ധവാർഷിക-വാർഷിക പരീക്ഷകൾക്ക് അതിരൂപതാമതബോധനകേന്ദ്രത്തിൽ നിന്നും നല്കുന്ന ചോദ്യപേപ്പർ മാത്രമാണ് ഉപയോഗിക്കേണ്ടത്. അർദ്ധവാർഷിക പരീക്ഷകളുടെ ഉത്തരകടലാസ് പരിശോധന വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററുടേയും നേതൃത്വത്തിൽ ഒരു നിശ്ചിത ദിവസം എല്ലാ അധ്യാപകരും ഒന്നുചേർന്ന് നടത്തേണ്ടതാണ്.

യൂണിറ്റുകളിലേക്കുള്ള ചോദ്യപേപ്പറുകളുടെ എണ്ണം, ഭാഷ മുതലായവ യൂണിറ്റിൽനിന്നും തന്നിട്ടുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് (സോഫ്റ്റ് വെയറിലേക്കുള്ള EXCEL SHEET) പ്രകാരമാണ് തയ്യാറാക്കുന്നത്. ലിസ്റ്റിൽ എന്തെങ്കിലും പിഴവുകളോ അപൂർണ്ണതയോ തിരുത്തലുകളോ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് നടത്തിപ്പിനെ ബാധിക്കും. അത്തരം കാര്യങ്ങൾ സെപ്റ്റംബർ 10നകം ക്രമപ്പെടുത്തേണ്ടതാണ്.

അർദ്ധവാർഷിക ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയത്തിനാവശ്യമായ ഉത്തരസൂചിക പരീക്ഷകൾക്കുശേഷം മതബോധനകേന്ദ്രത്തിന്റെ ബ്ലോഗിൽ നല്കുന്നതാണ്. മതബോധന വിദ്യാർത്ഥികളുടെ അർദ്ധവാർഷിക പരീക്ഷാഫലം യൂണിറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്; മാർക്കുകളോടൊപ്പം പരീക്ഷാതിയ്യതി ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുന്ന ഹാജരും പ്രസിദ്ധീകരിക്കേണ്ടതാണ്. ഓരോ ക്ലാസ്സിലെയും മാർക്ക് ലിസ്റ്റിന്റെ കോപ്പി മതബോധനകേന്ദ്രത്തിൽനിന്ന് അറിയിക്കുന്ന പ്രകാരം മതബോധന കേന്ദ്രത്തിലേക്ക് നൽകേണ്ടതാണ്.

**2. ഞായറാഴ്ച മതബോധനം അർദ്ധവാർഷിക പരീക്ഷാതിയതികൾ**

2016 ഒക്ടോബർ 2 സമയം 2 PM - 4PM :
Stds. I, III, V, VII, IX, XI
2016 ഒക്ടോബർ 9 സമയം 2 PM - 4PM :
Stds. II, IV, VI, VIII, X, XII, ACC

**3. സ്കൂൾ മതബോധനം & സന്മാർഗ്ഗശാസ്ത്രം അർദ്ധവാർഷിക പരീക്ഷ 2016 സെപ്റ്റംബർ 23**

രാവിലെ : Stds. I, III, V, VII, IX, XI
ഉച്ചകഴിഞ്ഞ് : Stds. II, IV, VI, VIII, X, XII

ചോദ്യപേപ്പറുകൾ സെപ്റ്റംബർ 19 മുതൽ മതബോധനകേന്ദ്ര ത്തിൽനിന്നും കൊണ്ടുപോകാവുന്നതാണ്.

**4. ഹെഡ്മാസ്റ്റർമാരുടെ കോൺഫ്രൻസ്**

തിയതി : സെപ്റ്റംബർ 18 ഞായർ
സമയം : 02.30 PM
സ്ഥലം : മതബോധനകേന്ദ്രം

എല്ലാ ഹെഡ്മാസ്റ്റർമാരേയും പ്രത്യേകം ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും എത്തേണ്ടതാണ്. പ്രാതിനിധ്യം ഇല്ലാതെ വരരുത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**5. പ്രോഗ്രസ് റിപ്പോർട്ട്**

പരീക്ഷകൾക്കുശേഷം വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് നല്കാനുള്ള പ്രോഗ്രസ് റിപ്പോർട്ട് ഫോം (Sunday Catechism) മതബോധനബുക്ക്സ്റ്റാളിൽ നിന്ന് വാങ്ങാവുന്നതാണ്.

**6. 12-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കുള്ള സെമിനാർ** (വാർഷിക പ്രോഗ്രാം പേജ് 45-46 കാണുക )

ഈ വർഷം യൂണിറ്റ്/ ഇടവക അടിസ്ഥാനത്തിലാണ് സെമിനാർ. പ്രസ്തുത വിഷയത്തെ ആസ്പദമാക്കി സെമിനാറിന് ക്ലാസ്സെടുക്കുന്നതിനുള്ള പരിശീലനം അഞ്ചു ഞായറാഴ്ചകളിലായി അധ്യാപകർക്ക് കൊടുത്തു കഴിഞ്ഞു. അവരുടെ ലിസ്റ്റ് ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. അതിൽ നിന്നും ആവശ്യമനുസരിച്ച് അധ്യാപകരെ നേരത്തെ ബുക്ക് ചെയ്യുന്നത് സൗകര്യപ്രദമായിരിക്കും. അധ്യാപകരെ ബുക്ക് ചെയ്യുവാൻ മതബോധനകേന്ദ്രവുമായി ബന്ധപ്പെടേണ്ടതില്ല; നേരിട്ട് ചെയ്യാവുന്നതാണ്. സെമിനാർ സമയത്ത് നോട്ട്സ് എഴുതാൻ കൂടി കുട്ടികളെ ഒരുക്കമല്ലോ. സെമിനാർ നടത്തുന്നതിന് ആവശ്യമായത്ര വിദ്യാർത്ഥികൾ 12-ാം ക്ലാസ്സിൽ ഇല്ലാത്ത സാഹചര്യത്തിൽ 11, ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളെയും ഉൾപ്പെടുത്താവുന്നതാണ്.

**7. ലോഗോസ് ക്വിസ്**

Std. V മുതലുള്ള എല്ലാ കുട്ടികളേയും പ്രസ്തുത പരീക്ഷയെഴുതുവാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**8. മതാധ്യാപകരുടെ ഏകദിനസെമിനാറുകൾ** (വാർഷിക പ്രോഗ്രാം പേജ് 57–58 കാണുക )

മതാധ്യാപകരുടെ ഏകദിനസെമിനാറുകൾ വാർഷിക പ്രോഗ്രാമിൽ കൊടുത്തിരിക്കുന്ന സമയക്രമമനുസരിച്ച് നടത്തുന്നതാണ്. എല്ലാ അധ്യാപകരും നിശ്ചിതദിവസംതന്നെ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

**9. മതാധ്യാപകരുടെ ആപ്റ്റിറ്റ്യൂഡ് പഠനവും പരീക്ഷയും** (വാർഷിക പ്രോഗ്രാം 60, 61 പേജുകൾ കാണുക )

മതാധ്യാപകരുടെ ആപ്റ്റിറ്റ്യൂഡ് പഠനത്തിനുള്ള പുസ്തകം (സീറോമലബാർ സഭയുടെ ആരാധനക്രമവിശ്വാസപരിശീലനം) മതബോധനകേന്ദ്രത്തിൽനിന്നും ലഭ്യമാണ്. ഇനിയും വാങ്ങിയിട്ടില്ലെങ്കിൽ എത്രയും വേഗം വാങ്ങേണ്ടതാണ്. വാർഷിക പ്രോഗ്രാമിൽ കൊടുത്തിരിക്കുന്ന സമയക്രമമനുസരിച്ച് പരീക്ഷ നടത്തുന്നതാണ്. പ്രധാനാധ്യാപകരുൾപ്പെടെ എല്ലാ അധ്യാപകരും ഈ വർഷത്തേക്കു നിശ്ചയിച്ചിട്ടുള്ള പാഠഭാഗം പ്രത്യേകം ശ്രദ്ധിക്കുകയും പഠിക്കുകയും പരീക്ഷയിൽ പങ്കെടുക്കുകയും വേണം.

**10. Std VII, XII വിദ്യാർത്ഥികൾക്കുള്ള പ്രതിഭാപരിശീലനം**

പ്രതിഭാപരിശീലനത്തിനായി ഇടവകകളിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള വിദ്യാർത്ഥികളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഏകദിന സെമിനാറിൽ പങ്കെടുക്കുന്നതിനുള്ള നിർദ്ദേശം മതബോധനകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്. അതനുസരിച്ച് കുട്ടികളെ പറഞ്ഞയയ്ക്കുമല്ലോ. രാവിലെ 9 മണിക്ക് ആരംഭിച്ച് ഉച്ചതിരിഞ്ഞ് 4.30 നു അവസാനിക്കും. അവർക്കുവേണ്ടി ഇവിടെ ദിവ്യബലി ഉണ്ടായിരിക്കുന്നതാണ്. മതബോധനകേന്ദ്രത്തിലെ ഈ പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് അതേദിവസത്തെ മതബോധനക്ലാസ്സിലെ ഹാജർ ലഭിക്കുന്നതാണ്.

**11. യൂണിറ്റ് സെക്രട്ടറിമാരുടെ കോൺഫ്രൻസ്**

ഈ വർഷത്തെ യൂണിറ്റ് സെക്രട്ടറിമാരുടെ കോൺഫ്രൻസ് ഒക്ടോബർ 30 ന് (ഞായർ) ആണ്. എല്ലാ യൂണിറ്റ് സെക്രട്ടറിമാരേയും പ്രത്യേകം ക്ഷണിക്കുന്നു.

സമയം : 2.30 PM
സ്ഥലം : മതബോധനകേന്ദ്രം

വാർഷിക പ്രോഗ്രാം 67, 68 പേജുകളിൽ കൊടുത്തിരിക്കുന്ന ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചെയ്തിരിക്കണം. പ്രത്യേകിച്ച് **Stds. XII, ACC** കുട്ടികളെ സംബന്ധിച്ച്.

**12. Archdiocesan Catechetical Merit Day 6$^{th}$ November, 2016**

പ്രസ്തുത പരിപാടിക്കുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. ACC Convocation & Merit Day സംയുക്തമായി നടത്താനാണ് ഉദ്ദേശിക്കുന്നത്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**13. Full Attendance from Std. I to ACC (15 years)**

ഒന്നാം ക്ലാസ്സു മുതൽ എ. സി. സി. വരെ മുഴുവൻ ഹാജരുള്ള കുട്ടികളുടെ പേരുവിവരം വികാരിയച്ചന്റെ സാക്ഷിപത്രത്തോടുകൂടി മതബോധനകേന്ദ്രത്തിൽ എത്രയും വേഗം എത്തിച്ചു തരേണ്ടതാണ്.

**Fr. Tens Kunnappilly**
**Fr. Jijo Kappilamnirappel**
**Asst. Directors**

**Fr. Raphael Akkamattathil**
**Director**

## INSTITUTE OF THEOLOGY, TRICHUR

(Phone : 0091-0487- 2333245)

E-mail: Institute.of.theology@gmail.com

**Correspondence Theology Course:** രണ്ടു വർഷത്തെ കറസ്പോണ്ടൻസ് തിയോളജി കോഴ്സിന്റെ ഒരു പുതിയ ബാച്ച് കൂടി 2016 ജൂലൈ 24-ാം തിയ്യതി ആരംഭിച്ചിരിക്കുന്നു. മാസത്തിലെ രണ്ട്, നാല് ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും ക്ലാസ്സുകൾ. കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ചെയർ ഫോർ ക്രിസ്റ്റ്യൻ സ്ററഡീസിന്റെ അംഗീകാരമുള്ള ഡിപ്ലോമ കോഴ്സാണിത്.

**അടുത്ത ക്ലാസ്സുകൾ**: കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ സെപ്ററംബർ 11, സെപ്ററംബർ 18 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെയായിരിക്കും.

**B. A. in Theology and Religious Studies:** Leuven (ബെൽജിയം) കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിന്ന് വന്ന പ്രൊഫസർ Dr. Dries Vanysacker ബി. എ. തിയോളജി വിദ്യാർത്ഥികൾക്ക് മിസ്സിയോളജി ക്ലാസ്സുകൾ നൽകി.

മേരി മാതാ മേജർ സെമിനാരിയിൽ വച്ച് നടത്തിയ സിമ്പോസിയത്തിൽ ബി. എ. തിയോളജി വിദ്യാർത്ഥികളെല്ലാം പങ്കെടുത്തു.

ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ** (ഡയറക്ടർ)

# മേരിമാതാ മേജർ സെമിനാരി

**വിയാനി ദിനം**

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 3ന് വൈകുന്നേരം ആഘോഷമായ സായാഹ്ന പ്രാർത്ഥനയോടെ ആരംഭിച്ചു. ഫാ. റോയ് മൂക്കൻ കാർമ്മികത്വം വഹിക്കുകയും ഫാ. ടോണി നീലങ്കാവിൽ സന്ദേശം നൽകുകയും ചെയ്തു. ഇന്നത്തെ കാലഘട്ടത്തിൽ അജപാലനമേഖലിയിൽ ശ്രദ്ധിക്കേണ്ട ഒത്തിരികാര്യങ്ങളെക്കുറിച്ച് വളരെ ഗൗരവ്വമായി അച്ചൻ സംസാരിച്ചു. തിരുനാൾ ദിനം രാവിലെ, മാർ ജേക്കബ്ബ് തൂങ്കുഴി ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. അന്നേദിവസം വൈകുന്നേരം ഒന്നാം വർഷ ദൈവശാസ്ത്ര-തത്വശാസ്ത്ര വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വളരെ വ്യത്യസ്തവും പുതുമയുമാർന്ന കലാവിരുന്ന് സംഘടിപ്പിച്ചത് ആഘോഷങ്ങൾക്ക് കൂടുതൽ നിറം പകരാൻ ഉപകരിച്ചു. നർമ്മവും നൃത്തവും സംഗീതവും വിയാനി ദിനത്തിന്റെ സന്ദേശവും ഇഴചേർത്ത് കോർത്തിണക്കിയ കലാസന്ധ്യയെ ബ്രദേഴ്സ് വളരെ താല്പര്യപൂർവ്വം സ്വീകരിച്ചു.

**ഉപകാരി സംഗമം**

വൈദിക പരിശീലനത്തിന് സാമ്പത്തികമായി സഹായിക്കുന്ന ഉപകാരികളുടെ സംഗമം ആഗസ്റ്റ് ആറിന് അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഓരോ വൈദിക വിദ്യാർത്ഥിയും തങ്ങളുടെ സെമിനാരി കാലഘട്ടത്തിൽ തന്നെ ശ്രദ്ധിക്കേണ്ടതായ മേഖലകളെക്കുറിച്ച് പിതാവ് സംസാരിച്ചു. അതോടൊപ്പം തങ്ങൾക്കുള്ളതിൽ നിന്ന് ഒരുഭാഗം ഭാവി വൈദികർക്കുവേണ്ടി മാറ്റിവെയ്ക്കുന്ന സ്നേഹമുള്ള ഉപകാരികളെ പിതാവ് നന്ദിപൂർവ്വം അഭിനന്ദിച്ചു. രാവിലെ നടന്ന സമ്മേളനത്തിൽ സമൂഹത്തിൽ വിവിധ തുറകളിൽ നിന്നുള്ളതായ 160ഓളം ഉപകാരികൾ പങ്കെടുത്തു. ഉപകാരികൾ വൈദികരെക്കുറിച്ചും വൈദികവിദ്യാർത്ഥികളെകുറിച്ചും വിശ്വാസികൾക്കുള്ള ആഗ്രഹങ്ങളും ആകുലതകളും പങ്കുവച്ചു. വൈദികപരിശീലനത്തിന് പ്രാർത്ഥനകൊണ്ടും പണംകൊണ്ടും സഹായിക്കുന്ന ഉപകാരികൾക്ക് റെക്ടറച്ചൻ നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് മാർ റാഫേൽ തട്ടിൽ പിതാവ് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഉപകാരികൾ വൈദികവിദ്യാർത്ഥികളുമായി സ്നേഹം പങ്കുവെച്ച് ഉച്ചഭക്ഷണത്തിന് ശേഷം തിരിച്ചുപോയി.

**MIST 2016 - ന് ദീപശിഖ തെളിഞ്ഞു**

Home Day യുടെ ഭാഗമായി സർഗജ്യോതിയുടെ നേതൃത്വത്തിൽ സെമിനാരിയിൽ നടത്തുന്ന കലാകായിക സാഹിത്യമത്സരങ്ങൾക്ക് ആഗസ്റ്റ് 9-ാം

തിയതി തിരശ്ശീല ഉയർന്നു. Make It success Together എന്ന മുദ്രവാക്യവു മായി തുടങ്ങിയ Mist 2016 ന് ലൂവെയ്ൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫസ റായ ഡോ. ഡ്രീസ് വെനിസാക്കർ ദീപശിഖ കൊളുത്തി ഔദ്യോഗികമായി ഉദ്ഘാടനം നിർവ്വഹിച്ചു. 2016 ഒളിമ്പിക്സിന്റെ പശ്ചാത്തലത്തിൽ കായിക മത്സരങ്ങളോടുള്ള സഭയുടെ നിലപാടും അവയെ സുവിശേഷവൽക്കരണ ത്തിനുള്ള സാധ്യകളാക്കി മാറ്റുന്നതിനെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. തുടർന്ന് MIST 2016 ന്റെ ലോഗോയുടേയും, മോട്ടോയുടെയും പ്രകാശനം സ്പോർട്സ് ഡയറക്ടർ ഫാ. ഫ്രീജോ പാറക്കൽ നിർവ്വഹിച്ചു. സെമിനാരി റെക്ടർ റവ. ഫാ. ബാബു പാണാട്ടുപറമ്പിൽ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വൈദിക വിദ്യാർത്ഥികളെ നാല് ഗ്രുപ്പുകളായി തിരിച്ച് കലാ-കായിക മത്സര ങ്ങൾക്ക് തുടക്കം കുറിച്ചു.

**അന്തരാഷ്ട്ര സിംബോസിയം**

Call to Evangelize! Prospects and Challenges എന്ന വിഷയത്തെ ആസ്പ ദമാക്കി ആഗസ്റ്റ് 13ന് മേരി മാതാ സെമിനാരിയിൽ അന്താരാഷ്ട്ര സിംബോ സിയം സംഘടിപ്പിച്ചു. സുപ്രീം കോർട്ട് ജസ്റ്റസ് കുരിയൻ ജോസഫ് ഉദ്ഘാ ടന പ്രബന്ധം അവതരിപ്പിച്ചു. ബെൽജിയത്തെ ലുവെയ്ൻ യൂണിവേഴ്സിറ്റി യിലെ പ്രൊഫസറായ ഡോ. ഡ്രീസ് വെനിസാക്കർ, അദിലബാദ് ബിഷപ്പ് മാർ പ്രിൻസ് പാണേങ്ങാടൻ തുടങ്ങിയ പ്രഗത്ഭർ വിവിധ വിഷയങ്ങളിലായി പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കാലിക പ്രസക്തിയുള്ള ഒത്തിരി നിർദ്ദേശങ്ങൾ തങ്ങളുടെ പ്രബന്ധങ്ങളിലൂടെ വിശിഷ്ട വ്യക്തികൾ അവതരിപ്പിച്ചു. ഇന്ത്യ യിൽ നിന്നും വിദേശത്തുനിന്നുള്ള പ്രമുഖർ സിംബോസിയത്തിൽ പങ്കെടു ത്തു.

**സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണതിരുനാളും**

ആഗസ്റ്റ് 15-ാം തിയതി രാവിലെ ദിവ്യബലിയോടുകൂടി മാതാവിന്റെ സ്വർഗ്ഗാ രോപണ തിരുനാളാഘോഷങ്ങൾ ആരംഭിച്ചു. അതിനുശേഷം ദേശീയ പതാക ഉയർത്തുകയും പ്രതിജ്ഞ ചൊല്ലുകയും ചെയ്തു.

സെമിനാരി ഔപചാരിക ഉദ്ഘാടനത്തിന്റെ 19-ാം വാർഷികവും അന്നേ ദിവസം സമുചിതമായി ആചരിച്ചു. മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥി കൾ മനോഹരമായി ഡിസ്പ്ലേ അവതരിപ്പിച്ചു. അന്നേ ദിവസം നടന്ന സമ്മേ ളനത്തിൽ അനിൽ അക്കര എം.എൽ.എ. വിശിഷ്ടാതിഥിയായി പങ്കെടുത്തു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് വളരെ ആധികാരികവും, അർത്ഥസമ്പുഷ്ട വുമായി പ്രസംഗിച്ച ബഹു. എം.എൽ.എ. ഭാരതം ഇന്നു നേരിടുന്ന വെല്ലുവി ളികളെക്കുറിച്ച് സെമിനാരിക്കാരെ ബോധവാൻമാരാക്കി.

**മാസധ്യാനം**

ആഗസ്റ്റ് മാസത്തിലെ മാസധ്യാനം 20-ാം തിയതി വൈകുന്നേരം റെക്ടറ

ച്ചന്റെ ഉപദേശത്തോടെ ആരംഭിച്ചു. ആലുവ പൊന്തിഫിക്കൽ സെമിനാരിയിലെ പ്രൊഫസർ ഫാ. സെബാസ്റ്റ്യൻ പഞ്ഞിക്കാരനാണ് ധ്യാനം നയിച്ചത്. പിറ്റേ ദിവസം ഉച്ചയ്ക്ക് ദിവ്യബലിയോടെ സമാപിച്ച ധ്യാനം പൗരോഹിത്യ ദർശനങ്ങളുടെ ആഴവും വ്യാപ്തിയെയും വർദ്ധിപ്പിക്കാൻ സഹായിച്ചു

**തൃശ്ശൂരിന്റെ സ്വന്തം വിശുദ്ധയുടെ തിരുന്നാൾ**

വി. എവുപ്രാസ്യയുടെ തിരുനാളിനൊരുക്കമായുള്ള ആഘോഷമായ സായാഹ്ന പ്രാർത്ഥനയ്ക്ക് ആഗസ്റ്റ് 28ന് വൈകുന്നേരം ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ കാർമ്മികത്വം വഹിക്കുകയും മോൺ. ജോർജ്ജ് മാനാടൻ സന്ദേശം നൽകുകയും ചെയ്തു. തിരുനാൾ ദിനം ഫാ. ജിഫി മേക്കാട്ടുകുളം ദിവ്യബലിയർപ്പിച്ചു.

**ഡീക്കന്മാർ വീണ്ടും മേരിമാതയിലേക്ക്**

പൗരോഹിത്യത്തിനൊരുക്കമായുള്ള അഞ്ച് മാസത്തെ പ്രായോഗിക പരിശീലനത്തിനുശേഷം വിവിധ ഇടവകകളിൽ നിന്ന് ഡീക്കന്മാരെ വികാരിയച്ചന്മാരും കൈക്കാരന്മാരും പ്രതിനിധികളും ചേർന്ന് ആഗസ്റ്റ് 31ന് സെമിനാരിയിൽ തിരികെ കൊണ്ടുവന്നാക്കി. റെക്ടർ, വൈസ് റെക്ടർ, ആനിമേറ്റർ എന്നിവരുടെ നേതൃത്വത്തിൽ വികാരിയച്ചന്മാരുടെ മീറ്റിംഗ് സംഘടിപ്പിച്ചു. വികാരിയച്ചന്മാർ ഏറെ താൽപര്യത്തോടെ അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ഡീക്കൻ മിനിസ്ട്രി കൂടുതൽ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പൗരോഹിത്യത്തിനൊരുക്കമായുള്ള ഈ പരിശീലന കാലയളവ് അങ്ങേയറ്റം ഉപകാരപ്രദവും ഫലദായകവുമായിരുന്നുവെന്ന് ഈ വർഷം പട്ടം സ്വീകരിക്കാനുള്ള 18 ഡീക്കന്മാരും അഭിപ്രായപ്പെട്ടു. സെമിനാരിയിലെ അവസാന പരീക്ഷകൾക്കായും ഉജ്ജെയിനിലെ മിഷൻ അനുഭവത്തിനായും ഒരുങ്ങുന്ന എല്ലാ ഡീക്കന്മാർക്കും സെമിനാരിയുടെ പ്രാർത്ഥനാശംസകൾ.

**ബേഴ്സ് സ്ഥാപിച്ചവർ**

## Individual Patron Membership

1. ശ്രീ. സെബാസ്റ്റ്യൻ ജോസഫ്, ചിരിയങ്കണ്ടത്ത് ഹൗസ്, എൽത്തുരുത്ത്
2. ശ്രീ. കെവിൻ ബാസ്റ്റ്യൻ S/o. സെബാസ്റ്റ്യൻ ജോസഫ്, ചിരിയങ്കണ്ടത്ത് ഹൗസ് എൽത്തുരുത്ത്

## Individual Benefactor Membership

1. ശ്രീ. എ. വി. ജോസഫ്, ആലപ്പാട്ട് ഹൗസ്, തിരൂർ
2. ശ്രീ. ഫ്രാൻസീസ് ചാണ്ടി, കാളത്തോട്
3. ശ്രീ. കെ. ഒ. അഗസ്റ്റിൻ, കാഞ്ഞിരത്തിങ്കൽ ഹൗസ്, വിയ്യൂർ
4. ശ്രീമതി പ്രതിഭ ജോജൻ, പുതുക്കാടൻ ഹൗസ്, കൊരട്ടി
5. ശ്രീമതി ഗ്രീറ്റ പോൾ & ശ്രീ ജോജു എ., പാണാട്ടുപറമ്പിൽ ഹൗസ്,

ചെങ്ങാലൂർ

**Individual Well Wisher Membership**

1. ശ്രീ. ലൈജോ ലാനി, പുതിയപറമ്പിൽ ഹൗസ്, അയ്യന്തോൾ
2. ശ്രീ.എം.എ. ദേവസ്സി, മഞ്ഞളി ഹൗസ്, വെളുത്തൂർ
3. റെവ. സി. സുപ്പീരിയർ ജനറൽ, കൃപാഭവൻ ജനറലേറ്റ്, മണ്ണംപേട്ട

**Instituional Well Wisher Membership**

1. റെവ. സി. പ്രൊവിൻഷ്യൽ സുപ്പീരിയർ,
   മരിയ പ്രൊവിൻഷ്യൽ ഹൗസ്, കൂർക്കഞ്ചേരി

**റെക്ടർ, ഫാ. ബാബു പാണാട്ടുപറമ്പിൽ**

PH : 2420891

## സെന്റ് മേരീസ് മൈനർ സെമിനാരി

**അഭിവന്ദ്യപിതാവിന്റെ സന്ദർശനം**

ജൂലൈ 14-ാം തിയതി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മൈനർ സെമിനാരി സന്ദർശിക്കുകയും സെമിനാരിക്കാരോടൊപ്പം വിശുദ്ധ കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. വിശുദ്ധ കുർബ്ബാനയ്ക്കുശേഷം ഒന്നാം വർഷ മൈനർ സെമിനാരിക്കാരെ പ്രത്യേകമായി കണ്ട് അവരുമായി അഭിവന്ദ്യ പിതാവ് ആശയവിനിമയം നടത്തി.

**വിനോദയാത്ര**

തൃശ്ശൂർ പ്രദേശത്തുള്ള വിവിധ സ്ഥലങ്ങളിലേക്ക് ജൂലൈ 23-ാം തിയതി ഗ്രൂപ്പുകളായി തിരിഞ്ഞ് സെമിനാരിക്കാർ വിനോദയാത്ര നടത്തി. തൃശ്ശൂരിനെ പരിചയപ്പെടാനും സഹപാഠികളെ മനസ്സിലാക്കാനും സെമിനാരിക്കാർക്ക് ഈ ഉല്ലാസയാത്ര ഉപകരിച്ചു.

**അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ**

യേശുശിഷ്യനായ വിശുദ്ധ യാക്കോബിന്റെ നാമം വഹിക്കുന്ന അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥ തിരുനാൾ ജൂലൈ 25-ാം തിയതി ലളിതമായി ആഘോഷിച്ചു. അന്നേദിവസം അഭിവന്ദ്യപിതാവ് സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിച്ചു. പ്രഭാത ഭക്ഷണസമയത്ത് അഭിവന്ദ്യ പിതാവിന് ആശംസകൾ നേരാനും സെമിനാരി കുടുംബം ഒന്നിച്ചു കൂടി.

**റീജൻസിക്കാരുടെ സ്ഥലം മാറ്റം**

ഈ അദ്ധ്യയന വർഷം റീജൻസി ചെയ്തുകൊണ്ടിരിക്കുന്ന സെമിനാരിക്കാർ ജൂലൈ 29-ാം തിയതി പുതിയ സ്ഥലങ്ങളിൽ തങ്ങളുടെ ശുശ്രൂഷ ആരംഭിച്ചു.

**അതിരൂപതാ വൈദിക കൂട്ടായ്മ**

തൃശ്ശൂർ അതിരൂപതയിലെ വൈദിക കൂട്ടായ്മയ്ക്ക് 2016 ആഗസ്റ്റ് 2-ാം തിയ്യതി മൈനർ സെമിനാരി ഒരിക്കൽ കൂടി വേദിയായി. അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ, വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ, അതിരൂപതയിലെ വൈദികരുടെ സുവർണ്ണ-രജത ജൂബിലി എന്നിവ സമുചിതമായി ആചരിക്കാനായിരുന്നു. പ്രസ്തുത വൈദിക കൂട്ടായ്മയ നടത്തപ്പെട്ടത്. അഭിവന്ദ്യപിതാക്കന്മാരും ജൂബിലേറിയൻസും അന്നത്തെ വിശുദ്ധ ബലിയിൽ കാർമ്മികരായിരുന്നു. ബഹു. വിൻസെന്റ് ചിറ്റിലപ്പിള്ളിയച്ചനാണ് ദിവ്യബലി മദ്ധ്യേ വചനസന്ദേശം നൽകിയത്. സ്നേഹവിരുന്നിനുശേഷം നടന്ന മീറ്റിംഗിങ്ങിൽ അഭിവന്ദ്യ മാർ തൂങ്കുഴി പിതാവിന് തിരുനാളാശംസകളും ജൂബിലേറിയൻസിന് ജൂബിലി മംഗളങ്ങളും നേരുകയുണ്ടായി.

**വിശുദ്ധ വിയാനിയുടെ തിരുനാൾ**

വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൽ ദിനമായ ആഗസ്റ്റ് 4-ാം തിയതി ബഹു. ഫാ. ജെയ്സൺ വടക്കേത്തലയുടെ കാർമ്മികത്വത്തിൽ ആഘോഷമായ വിശുദ്ധ കുർബ്ബാനയർപ്പിക്കപ്പെട്ടു. തിരുനാളിനോടനുബന്ധിച്ചുള്ള ദിവസങ്ങളിൽ വിശുദ്ധ വിയാനിയുടെ ജീവിതവുമായി വൈദിക വിദ്യാർത്ഥികൾക്ക് പരിചയം സിദ്ധിക്കാനുതകും വിധത്തിലുള്ള കലാമത്സരങ്ങളും ക്വിസ് പ്രോഗ്രാമുകളും ഉണ്ടായിരുന്നു.

**എക്സ്റ്റെൻഷൻ ലക്ച്വർ**

പുരാതന കാവ്യമായ അർണോസ് പാതിരിയുടെ 'പുത്തൻപാന'യെ അധികരിച്ചുള്ള എക്സറ്റൻഷൻ ലക്ചർ ആഗസ്റ്റ് 6-ാം തിയതി നടന്നു. പുത്തൻപാന ആലാപന പരിശീലനവും തദവസരത്തിൽ നൽകുകയുണ്ടായി. ശ്രീ. ആന്റണി പുത്തൂർ (എറണാകുളം) ആണ് ക്ലാസ്സുകൾ നയിച്ചത്.

**മാസധ്യാനം**

ആഗസ്റ്റ് 12, 13 തിയതികളിലായി മാസധ്യാനം നടന്നു. ബഹു. ഫാ. ജോൺസൺ അന്തിക്കാടൻ മൈനർ സെമിനാരിക്കാർക്കും ബഹു. ജെയ്സൺ മാറോക്കിയച്ചൻ ഡിഗ്രി വിദ്യാർത്ഥികൾക്കും ധ്യാനചിന്തകൾ നൽകി. റീജൻസി ചെയ്യുന്നവർക്കായുള്ള മാസധ്യാനം ആഗസ്റ്റ് 19, 20 എന്നീ തിയതികളിലായിലുന്നു.

**സ്വർഗ്ഗാരോപണതിരുനാൾ – സ്വാതന്ത്ര്യദിനം**

ആഘോഷപുർവ്വമായ തിരുനാൾ വിശുദ്ധ കുർബ്ബാനയ്ക്ക് ബഹു. ഫാ. സിൻസൺ എടക്കളത്തൂർ കാർമ്മികത്വം വഹിച്ചു. സ്വാതന്ത്രദിനാഘോഷപരിപാടികളിലും മുഖ്യാതിഥിയായി പങ്കെടുത്ത് സന്ദേശം നൽകിയത് ബഹു.

സിൻസനച്ചൻ തന്നെയായിരുന്നു. “മാധ്യമ സ്വാതന്ത്ര്യത്തിന് പരിധി നിർണ്ണയിക്കണമോ? വേണ്ടയോ എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഡിബേറ്റും അന്നേ ദിവസം സംഘടിപ്പിച്ചു. ബഹു. ഫാ. ബിജു ആലപ്പാട്ട് ഡിബേറ്റ് മോഡറേറ്റ് ചെയ്യുകയും വിഷയത്തെക്കുറിച്ച് പ്രസക്തമായി പ്രഭാഷണം നടത്തുകയും ചെയ്തു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ജോർജ്ജ് സി.ഐ., ചാഴൂർ ഹൗസ്, കൂനംമുച്ചി
2. സുമിത് കുന്നുംങ്കൽ, ഗച്ചിബൗളി, ഹൈദരാബാദ്
3. ശ്രീ. ടി.ഡി. ബാബു, തട്ടിൽ ഹൗസ്, ഗ്രീൻവാലി,വടക്കേ അങ്ങാടി,ഒല്ലൂർ
4. ശ്രീമതി ഷേർളി നെല്ലിശ്ശേരി, W/o. ശ്രീ. ടി.ഡി. ബാബു, തട്ടിൽഹൗസ്, ഗ്രീൻവാലി, വടക്കേ അങ്ങാടി, ഒല്ലൂർ
5. പ്രൊഫ. ജോയ് പി.എം. പെല്ലിശ്ശേരി ഹൗസ്, പാരഡൈസ് അവന്യൂ, പാലക്കൽ
6. ശ്രീ. ടി.സി. ഡേവീസ്, താണിശ്ശേരി ഹൗസ്, പള്ളിക്കുന്ന്
7. ശ്രീ. ഡോൺ ബോസ്കോ തോമസ്, S/o. ശ്രീ. പി. കെ. തോമസ്, പുലിക്കോട്ടിൽ, കാക്രാട്ട് ഹൗസ്, പുവ്വത്തൂർ, പാവറട്ടി
8. ജോൺ മരിയ വിയാനി കുടുംബക്കൂട്ടായ്മ C/o.സെന്റ് ആന്റണീസ് ചർച്ച്, കാരമുക്ക് നോർത്ത്
9. ഒരു അഭ്യുദയകാംക്ഷി C/o. റവ ഫാ. സുനിൽ ചിരിയങ്കണ്ടത്ത്, തൃശ്ശൂർ അതിരൂപത.

വൈദിക പരിശീലനത്തിൽ ദൈവജനത്തിനുള്ള പങ്ക് തിരിച്ചറിഞ്ഞ് ആത്മാർത്ഥതയോടെ സഹകരിക്കുന്ന ഏവരേയും യേശുനാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
(റെക്ടർ)

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...... ആചരിക്കാൻ – 2016 സെപ്തംബർ**

| | | |
|---|---|---|
| 2 | വെള്ളി | – ആദ്യവെള്ളി, കുർബാന |
| 5 | തിങ്കൾ | – അദ്ധ്യാപക ദിനം |
| 8 | വ്യാഴം | – മറിയത്തിന്റെ ജനനതിരുനാൾ, ലോകസാക്ഷരതാദിനം |
| 14 | ബുധൻ | – തിരുവോണം |
| 16 | വെള്ളി | – ഓസോൺ ദിനം |
| 21 | ബുധൻ | – വി. മത്തായി ശ്ലീഹാ |
| 27 | ചൊവ്വ | – വി. വിൻസെന്റ് ഡി പോൾ |
| 29 | വ്യാഴം | – ഗബ്രിയേൽ, മിഖായേൽ,റപ്പായേൽ മാലാഖമാർ |

**2. അതിരൂപത അവാർഡ് ദിനം**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡു ദിനപരിപാടികൾ 2016 നവംബർ 13–ാം തിയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00ന് ഡി.ബി.സി. എൽ. സിയിൽ വെച്ചായിരിക്കും. വിശദവിവരങ്ങൾ 2016 ആഗസ്റ്റ് മാസത്തിലെ അതിരൂപത ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അർഹരായവരെ അതിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിയ്ക്കുമല്ലോ.

**3. അദ്ധ്യാപക ദിനം**

നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും, സെപ്തംബർ 5ന് തിങ്കളാഴ്ച അദ്ധ്യാപക ദിനം സമുചിതമായി കൊണ്ടാടുമല്ലോ. എല്ലാ അദ്ധ്യാപകർക്കും അദ്ധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും നേരുന്നു.

**4. മെയിന്റനൻസ് ഗ്രാന്റ് അപേക്ഷ**

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഈ മാസം സമർപ്പിക്കേണ്ടതാണ്. മുൻവർഷത്തിലെ ഗ്രാന്റ് ഇതുവരെയും ലഭിച്ചിട്ടില്ല. എങ്കിലും നടപ്പ് വർഷത്തെ അപേക്ഷ സമയത്ത് തന്നെ നൽകിയിരിക്കണം. പൂരിപ്പിച്ച അപേക്ഷ (4 കോപ്പികൾ വീതം)സെപ്തംബർ 9ന് വെള്ളിയാഴ്ചയ്ക്ക് മുൻപ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്. 5000/ (അയ്യായിരം) രൂപയ്ക്ക് മുകളിലുള്ള സംഖ്യക്ക് ഓഡിറ്റ് റിപ്പോർട്ടും ഹാജരാക്കണം.

**5. തിരുവോണാശംസകൾ**

നമ്മുടെ വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കും തിരുവോണാശംസകൾ നേരുന്നു.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപ്പറേറ്റ് മാനേജർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**സെന്റ് തോമസ് കോളേജിലെ ആദ്യ ബിരുദദാന ചടങ്ങ് വർണാഭമായി**

സെന്റ് തോമസ് കോളേജിലെ ആദ്യ ബിരുദദാന ചടങ്ങ് വർണാഭമായി സംഘടിപ്പിച്ചു. 2014-ൽ ഓട്ടോണമസ് പദവിയിലേക്കുയർന്ന കോളേജിലെ 183 വിദ്യാർത്ഥികളാണ് ബിരുദാനന്തര ബിരുദം പൂർത്തിയാക്കി ആദ്യ ബിരുദദാന ചടങ്ങളിൽ പങ്കെടുത്ത് കോളേജിന്റെ ചരിത്രത്തിന്റെ ഭാഗമായത്.

അക്കാദമിക് ബ്ലോക്കിലെ നടുത്തളത്തിൽ പ്രത്യേകം തയ്യാറാക്കിയ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽവച്ച് കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. കെ. മുഹമ്മദ് ബഷീർ ബിരുദദാനം നിർവഹിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ പരീക്ഷാ കട്രോളർ ഡോ. വി.വി. ജോർജ് കുട്ടി മുഖ്യാതിഥിയായി പങ്കെടുത്ത കോവെക്കേഷൻ മീറ്റിംഗിൽ കോളേജ് രക്ഷാധികാരി മാർ ആൻഡ്രൂസ് താഴത്ത്, മാനേജർ മാർ റാഫേൽ തട്ടിൽ എന്നിവർ സദസിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. പ്രിൻസിപ്പാൾ ഡോ. ജെൻസൻ പി.ഒ. മീറ്റിംഗിന് സ്വാഗതവും പരീക്ഷാ കട്രോളർ ഡോ. കെ.എം. ജോയി നന്ദിയും പറഞ്ഞു.

**ഉന്നത വിദ്യാഭ്യാസരംഗത്ത് മലയാളികളുടെ സാദ്ധ്യമുണ്ടാകണം: മാർ റാഫേൽ തട്ടിൽ**

ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള പഠന സ്ഥാപനങ്ങളിൽ മലയാളികളുടെ സാന്നിദ്ധ്യമുണ്ടാകണമെന്ന് മാർ റാഫേൽ തട്ടിൽ പറഞ്ഞു. സെന്റ് തോമസ് കോളേജിലെ ഫിസിക്സ് ഡിപ്പാർ്മെന്റിന്റെയും ടോപിക് (ടീച്ചേഴ്സ് ഓഫ് ഫിസിക്സ് ഇൻ കാലിക്കറ്റ് യൂണിവേഴ്സിറ്റി) ന്റെയും സംയുക്താഭിമുഖ്യത്തിൽ സെന്റ് തോമസ് കോളേജിലാരംഭിച്ച സൗജന്യ ജാം പരിശീലന ക്ലാസുകൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരു‍ു അദ്ദേഹം.

ഫിസിക്സ് ഡിപ്പാർട്ട്മെന്റ് മേധാവി പ്രൊഫ. പി.എം. ജോയി, അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ടോപികിന്റെ സ്ഥാപക പ്രസിഡന്റ് പ്രഫ. സി.എ. ഇനാശു, കോളേജ് വൈസ് പ്രിൻസിപ്പാൾ - ഡോ. തോമസ് പോൾ കാട്ടൂക്കാരൻ, ബർസാർ - റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് എന്നിവർ ആശംസകളർപ്പിച്ചു. കോഡിനേറ്റർ ഡോ. ഡെയ്സൻ പാണേങ്ങാടൻ സ്വാഗതവും ടോപികിന്റെ സെക്രട്ടറി ഡോ. ഡയസ് ഇ.ഡി. നന്ദിയും പറഞ്ഞു.

ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ വിവിധ ഐ.ഐ.ടി.കളിലേക്കും ഐ.ഐ.എസ്.സി കളിലേക്കുമുള്ള പ്രവേശനപരീക്ഷയ്ക്കുള്ള സൗജന്യ പരിശീലന ക്ലാസുകളിൽ 150 ഓളം വിദ്യാർത്ഥികളാണ് തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നിന്നായി പങ്കെടുക്കുന്നത്. രജിസ്ട്രേഷൻ

ഫീസായി വാങ്ങുന്ന 500 രൂപ, 60 ശതമാനം അറ്റൻഡൻസ് വിദ്യാർത്ഥികൾക്കുണ്ടാവുകയോ, ജാം പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാകുകയോ ചെയ്താൽ തിരിച്ചു നൽകുതാണ്. ശനിയാഴ്ച ദിവസങ്ങളിൽ രാവിലെ 9.30 മുതൽ 3.30 വരെ സെന്റ് തോമസ് കോളേജിൽ നടക്കു ക്ലാസുകൾക്ക് വിവിധ കോളേജുകളിലെ വിദഗ്ദർ ക്ലാസുകളെടുക്കും.

**സെന്റ് തോമസ് കോളേജിലെ എൻ.സി.സി. കേഡറ്റുകൾക്ക് നേട്ടം**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ജില്ലാഭരണകൂടം തേക്കിൻകാട് മൈതാനിയിൽ സംഘടിപ്പിച്ച സ്വാതന്ത്ര്യദിനാഘോഷ പരേഡിൽ എൻസിസി ആർമ്ഡ് കണ്ടിജെന്റ് വിഭാഗത്തിൽ സെന്റ് തോമസ് കോളേജിൽ ആൺകുട്ടികളുടെ എൻസിസി വിഭാഗം ബെസ്റ്റ് ആർമ്ഡ് കണ്ടിജെന്റ് ആയി തെരഞ്ഞെടുക്കപ്പെട്ടു.

വിശ്വസ്തതയോടെ

**റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
**ബർസാർ**

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
**പി.ആർ.ഒ.**

---

## THRISSUR EDUCATIONAL TRUST & Jyothi Engineering College

- **ടി.സി.എസ്. ട്രെയ്നിംഗ് പ്രോഗ്രാം** : ജൂലായ് 15ന് അവസാനവർഷ ബി.ടെക്. വിദ്യാർത്ഥികൾക്കായി ടാറ്റ കൺസൽട്ടൻസി സർവ്വീസസ്സിന്റെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് ട്രെയ്നിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു.
- **ഫയർ പ്രൊട്ടക്ഷൻ & എമ്മർജൻസി പ്രിപ്രേർഡ്നസ് ഏകദിന സെമിനാർ** : വിദ്യാർത്ഥികൾക്കായി, ജൂലായ് 21ന്, ശ്രീ. വിജയന്റെ (ഫയർ ഫിറ്റിംഗ് സർവ്വീസസ്, കേളത്ത് അസോസിയേറ്റ്സ്, തൃശൂർ) നേതൃത്വത്തിൽ ഫയർ പ്രൊട്ടക്ഷൻ & എമ്മർജൻസി പ്രിപ്രേഡ്നസ് എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു.
- **ബി.ടെക് ഒന്നാം വർഷ വിദ്യാർത്ഥികളുടെ വിദ്യാരംഭം** : 2016–17 വർഷത്തിൽ 94% ബി. ടെക് അഡ്മിഷൻ നേടിയ തൃശൂർ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ഒന്നാം വർഷ ബി.ടെക് ക്ലാസ്സുകളുടെ

ഉദ്ഘാടനം ജൂലൈ 30ന് തൃശൂർ അതിരൂപതാ സഹായ മെത്രാനും ഭാരതത്തിന്റെ അപസ്തോലിക് വിസിറ്റേറ്ററുമായ മാർ. റാഫേൽ തട്ടിൽ നിർവ്വഹിച്ചു. സ്വാഭാവ സംസ്ക്കരണമാണ് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമെന്ന് അദ്ദേഹം വിദ്യാർത്ഥികളെ ഉദ്ബോധിപ്പിച്ചു. ഗുരുക്കന്മാരെ വന്ദിച്ച് ഗുരുദക്ഷിണ നല്കി തുടങ്ങിയ ചടങ്ങിന് അതിരൂപതാ വികാരി ജനറൽ റവ. മോൺ. ഫാ. തോമസ് കാക്കശ്ശേരി ആദ്ധ്യക്ഷം വഹി ച്ചു. പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു സ്വാഗതം ആശംസിച്ചു. കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ കോളേജിനെക്കുറിച്ച് പ്രത്യേക പ്രഭാഷണം നടത്തി. കോളേജ് അഡ്മിനിസ്ട്രേറ്റർ തോമസ് മാത്യു, ബോബി പീറ്റർ, സ്റ്റുഡന്റ്സ് റപ്രസ്റ്റേറ്റീവ് എ. ജയകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

- **എം.ടെക് ക്ലാസ്സുകൾ ആരംഭിച്ചു** : എം.ടെക്. ആണ് എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിലെ ഏറ്റവും ഉയർന്ന അക്കാദമിക് പ്രോഗ്രാമെന്നും, അതിൽ ഏറ്റവും നല്ല മാസ്റ്റേഴ്സായി പരിണാമം ചെയ്യുകയാണ് ഓരോ മാസ്റ്റേഴ്സ് പ്രോഗ്രാം വിദ്യാർത്ഥിയുടേയും കർത്തവ്യമെന്നും, ഡോ. എസ് രാധാകൃഷ്ണൻ (മുൻ പ്രിൻസിപ്പാൾ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം) പറഞ്ഞു. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ, മാനേജ്മെന്റ് വിദ്യാർത്ഥികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും, അദ്ധ്യാപകർ മാനസീകവും ബൗദ്ധികവുമായ പിന്തുണയും നല്കുന്ന, തികഞ്ഞ സന്തുലിതാവസ്ഥയാണ് നിലനില്ക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ 5-ാമത് ബാച്ച്, എം.ടെക് ക്ലാസ്സുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രിൻസിപ്പൽ ഡോ.കെ.കെ. ബാബു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ പ്രത്യേക പ്രഭാഷണം നടത്തി. അഡ്മിനിട്രേറ്റേഴ്സ് തോമസ് മാത്യു, പ്രൊഫ. രത്നൻ പി., പ്രൊഫ. രാജപ്പൻ പിള്ള എന്നിവർ ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**ആഗസ്റ്റ് – 2016**

### ജൂബിലിയിലെ ഡോക്ടർമാർക്കായി 'വർക്ക്ഷോപ്പ്' നടത്തി

ജൂലൈ 18, 19 തിയതികളിലായി ജൂബിലിയിലെ എല്ലാ ഡോക്ടർമാർക്കുമായി 'വർക്ക്ഷോപ്പ്' സംഘടിപ്പിച്ചു. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഡയറക്ടർ ഡോ. സുനിൽ തോമസ് ചാണ്ടിയാണ് പരിപാടി നയിച്ചത്. ചർച്ചകളിലൂടെയും വിലയിരുത്തലുകളിലൂടെയും മൂല്യവർദ്ധന ഉറപ്പാക്കി ഡോക്ടർമാർ പരിപാടിയിൽ പങ്കെടുത്തു.

### ജൂബിലിയിൽ തൈറോയ്ഡിന് താക്കോൽ ദ്വാര ശസ്ത്രക്രിയ നടത്തി.

രണ്ടു വർഷമായി തൈറോയ്ഡ് രോഗം മൂലം കഴുത്തിനു വീക്കം ആയി വന്ന രോഗിയ്ക്ക് ജൂബിലിയിൽ തൈറോയ്ഡ് ഗ്രന്ഥിയിലെ വലതുഭാഗത്തെ മുഴ താക്കോൽദ്വാര ശസ്ത്രക്രിയാരീതിയായ ' Transaxillary Endoscopic Thyroidectomy 'വഴി നീക്കം ചെയ്തു. ജൂബിലിയിൽ ആദ്യമായാണ് ഇത്തരം ശസ്ത്രക്രിയ നടത്തുന്നത്. കഴുത്തിനു മീതെ ശസ്ത്രക്രിയയുടെ മുറിവിന്റെ പാട് ഉണ്ടാകില്ല എന്നതാണ് ഇതിന്റെ ഗുണം. ഡോ. വിക്രമന്റെയും ഡോ. അമൃതയുടേയും നേതൃത്വത്തിലാണ് നടന്നത്.

### ജൂബിലിയിൽ സമ്പൂർണ്ണ ഹീമോഫീലിയ ചികിത്സ

രക്തസ്രാവ വൈകല്യമുള്ളവർ സമൂഹത്തിൽ വർദ്ധിക്കുന്നതായും സമഗ്ര ചികിത്സ സംരംഭങ്ങൾ ഈ മേഖലയിൽ ആവശ്യമാണെന്നും മന്ത്രി സി. രവീന്ദ്രനാഥ് പറഞ്ഞു. ജൂബിലി മിഷൻ ആശുപത്രിയിൽ ഹീമോഫീലിയ അടക്കമുള്ള രക്തസ്രാവ വൈകല്യമുള്ളവർക്കായി ആരംഭിക്കുന്ന ചികിത്സാ കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. പ്രവീൺ ലാൽ, ഡോ. എബ്രഹാം വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.

**യാത്രാമംഗളങ്ങൾ**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ പത്തുവർഷക്കാലത്തോളം അസിസ്റ്റന്റ് ഡയറക്ടറായി സേവനം അനുഷ്ഠിച്ച് ഉപരിപഠനത്തിനായി അമേരിക്കയിലേക്ക് യാത്രയായ റവ. ഫാ. സുനിൽ ചിരിയങ്കണ്ടത്തിന് ജൂബിലി മിഷൻ കുടുംബത്തിന്റെ പ്രാർത്ഥനകളും... ഹൃദ്യമായ നന്ദിയും ... യാത്രാമംഗളങ്ങളും...

**പബ്ലിക്കേഷൻ ഇൻസെന്റീവ് വിതരണം ചെയ്തു.**

ജൂബിലിയിലെ ഡോക്ടർമാർ ശാസ്ത്ര പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനു പ്രോത്സാഹനമായി പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. ലഭിച്ച അപേക്ഷകളിൽ മിനിമം പോയിന്റ് ലഭിച്ചവർക്കെല്ലാം 2015-ലെ ഇൻസെന്റീവ് ആഗസ്റ്റ് 15 ന് ചേർന്ന കോളേജ് കൗൺസിൽ യോഗത്തിൽ ഡയറക്ടർ വിതരണം ചെയ്തു. ഡോ. സുപ്രിയ അടിയോടി (പൾമണറി) 9.5 പോയിന്റ് ലഭിച്ച് ഒന്നാമതായി. ഡോ. അണ്ണമല. പി.ടി. (ബയോകെമിസ്ട്രി) 7 പോയിന്റ്. ഡോ. സി.വി. ആഡ്രൂസ് 4.5 പോയിന്റ് എന്നിങ്ങനെയാണ് ലഭിച്ചത്.

**ജൂബിലിയിൽ ജനിതക പരിശോധന**

ജൂബിലി റിസർച്ച് ലാബിൽ ജനിതകപരിശോധന ആരംഭിച്ചു. കാരിയോടൈപ്പിംഗ് ആണ് ഇപ്പോൾ തുടങ്ങിയിരിക്കുന്നത്. മ്യൂട്ടേഷൻസ് അറിയുന്നതിനുള്ള പരിശോധനയും ചെയ്യുവാൻ സൗകര്യമുണ്ട്. ഈ പരിശോധനകൾക്കെല്ലാം രക്തം നൽകേണ്ടതും പണം അടയ്ക്കേണ്ടതും സെൻട്രൽ ലാബിലാണ്. രോഗികളുടെ വിവരങ്ങൾ നൽകുന്നതിനുള്ള ഫോം സെൻട്രൽ ലാബിൽ നിന്നുതന്നെ ലഭിക്കുന്നതാണ്. ആവശ്യമുള്ള രോഗികൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

**അഭിനന്ദനങ്ങൾ•••..**

സ്റ്റുഡന്റ്സ് നേഴ്സസ് അസോസിയേഷൻ നോർത്ത്-ഈസ്റ്റ് സോൺ വിദ്യഭ്യാസ-കലാമത്സരത്തിൽ ഇരുവിഭാഗത്തിലും ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് ടീം ചാമ്പ്യൻമാരായി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

സ്നോകേപ് ഐസ് ക്രീം പ്രൈവെറ്റ് ലിമിറ്റഡ് (20 ഡയാലിസിസ്)
ശ്രീ. ജോസ് വി. ടി, വടക്കൂട്ട് ഹൗസ്, ഒളരിക്കര പി. ഒ., തൃശ്ശൂർ (20 ഡയാലിസിസ്)
സെന്റ് ആൻസ് ചർച്ച്, വെസ്റ്റ് ഫോർട്ട്, തൃശ്ശൂർ (80 ഡയാലിസിസ്)
ശ്രീ. ജിയോ കൊച്ചക്കൻ, കൊടകര, തൃശ്ശൂർ (20 ഡയാലിസിസ്)

**കൺമണിക്കൊരു കരുതലിലേക്ക് സംഭാവന നൽകിയവർ**

ശ്രീമതി ബീന ജോസ്, മുബൈ 400080
ശ്രീ. വില്യം, ശ്രീ. രാജേഷ്, ശ്രീ. മിൽട്ടൻ, 2nd മെയിൻ റോഡ്, ചെന്നൈ

ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

**ബാലവേദി മീറ്റിംഗുകൾ സംഘടിപ്പിച്ചു.**

കുട്ടികളുടെ സമഗ്ര വളർച്ചയും പുരോഗതിയും ലക്ഷ്യം വച്ചുകൊണ്ട് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ബാലവേദികളുടെ മീറ്റിംഗ് അരിമ്പൂർ,വരടിയം എന്നീ ഇടവകകളിൽ നടത്തി. നിരവധി കുട്ടികൾ മീറ്റിംങ്ങിൽ പങ്കെടുത്തു. എല്ലാ ഇടവകകളിലും ബാലവേദികൾ രൂപീകരിച്ച് പ്രവർത്തിക്കാൻ വികാരിയച്ചൻമാരുടെയും ഇടവകാംഗങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ശിൽപശാല സംഘടിപ്പിച്ചു.**

സമന്വയ പദ്ധതിയുടെ ഭാഗമായി അതിൽ ഉൾപ്പെട്ട അംഗങ്ങൾക്കായി സദ്ഭരണം എങ്ങനെ എന്ന വിഷയത്തിൽ അർധദിന ശിൽപശാല ജൂലായ് 8-ാം തിയ്യതി, ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. മീറ്റിംഗ് ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ.ഡെന്നി താണിക്കൽ ഉദ്ഘാടനം ചെയ്തു. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, അസി.ഡയറക്ടർമാരായ ഫാ.ടോണി അരിമ്പൂർ,ഫാ.ടെഡ്സ് കുന്നപ്പിള്ളി , പ്രോജക്ട് കോഡിനേറ്റർ നിവിൻ ജോസഫ് തുടങ്ങിയവർ സംസാരിച്ചു. കിലയിൽ നിന്നുള്ള പി.വി രാമകൃഷ്ണൻ ക്ലാസ്സിന് നേതൃത്വം നൽകി.

**ജൈവകൃഷിത്തോട്ടം സന്ദർശിച്ചു.**

സമന്വയ പദ്ധതിയുടെ ഭാഗമായി സാന്ത്വനത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി അതിരൂപതയുടെ സാമൂഹ്യ പ്രവർത്തന കേന്ദ്രമായ ചങ്ങനാശ്ശേരി

സോഷ്യൽ സർവ്വീസ് സൊസൈറ്റി (CHASS) സന്ദർശിക്കുകയും, അവരുടെ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൈവകൃഷിത്തോട്ടം സന്ദർശിക്കുകയും ജൈവകൃഷിയുടെ വിവിധ മേഖലകളെ കുറിച്ച് പഠിക്കുകയും ചെയ്തു. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, പ്രോജക്ട് കോഡിനേറ്റർ നിവിൻ ജോസഫ്, സാന്ത്വനം ഗവേണിംഗ് ബോഡി മെമ്പേഴ്സ്,

JLG പ്രതിനിധികൾ, സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

**സ്വയം സഹായ സംഘങ്ങളുടെ രൂപീകരണയോഗം സംഘടിപ്പിച്ചു.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ സ്വയം സഹായ സംഘങ്ങളും, ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളും മറ്റ് പദ്ധതികളും ആരംഭിക്കുന്നതിന്റെ ഭാഗമായി ചിറ്റിലപ്പിള്ളി ഇടവകയിൽ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ യോഗം സംഘടിപ്പിച്ചു. ഇടവക വികാരി ഫാ.വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സാന്ത്വനത്തിന്റെ വിവിധ വികസന പദ്ധതികളെ സംബന്ധിച്ച് ഡയറക്ടർ ഫാ.തോമസ് പൂപ്പാടി ക്ലാസ്സ് എടുത്തു. സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കോഡിനേറ്റർ സി.പി ജോർജ്ജ് വിശദീകരിച്ചു. തുടർന്ന് അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ഇടവകയിൽയൂണിറ്റുകൾ തോറും സാന്ത്വനത്തിന്റെ വിവിധ പദ്ധതികളുമായി സഹകരിക്കുന്നതിന് ഇടവക സാമൂഹ്യ ക്ഷേമ സമിതിയുമായി ബന്ധപ്പെടുവാൻ ഓർമപ്പെടുത്തി.

## SHG **ലീഡേഴ്സ് സംഗമം**

സാന്ത്വനത്തിന്റെ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും വിശദീകരിക്കുന്നതിനായി വെള്ളാറ്റഞ്ഞൂർ ഇടവകയിലെ കുടുംബശ്രീ സംഘങ്ങളിലെ ലീഡേഴ്സിന്റെയും മറ്റ് അംഗങ്ങളുടെയും യോഗം സംഘടിപ്പിച്ചു. വികാരി ഫാ.ലാസർ താണിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി പ്രവർത്തനങ്ങളും നടപടി ക്രമങ്ങളും സംബന്ധിച്ച വിശദമായ ക്ലാസ്സ് നയിച്ചു. പഞ്ചായത്ത് മെമ്പർമാർ CDS ചെയർപേഴ്സൺ തുടങ്ങിയവർ നേതൃത്വം നൽകി.

**യൂണിറ്റ് സന്ദർശനം നടത്തി.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ കിള്ളിമംഗലം,പരക്കാട്,ചേലക്കര,പങ്ങാരപ്പിള്ളി, വലക്കാവ്,വെള്ളാനിക്കോട്,പൊന്നൂക്കര,ആറംപ്പിള്ളി,പെരിഞ്ചേരി,കല്ലൂർ ഈസ്റ്റ് യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ ഭാരവാഹികളുടെ യോഗം (BAT) അതാത് ഇടവകയിൽ നടന്നു. സാന്ത്വനം അസി.ഡയറക്ടർ ഫാ.ടോണി അരിമ്പൂർ സന്ദർശനത്തിന് നേതൃത്വം നൽകി.സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സ്വയം സഹായ സംഘങ്ങളും,ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളും പുതുതായി രൂപീകരിക്കുന്നതിനും തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ വായ്പയും മറ്റ് പരിശീലനങ്ങളും ലഭ്യമാക്കുന്നതിനും സാന്ത്വനം പദ്ധതി ആരംഭിച്ചതായി അസി.ഡയറക്ടർ അറിയിച്ചു. ഇടവക വികാരിമാരായ ഫാ.സെബി

ചിറ്റാട്ടുകര. ഫാ.സിജോ അരിക്കാട്ട് തുടങ്ങിയവർ അതാത് യൂണിറ്റുകളിലെ യോഗങ്ങളിൽ പങ്കെടുത്തു. കോഡിനേറ്റർ സി.പി ജോർജ്ജ് യോഗങ്ങളിൽ പങ്കെടുത്തിരുന്നു.

**സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടന്നു.**

അരണാട്ടുക്കര,പൊന്നൂക്കര, മുണ്ടത്തിക്കോട്എന്നീ ഇടവകകളിൽ വച്ച് സ്നേഹനിധി യുണിറ്റിന്റെ വാർഷിക പൊതുയോഗങ്ങൾ നടത്തുകയുണ്ടായി. അതതു ഇടവകകളിലെ വികാരിമാർ, സാന്ത്വനം ഡയറക്ടർ, അസി. ഡയറക്ടർമാർ, കോ. ഓർഡിനേറ്റർ, ആനിമേറ്റർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

**മോണിറ്ററിംഗ് സന്ദർശനങ്ങൾ നടത്തി.**

സ്നേഹനിധിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി സാന്ത്വനത്തിൽ നിന്നുള്ള മോണിറ്ററിംഗ് ടീം കിള്ളിമംഗലം,പരക്കാട്, പങ്ങാരപ്പിള്ളി,ചേലക്കര എന്നീ യൂണിറ്റുകൾ സന്ദർശിച്ചു. ഓരോ യൂണിറ്റിലും പ്രവർത്തിക്കുന്ന സ്നേഹനിധിയുടെ കണക്കുകൾ പരിശോധിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**ഓഡിറ്റിംഗ് നടത്തി.**

ഫാമിലി ഡവലപ്പ്മെന്റ് പ്രോഗ്രാമിന്റെ കഴിഞ്ഞ 3 വർഷങ്ങളിലെ പ്രവർത്തനങ്ങളും, കണക്കുകളും വിലയിരുത്തുന്നതിനായി സേവ് എ ഫാമിലി( ഇന്ത്യ ) യുടെ ഹെഡ് ഓഫീസിൽ നിന്നും റീജിയണൽ പ്രോഗ്രാം ഓഫീസറുടെ നേതൃത്വത്തിൽ സാന്ത്വനം ഓഫീസ് സന്ദർശിച്ചു. കണക്കുകൾ പരിശോധിക്കൽ, ആനിമേറ്റർമാരുടെയും കോഡിനേറ്റർമാരുടെയും യോഗങ്ങൾ, ഫെസിലിറ്റേഷൻ ടീം യോഗം, ഗുണഭോക്താക്കളുടെ ഭവനങ്ങൾ എന്നിവ സന്ദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നു.

**FDP മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.**

പേരാമംഗലം - 1,20000/-, നെല്ലങ്കര - 22,000/-, ചൊവ്വൂർ - 11,000/-

കൊഴുക്കുള്ളി -22,000/-,അരിമ്പൂർ -28,000/-, വില്ലടം - 54,000/-, കോലഴി - 22,000/-, തലോർ - 30,000/-, പുതുക്കാട് - 35,000/-, ഇരവിമംഗലം - 50,000/-, മുല്ലക്കര - 40,000/-, വെട്ടുക്കാട് - 18,000/-, നെല്ലിക്കുന്ന് - 33,000/-, അത്താണി - 9,000/-, വീണ്ടശ്ശേരി - 36,000/-, കൂനം

മൂച്ചി-15,000/-,ചേറൂർ -15,000/-, ലൂർദ്ദ് - 45,000/-, മരോട്ടിച്ചാൽ - 50,000/-, വലക്കാവ് - 23,000/-,വെള്ളക്കാരിത്തടം-47,000/-,പാലയൂർ -22,293/-, ചിറ്റാട്ടുക്കര-14,383/-,ചേറ്റുപുഴ-12,079/-,തൃക്കൂർ - 7,810/-, വാക-23,964/-,ചേലക്കര - 11,750/-, ഏങ്ങണ്ടിയൂർ - 53,284/-.

**പുതിയ ഗുണഭോക്താക്കൾക്ക് അക്കൗണ്ടുകൾ ആരംഭിച്ചു.**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിലേക്ക് തിരഞ്ഞെടുത്ത 125 പുതിയ ഗുണഭോക്താക്കൾക്ക് സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക് ഈസ്റ്റ് ഫോർട്ട് എന്നീ ബാങ്കുകളിൽ അക്കൗണ്ടുകൾ ആരംഭിച്ചു. എല്ലാ മാസവും നിശ്ചിത സംഖ്യ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും അവരുടെ സമഗ്രവികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടത്തപ്പെടുന്നു. ഇപ്പോൾ ആകെ 257 ഭവനങ്ങൾക്ക് ഈ പദ്ധതിയിലൂടെ സപ്പോർട്ട് നൽകുന്നു.

**ഫണ്ട് മൊബിലൈസേഷൻ പ്രോഗ്രാം.**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയുടെ ധനശേഖരണാർത്ഥം കുണ്ടുക്കാട്, ചിറ്റാട്ടുക്കര,കുണ്ടന്നൂർ ഇടവകകളിൽ ഫണ്ട് മൊബിലൈസേഷൻ പ്രോഗ്രാം നടത്തി. പരിപാടിക്ക് സഹകരിച്ച വികാരിയച്ചൻമാർ, കൊച്ചച്ചൻമാർ, ഇടവകജനങ്ങൾ എന്നിവർക്ക് സാന്ത്വനത്തിന്റെ കൃതജ്ഞതകൾ.

**ഓരോ ഇടവകയിൽ നിന്നും ലഭിച്ച സംഖ്യ.**

ചിറ്റിലപ്പിള്ളി - 77901/-　　കുണ്ടൂക്കാട് - 38636/-

ചിറ്റാട്ടുക്കര - 228694/-

GOFമുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.

ചേലക്കര -45000/-, പുറനാട്ടുക്കര - 10,000/-, കണ്ണാറ - 10,000/-, വില്ലടം - 6,000/-, ഇരവിമംഗലം -5000/-.

**സാമൂഹ്യക്ഷേമ കൺവീനർമാരുടെ സെമിനാർ**

സാന്ത്വനത്തിന്റെ ഇടവകതല യൂണിറ്റായ സാമൂഹ്യക്ഷേമ സമിതിയുടെ കൺവീനർമാരുടെ ഒരു യോഗം സാന്ത്വനം ഓഫീസിൽ കൂടുകയുണ്ടായി. തദവസരത്തിൽ കാൻസർ എന്ന മാറാരോഗത്തെ കുറിച്ചും അതിനെതിരെ

നടപ്പിലാക്കേണ്ട കർമ്മപരിപാടികളെ കുറിച്ചും ചർച്ച നടത്തുകയും, ആവിഷ്ക്കരിക്കുന്ന കർമ്മ പദ്ധതികൾ ഇടവകതലത്തിൽ പ്രാവർത്തികമാക്കാൻ ആവശ്യമായ സർവ്വ പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. ചർച്ചകൾക്ക് ആശാകിരണം കോഡിനേറ്റർ ശ്രീമതി.ബിനിത രതീഷ് നേതൃത്വം ൽകി. സാന്ത്വനം ചെയർമാൻ മോൺ.തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്ത സെമിനാർ ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, സാമൂഹ്യ ക്ഷേമ സമിതി സെക്രട്ടറി ശ്രീ.ഷിമ്മി പട്ട്യേക്കൽ, സ്റ്റാഫ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

ഫാ. ടോണി അരിമ്പൂർ
ഫാ. ടെഡ്സ് കുന്നപ്പിള്ളി
അസി.ഡയറക്ടേഴ്സ്

ഫാ. തോമസ് പൂപ്പാടി
ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**വിധവകളുടെ കൂട്ടായ്മ : സെപ്റ്റംബർ 11**

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുകയും ജീവിതപങ്കാളിയുടെ മരണം മൂലം ഏകാന്തതയും ദുഃഖവും അനുഭവിക്കുന്നവരുടെ ഏകദിന കൂട്ടായ്മ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സെപ്റ്റംബർ 11-ാം തിയ്യതി ഞായറാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഒരു മണിക്ക് വി.കുർബ്ബാനയോടെ സമാപിക്കുന്നു. പ്രാർത്ഥനയിലൂടെയും പരസ്പരമുള്ള പങ്കുവയ്പിലൂടെയും വിധവകളനുഭവിക്കുന്ന സഹനങ്ങളെ അതിജീവിക്കാനും ദൈവരാജ്യ ശുശ്രൂഷയ്ക്കായി തങ്ങളുടെ ശിഷ്ട സമയത്തെ ഫലപ്രദമായി ഉപയോഗിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം. ഈ കൂട്ടായ്മയിലേക്ക് വിധവകളായ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

**ഏകസ്ഥരുടെ കൂട്ടായ്മ : സെപ്റ്റംബർ 18**

തൃശ്ശൂർ അതിരൂപതയിലെ ഏകസ്ഥരായി കഴിയുന്നവർക്കായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഏകദിന കൂട്ടായ്മ സെപ്റ്റംബർ 18-ാം തിയ്യതി ഞായറാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഒരു മണിക്ക് വി. കുർബ്ബാനയോടെ സമാപിക്കും. സഭയോടൊത്തുചേർന്ന് പരസ്പരം പ്രാർത്ഥിച്ചും പങ്കുവച്ചും വളരുന്നതിനുള്ള അവസരമാണ് ഏകസ്ഥരുടെ കൂട്ടായ്മ. ഈ മഹനീയലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ഏകദിന കൂട്ടായ്മയിലേക്ക് ഏകസ്ഥരായി കഴിയുന്ന എല്ലാ സഹോദരങ്ങളേയും ക്ഷണിക്കുന്നു.

**ദമ്പതിധ്യാനം : സെപ്റ്റംബർ 25**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ ദമ്പതികൾക്കു വേണ്ടി നടത്തപ്പെടുന്ന രണ്ടാമത്തെ ധ്യാനമാണ് സെപ്റ്റംബർ 25 ഞായറാഴ്ച നടത്തുന്നത് വിവാഹജീവിതത്തെപറ്റിയും മാതാപിതാക്കൾ തമ്മിലുള്ള ആശയവിനിമയത്തെപറ്റിയും മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തെപറ്റിയും മക്കളുടെ സ്വഭാവരൂപീകരണത്തെപറ്റിയുമാണ് ഈ ധ്യാനത്തിൽ ഊന്നൽ നൽകുന്നത്. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് സെപ്റ്റംബർ 25-ാം തിയ്യതി ഞായറാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് 4.00 ന് സമാപിക്കുന്നു. എല്ലാ ദമ്പതികളെയും ക്ഷണിക്കുന്നു.

**ഫാ. ജിയോ തെക്കിനിയത്ത്**
അസോ. ഡയറക്ടർ

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

തൃശ്ശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ് മൂവ്മെന്റിന്റെ നേതൃത്വത്തിൽ കേന്ദ്രസർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന - ദയാവധ നിയമത്തിനെതിരെയും MTP Act ഭേദഗതിക്കെതിരെയും പ്രതിഷേധ പ്രകടനവും പോസ്റ്റ് ഓഫീസ് ധർണ്ണയും നടത്തി. ജൂലായ് 16-ാം തിയ്യതി ശനിയാഴ്ച രാവിലെ 10.30 ന് തൃശ്ശൂർ പുത്തൻ പള്ളിയിൽ നിന്നും ആരംഭിച്ച് പ്രതിഷേധ റാലി കോർപ്പറേഷൻ ഓഫീസിനടുത്തുള്ള സ്പീഡ് പോസ്റ്റ് ഓഫീസിനു മുൻപിൽ ധർണ്ണയോടുകൂടി സമാപിച്ചു.

### പ്രോലൈഫ് അദ്ധ്യാപക സെമിനാർ - 2016

തൃശ്ശൂർ അതിരൂപതയിലെ മുഴുവൻ സ്കൂളിലെയും കത്തോലിക്കാ അദ്ധ്യാപിക-അദ്ധ്യാപകർക്കായി ഒരു പ്രോലൈഫ് സെമിനാർ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സെപ്തംബർ 21 ബുധനാഴ്ച രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 4 മണി വരെ നടക്കുന്ന സെമിനാറിൽ ആധുനിക കാലഘട്ടത്തിലെ ജീവന്റെ വെല്ലുവിളികളും മറ്റ് ആനുകാലിക വിഷയങ്ങളും സംബന്ധിച്ച് പ്രഗത്ഭരായ വ്യക്തികളുടെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ബന്ധപ്പെടേണ്ട നമ്പർ 9846142576.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

# മാതൃവേദി

**അവയവദാന ബോധവൽക്കരണ സെമിനാറും ,അവയവദാന സമ്മതപത്ര സമർപ്പണവും**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അമ്മമാർക്കായുള്ള അവയവദാനബോധവൽക്കരണ സെമിനാർ കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ചെയർമാൻ റവ.ഫാ. ഡേവീസ് ചിറമ്മൽ ഉദ്ഘാടനം ചെയ്ത് സെമിനാർ നയിച്ചു. സെമിനാറിന്റെ സമാപനത്തിൽ മാതൃവേദിയിലെ അംഗങ്ങൾ എല്ലാവരും അവയവദാന സമ്മതപത്രം ഒപ്പിട്ട് ഡേവിസ് ചിറമ്മലച്ചനെ ഏൽപിക്കുകയും ചെയ്തു. മാതൃവേദി ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ അസി. ഡയറക്ടർ ഫാ.ബൈജു കാഞ്ഞിരത്തിങ്കൽ മാതൃവേദിയിലെ അതിരൂപത പ്രസിഡണ്ട് ശ്രീമതി. ബീന ജോഷി, മറ്റ് അതിരൂപത ഭാരവാഹികളും നേതൃത്വം വഹിച്ചു.

**മാർഗ്ഗംകളി മത്സര വിജയികൾ**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അമ്മ

മാർക്കായുള്ള മാർഗ്ഗംകളി മത്സരം തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ വികാരി വെരി. റവ. ഫാ. വർഗ്ഗീസ് കൂത്തൂർ ഉദ്ഘാടനം ചെയ്തു. മത്സരത്തിൽ ഒന്നാം സമ്മാനം പേരകം, രണ്ടാം സമ്മാനം ആർത്താറ്റ്, മൂന്നാം സമ്മാനം കൂനമൂച്ചി എന്നീ ഇടവകകൾ കരസ്ഥമാക്കി. പ്രോത്സാഹന സമ്മാനങ്ങൾ എടക്കളത്തൂർ, എരുമപ്പെട്ടി, തിരൂർ, പുത്തൻപീടിക, അടാട്ട്, വരന്തരപ്പിള്ളി, അമ്മാടം എന്നീ ഇടവകകളും കരസ്ഥമാക്കി. പങ്കെടുത്തവർക്കും മത്സരവിജയികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**ബീന ജോഷി**
പ്രസിഡന്റ്

**ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# ഫ്രാൻസിസ്കൻ അല്മായസഭ

**സമാധാനവും സൗഭാഗ്യവും**

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ മാസ മീറ്റിംഗ് കാൽവരി ആശ്രമത്തിൽ വെച്ച് പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ 07.08.2016 ഞായറാഴ്ച കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. യോഗത്തിൽ ഫാ. പോൾ അടമ്പുകുളം, ഫാ. നിക്സൺ കോളാട്ടുകുടി, സി. റോസിലിൻ, പി.ഐ. സൈമൺ എന്നിവർ സംബന്ധിച്ചു. സെപ്തംബറിൽ നടക്കുന്ന ലോഗോസ് ക്വിസിൽ കഴിയുന്നത്ര അംഗങ്ങൾ പങ്കെടുക്കണമെന്ന് നിർദ്ദേശിച്ചു.

കണ്ടശ്ശാംകടവ് റീജിയന്റെ നേതൃത്വത്തിൽ കുട്ടികൾക്കുവേണ്ടി വാനമ്പാടി മഹോത്സവം കാഞ്ഞാണി പള്ളിയിൽ വെച്ച് 30.07.2016 നടത്തപ്പെട്ടു. കാഞ്ഞാണി പള്ളി വികാരി ഫാ. ജോർജ്ജ് ചെറുവത്തൂരിന്റെ അദ്ധ്യക്ഷതയിൽ ഫൊറോന വികാരി ഫാ. ജോസഫ് പൂവത്തൂക്കാരന്റെ ഉദ്ഘാടനത്തോടെ ആരംഭിച്ചു. സി. റോസിലിൻ, സി. ഫ്ളവർലിറ്റ്, സണ്ണി വടക്കൻ, വി. എൽ. സൈമൺ എന്നിവർ പ്രസംഗിച്ചു. ഫാ. ഫ്രാങ്കോ വടക്കൻ, ഫാ. സിജോ അരിക്കാട്ട് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

വടക്കാഞ്ചേരി റീജിയന്റെ നേതൃത്വത്തിൽ മങ്ങാട്, പതിയാരം, കുണ്ടന്നൂർ പള്ളികളിലെ എസ്.പി. ഒ. എസ്. എസ്. ഒ. യൂണിറ്റുകളിൽ കാനോനിക സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി. ഫാ. പോൾ അടമ്പുകുളം, സണ്ണി വടക്കൻ, സെലീന ജോൺ എന്നിവർ പങ്കെടുത്തു.

ഒക്ടോബർ 4ന് വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ ഭക്തിപൂർവ്വം എല്ലാ യൂണിറ്റുകളിലും ആഘോഷിക്കുവാൻ തീരുമാനിച്ചു.

യേശുവിൽ എളിയ സഹോദരൻ

**സണ്ണി വടക്കൻ**

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

കാത്തലിക് നേഴ്സസ് ഗിൽഡിന്റെ അതിരൂപതാ ജനറൽ ബോഡി മീറ്റിംഗ് 2016 ജൂലൈ 21ന് ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ ഹോസ്പിറ്റലിൽ വെച്ച് വൈകീട്ട് 2ന് നടന്നു. 30 പേർ പങ്കെടുത്ത മീറ്റിംഗിൽ CNGI വൈസ് പ്രസിഡണ്ട് റവ. സി.ലിസറ്റ് സി.എം.സി., സ്വാഗതം ആശംസിക്കുകയും CNGI സെക്രട്ടറി സി. റൊസീന FCC റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. CNGI തൃശ്ശൂർ അതിരൂപത CNGIഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. വചനവും സ്നേഹവും, കരുണയും പങ്കുവെയ്ക്കുന്നതിൽ, ഞാൻ എത്ര മാത്രം സമയം കണ്ടെത്തുന്നു എന്ന് സ്വയം വിലയിരുത്തണം എന്ന് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ അച്ചൻ ഓർമ്മിപ്പിച്ചു. അമല CNGI യൂണിറ്റ് അഡ്വൈസറായി, 10 വർഷത്തോളം CNGI യോട് ചേർന്ന് പ്രവർത്തിച്ചിരുന്ന അമല ഹോസ്പിറ്റൽ അസോസിയേറ്റഡ് ഡയറക്ടറായ റവ. ഫാ. ഷിബു പുത്തൻപുരയ്ക്കൽ CMI അമേരിക്കയിലേക്ക് പഠനത്തിനായി പോകുന്നതിനാൽ യാത്രാമംഗളങ്ങളും നന്ദിയുടെ സ്നേഹോപകാരവും നൽകികൊണ്ട് യാത്രയയപ്പ് നൽകി. തന്റെ മറുപടി പ്രസംഗത്തിൽ, സഭയുടെ മുഖമാണ് നേഴ്സുമാരെന്നും, ആദ്ധ്യാത്മിക പ്രചോദനങ്ങൾ കുറയുന്ന ഈ കാലഘട്ടത്തിൽ ആദ്ധ്യാത്മിക ശാക്തീകരണം, സാധ്യമാക്കണം എന്ന് ഷിബു അച്ചൻ കൂട്ടിചേർത്തു.

CNGI ട്രഷറർ ആയിരുന്ന റവ. സി. ഇസെബൽ CHF ന് പകരമായി ജനറൽ ബോഡിയിൽ നിന്നും റവ.സി. മെറിൻ Chf നെ പുതിയ CNGI അതിരൂപതാ ട്രഷറർ ആയി തെരഞ്ഞെടുത്തു.

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക് നേഴ്സസ് ഗിൽഡ്, അതിരൂപതയിൽ ആതുര ശുശ്രൂഷാ രംഗത്ത് മികച്ച സേവനം ചെയ്തുകൊണ്ടിരിക്കുന്നവരിൽ നിന്നും കാരുണ്യത്തിന്റെ മാലാഖയെ തിരഞ്ഞെടുത്ത് ആദരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

നവംബർ മാസത്തിൽ ഏങ്ങണ്ടിയൂർ MI ഹോസ്പിറ്റലിൽ വെച്ച് നടത്താൻ നിശ്ചയിച്ചിട്ടുള്ള "നൈറ്റിംഗേൽസ് മീറ്റ് 2016" ന്റെ മുൻ ഒരുക്കത്തിന്റെ ഭാഗമായി പ്രോഗ്രാം കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് ജനറൽ ബോഡിയിൽ വെച്ച് നടത്തപ്പെട്ടു. CNGI ജോയിന്റ് സെക്രട്ടറി ശ്രീമതി ലിജി ഡേവീസ് യോഗത്തിൽ പങ്കെടുത്ത ഏവർക്കും നന്ദിപറഞ്ഞുകൊണ്ട്, തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനയും പിന്തുണയും ആവശ്യപ്പെട്ടുകൊണ്ടും യോഗം സമംഗളം 4 pmന് സമാപിച്ചു.

**ഫാ. സിജോ അരിക്കാട്ട്**
ഡയറക്ടർ

**സി. റൊസീന ഡേവീസ്** FCC
സെക്രട്ടറി

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 701–ാമതും കൂരിയായുടെ 714–ാമതും സമ്മേളനം 2016 ആഗസ്റ്റ് 7നു ഞായറാഴ്ച കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിൽ ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. ജോൺ മൂലനച്ചന്റേയും അസി. ആദ്ധ്യാത്മിക നിയന്താവ് റവ. സി. ഡോ. മരിയറ്റ എ തേറാട്ടിലിന്റേയും സാന്നിദ്ധ്യത്തിൽ പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു.

നിയമഗ്രന്ഥത്തിൽ നിന്ന് ബ്ര. പ്രസിഡണ്ട് ജ്ഞാന വായന നടത്തി. സെക്രട്ടറി ബ്ര. പി.സി. കുരിയപ്പൻ മുൻ മാസ റിപ്പോർട്ടും ട്രഷറർ ബ്ര. എ.ജെ. വിൻസെന്റ് വരവ്-ചിലവ് കണക്കും അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. വൈസ് പ്രസിഡണ്ട് സി. എൽസി ചുമ്മാർ ഹാജർ വിളിച്ചു. കാഞ്ഞിരപ്പുഴ കൂരിയ ഒഴിച്ച് എല്ലാ കൂരിയായിൽ നിന്നും സൈനീകർ ഹാജരുണ്ടായിരുന്നു.

ബ്ര. പ്രസിഡന്റ് മരിയ സൈനികർക്കും പ്രത്യേകിച്ച് അസി. ആദ്ധ്യാത്മികനിയന്താവായ ബഹു. സി. മരിയറ്റ എ. തേറാട്ടിലിനും, കൂരിയായിൽ നിന്ന്പുതിയ ഭാരവാഹികളായവർക്കും സ്വാഗതം പറഞ്ഞു.

സൈനിക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് പ്രഭാഷണ നടത്തി. പരി. അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിന്റെ മംഗളങ്ങൾ നേരുകയും ചെയ്തു. 15 നോമ്പ് ആചരണത്തെക്കുറിച്ചും ആദ്ധ്യാത്മിക നിയന്താവ് ഓർമ്മിപ്പിച്ചു. പുതിയ പ്രസീദിയങ്ങൾ ആരംഭിക്കുന്നതിനാൽ സെന്റ് മേരീസ് കോളേജിലും ഒരു പ്രസീദയം ആരംഭിക്കുന്നുവെന്ന ആഗ്രഹം ബഹു.മൂലനച്ചൻ അറിയിച്ചു.

മരിയ സൈനികരുടെ പ്രാർത്ഥന ചൈതന്യത്തേയും പ്രവർത്തനത്തേയും അഭിനന്ദിച്ചുകൊണ്ടും മനസ്സിൽ വിശ്വാസമർപ്പിച്ചുകൊണ്ട് തന്റെ വ്യക്തി ജീവിതത്തിൽ ലഭിച്ച കൃപകളെകുറിച്ച് അസി. അദ്ധ്യാത്മിക നിയന്താവ് റവ.സി. മരിയറ്റ സംസാരിച്ചു.

ആഗസ്റ്റ് മാസത്തിൽ കൂരിയ ഭാരവാഹികളെ തിരഞ്ഞെടുത്ത് പുതിയ ലിസ്റ്റ് കമ്മീസിയത്തിൽ ഏൽപ്പിക്കണമെന്ന് ഓർമ്മിപ്പിച്ചു. വർഷംതോറും നടത്തിവരുന്ന ഒരു ദിവസത്തെ ആരാധന ആഗസ്റ്റ് 27 ശനിയാഴ്ച അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് രാവിലെ 9.30ന് ആരംഭിച്ച് 4 മണിക്ക് സമാപിക്കുന്നതാണ്.

സെപ്തംബർ മാസം 8 നോ അതിനോടടുത്ത ദിവസങ്ങളിലെ മാതാവിന്റെ ജനനതിരുനാൾ ആഘോഷിക്കുന്നതിനും സെപ്തംബറിൽ ആഘോഷം

നടത്തി കമ്മീസിയം, കൂരിയായിൽ അറിയിക്കേണ്ടതാണ്.

അർദ്ധവാർഷിക റിപ്പോർട്ട് കൊടുക്കാത്ത കൂരിയാകൾ റിപ്പോർട്ട് അടുത്ത മാസം കൊണ്ടുവരണമെന്ന് അറിയിച്ചു. അവസാന പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവാദത്തിനുശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**1. സബ്സോൺ ആനിമേറ്റേഴ്സ കൂട്ടായ്മ**

കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ സബ്സോൺ (ഫൊറോന) ആനിമേറ്റേഴ്സ് ആയ വൈദികരുടെ കൂട്ടായ്മ ജൂലൈ 25 തിങ്കളാഴ്ച ആബാ റിന്യുവൽ സെന്ററിൽ നടന്നു. 11 മണിയോടെ ആരംഭിച്ച കൂട്ടായ്മക്ക് ഡയറക്ടർ ഫാ. ഷാജൻ തേർമഠം നേതൃത്വം നൽകി. മൂന്നുമാസത്തിലൊരിക്കൽ ഇത്തരം കൂട്ടായ്മകൾ നടത്തുന്നതിന് തീരുമാനിച്ചു. സബ്സോൺ പ്രാർത്ഥനാ കൂട്ടായ്മകളുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്തു.

**2. സോണൽ സർവ്വീസ് ടീം കൂട്ടായ്മ**

ആഗസ്റ്റ് 9 ചൊവ്വാഴ്ച സോണൽ സർവ്വീസ് ടീം കൂട്ടായ്മ ആബാ റിന്യൂവൽ സെന്ററിൽ നടന്നു. കരിസ്മാറ്റിക് നവീകരണത്തിന്റെ ജൂബിലി പരിപാടികളെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു. എല്ലാ സബ്സോണുകളിലും ഒരു കേന്ദ്രത്തിലെങ്കിലും ജൂബിലിയുടെ ഭാഗമായി കരിസ്മാറ്റിക് ധ്യാനങ്ങൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

വചനപ്രഘോഷർക്കും ആത്മീയ മാർഗനിർദ്ദേശകർക്കും (Spiritual Audiance) ഉള്ള അതിരൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ പ്രത്യേക ട്രെയിനിംഗ് കോഴ്സ് 2016 ഡിസംബർ 5, 6, 7 തിയതികളിൽ നടത്തുന്നതിന് തീരുമാനിച്ചു. ഫാ. ഷാജൻ തേർമഠം കൂട്ടായ്മക്ക് നേതൃത്വം നൽകി.

**കരിസ്മാറ്റിക് നേതൃസംഗമം**

അതിരൂപതയിലെ ഫൊറോന തലത്തിലുള്ള സർവ്വീസ് ടീമംഗങ്ങളുടേയും പ്രാർത്ഥനാ കൂട്ടായ്മകളുടെ ലീഡേഴ്സിന്റേയും മിനിസ്ട്രി സർവ്വീസ് ടീമുക

ളുടേയും സംയുക്ത കൂട്ടായ്മ ജൂലൈ 16 ശനിയാഴ്ച രാവിലെ 10 മുതൽ വൈകീട്ട് 4 വരെ ആബാ റിന്യൂവൽ സെന്ററിൽ നടത്തി. ഫാ. ഷാജൻ തേർമഠം വചന പ്രഘോഷണം നടത്തി. അസി. ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടി ദിവ്യബലിയർപ്പിച്ചു. കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് അടുത്ത മാസങ്ങളിലെ പ്രവർത്തന പദ്ധതികൾ അവതരിപ്പിച്ചു. സെക്രട്ടറി സെബാസ്റ്റ്യൻ സി.ടി., ട്രഷറർ വിൻസെന്റ് ചിറയത്ത് എന്നിവരും സർവ്വീസ് ടീം അംഗങ്ങളും നേതൃത്വം നൽകി.

**സോണൽ സർവ്വീസ് ടീമിന്റെ സബ്സോൺ സന്ദർശനങ്ങൾ**

സോണൽ സർവ്വീസ് ടീം വിവിധ സബ്സോണുകൾ സന്ദർശിക്കുന്ന പരിപാടി ആരംഭിച്ചു. ജൂലൈ 2ന് കൊട്ടേക്കാട് സബ്സോണിന്റെ കൂട്ടായ്മ കുറ്റൂർ പള്ളിയിലും ജൂലൈ 17ന് കണ്ടശ്ശാംകടവ് സബ്സോണിന്റെ സന്ദർശന പരിപാടി കാരമുക്ക് വി. ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളിയിലും ജൂലൈ 23ന് എരുമപ്പെട്ടി സബ്സോൺ കൂട്ടായ്മ മങ്ങാട് പള്ളിയിലും നടത്തി. കോ-ഓർഡിനേറ്റർ സാബു എം. വർഗീസ്, സെക്രട്ടറി സെബാസ്റ്റ്യൻ സി.ടി., ട്രഷറർ വിൻസെന്റ് ചിറയത്ത് എന്നിവരും സോണൽ സർവ്വീസ് ടീം അംഗങ്ങളായ റീന റാഫേൽ, ബീന ജോളി, അൽഫോൺസ അബ്രാഹം എന്നിവരും നേതൃത്വം നൽകി.

| | | |
|---|---|---|
| **സാബു എം. വർഗ്ഗീസ്** | **സി.ടി. സെബാസ്റ്റ്യൻ** | **ഫാ. ഷാജൻ തേർമഠം** |
| കോ-ഓർഡിനേറ്റർ | സെക്രട്ടറി | ഡയറക്ടർ |

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**സി.സി. വാർത്തകൾ**

1. മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി
2. സി. സി. വനിത കമ്മിറ്റിയുടെ നേതൃത്വത്തിൽ അടുക്കളത്തോട്ടം, വിഷരഹിത പച്ചക്കറി, കമ്പോസ്റ്റ് വളം നിർമ്മാണം എന്നിവയെക്കുറിച്ച് ക്ലാസ്സ് നടത്തി. ഡോ. മേരി റെജീന സെമിനാർ നയിച്ചു. പങ്കെടുത്ത അംഗങ്ങൾക്ക് സൗജന്യമായി പച്ചക്കറി വിത്ത് നൽകി. 79 പേർ ക്ലാസ്സിൽ പങ്കെടുത്തു.
3. സെൻട്രൽ കൗൺസിലിന്റെ 68-ാം വാർഷികം 04.09.2016 ഞായറാഴ്ച മുല്ലശ്ശേരി നല്ല ഇടയന്റെ ദൈവാലയത്തിൽവെച്ച് നടത്തുന്നു. അഭിവന്ദ്യ മാർ ആന്റണി ചിറയത്ത് വാർഷികം ഉദ്ഘാടനം ചെയ്യുന്നതും സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് റവ.ഡോ. ആന്റണി ചെമ്പകശ്ശേരി അദ്ധ്യക്ഷത വഹി

ക്കുന്നതുമാണ്.

4. സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഒരു റിസോഴ്സ് ടീമിനെ പരിശീലിപ്പിക്കുന്നു. ആദ്ധ്യാത്മിക രംഗത്തും സംഘടന രംഗത്തും പ്രവർത്തിക്കുന്ന പ്രമുഖർ ക്ലാസ്സെടുക്കുന്നതാണ്. ക്ലാസ്സുകൾ സെപ്തംബർ 18ന് 10 am മുൻ വിൻസെൻഷ്യൽ കോംപ്ലക്സ് ഹാളിൽ വെച്ച് നടത്തുന്നതാണ്.

5. സെപ്തംബർ മാസത്തിൽ പരിശുദ്ധ മാതാവിന്റേയും വി. വിൻസെന്റ് ഡി പോളിന്റേയും വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാനാമിന്റേയും തിരുനാളുകൾ നടത്തുവാനും അംഗത്വമാസമായി ആചരിച്ച് പുതിയ അംഗങ്ങളെ ചേർക്കുവാനും യോഗത്തിൽ തീരുമാനമെടുത്തു.

6. മതബോധനം 10, 11, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി അതിരൂപത തല ക്വിസ് മത്സരം ആഗസ്റ്റ് 28ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ സയൻസ് ബ്ലോക്കിൽവെച്ച് നടത്തുന്നതാണ്.

7. കാരുണ്യസ്പർശ ഫണ്ടിൽ നിന്ന് ഇതുവരെയും ചികിത്സ സഹായമായി 3,88000 രൂപ വിതരണം ചെയ്തിരിക്കുന്നു.

8. ഗുരുവായൂർ ദൈവാലയത്തിൽ സംഘടനയുടെ ഒരു വനിത കോൺഫ്രൻസ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

9. വിൻസെൻഷ്യൻ സംഗമം ഡിസംബർ 11ന് കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

10 ഒക്ടോബർ മുതൽ മേഖല തലത്തിൽ കോൺഫ്രൻസ് സന്ദർശനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന.

11. ഏരിയ കൗൺസിൽ ഭാരവാഹികളുടേയും സെൻട്രൽ കൗൺസിൽ അംഗങ്ങളുടെയും പരിശീലന ക്ലാസ്സ് നടത്തി. അഡ്വ. ജസ്റ്റിൻ ഡേവീസ് ക്ലാസ്സ് നയിച്ചു. സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് റവ.ഫാ ആന്റണി ചെമ്പകശ്ശേരി ഉദ്ഘാടനം ചെയ്തു. സി.സി. പ്രസിഡണ്ട് ബ്ര. കെ. എ. ഷിബു സ്വാഗതവും വൈ. പ്രസിഡണ്ട് ബ്ര. കെ.എം. ഫ്രാൻസീസ് നന്ദിയും പറഞ്ഞു.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **ബ്ര. പോൾസൺ കെ. കെ.** |
| സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് | പ്രസിഡണ്ട് | സെക്രട്ടറി |

# സി.എൽ.സി.

### വി. ഇഗ്നേഷ്യസ് ലെയോള അനുസ്മരണം

തൃശ്ശൂർ അതിരൂപത സി. എൽ. സി.യുടെ ആഭിമുഖ്യത്തിൽ വി. ഇഗ്നേഷ്യസ് ലെയോള അനുസ്മരണവും SSLC, +2, 10, 12, ACC മതബോധന ക്ലാസ്സുകളിലെ റാങ്ക് ജേതാക്കൾക്കും അവാർഡ് വിതരണവും ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന ദേവാലയത്തിൽ വച്ച് നടന്നു. അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഒല്ലൂർ എം. എൽ.എ. അഡ്വ. കെ. രാജൻ മുഖ്യാതിഥിയായിരുന്നു. അതിരൂപതാ സി. എൽ. സി. പ്രസിഡന്റ് ബിജിൽ സി. ജോസഫ് അദ്ധ്യക്ഷനായിരുന്നു.

ഒല്ലൂർ ഫൊറോന വികാരി വെരി. റവ. ഫാ. ജോൺ അയ്യങ്കാനയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. അതിരൂപത അസി. പ്രെമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി അനുമോദന പ്രസംഗം നടത്തി. ഫൊറോന പ്രൊമോട്ടർ ഫാ. ഡെന്നീസ് മാറോക്കി, ഫൊറോന പ്രസിഡന്റ് ഡിവിൻ വിൻസെന്റ്, സീനിയർ സി. എൽ. സി. പ്രസിഡന്റ് ജെറോം മാസ്റ്റർ സി. നമിത റോസ്, സോനു ഫ്രാൻസീസ്, ബിനോയ് കാറളത്തുക്കാരൻ, റീമ തോമസ് പി., ഡേവീസ് പടിക്കല എന്നിവർ ആശംസകൾ നേർന്നു. അതിരൂപത സെക്രട്ടറി സെബിൻ സി. കെ. സ്വാഗതവും കൺവീനർ ജെറിൻ ജോസ് നന്ദിയും പറഞ്ഞു. അമ്മാടത്ത് നിന്ന് ഛായചിത്ര ദീപശിഖ പ്രയാണവും ഒല്ലൂർ എവുപ്രാസ്യമ്മയുടെ കബറിടത്തിൽ നിന്ന് പതാക പ്രയാണവും നടന്നു.

### സി.എൽ.സി. കലാമേള

ഫൊറോനതല കലാമേള സെപ്തംബർ മാസത്തിൽ എല്ലാ ഫൊറോനകളിലും നടത്തേണ്ടതാണ്.

### അതിരൂപത മരിയോത്സവം

അതിരൂപത സി. എൽ.സി. മരിയോത്സവം ഒക്ടോബർ രണ്ടാം തിയതി സെന്റ് തോമസ് കോളേജിൽ വെച്ച് സാഹിത്യമത്സരവും 10 തിയതി കലാമത്സരങ്ങളും നടത്തപ്പെടുന്നു. അഫിലിയേഷൻ നടത്തിയ യൂണിറ്റുകൾക്ക് മാത്രമേ മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

### സി. എൽ. സി. സോക്കർകപ്പ്

ഫാ. സിജോ ചീരൻ മെമ്മോറിയൽ രണ്ടാമത്തെ സി. എൽ.സി. സോക്കർകപ്പ് സെപ്തംബർ 17, 18 തിയതികളിൽ വെച്ച് നടത്തപ്പെടുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവൻ സി. എൽ.സി. ഓഫീസുമായി ബന്ധപ്പെടുക

**മദർ തെരേസ ചിത്ര രചന മത്സരം**

വിദ്യാർത്ഥികൾക്കായി സി. എൽ.സി. മദർ തെരേസ ചിത്രരചന മത്സരങ്ങൾ ഒക്ടോബർ മാസത്തിൽ സംഘടിപ്പിക്കുന്നു.

എന്ന്

സി. എൽ.സിയുടെ സേവനത്തിൽ

| | |
|---|---|
| **റവ. ഫാ. ജിയോ തെക്കിനിയത്ത്** | **ഫാ. ഫ്രജോ വാഴപ്പിള്ളി** |
| പ്രൊമോട്ടർ | അസി. പ്രമോട്ടർ |
| ബിജിൽ സി, ജോസഫ് | സെബിൻ സി. കെ. |
| പ്രസിഡന്റ് | സെക്രട്ടറി |

# കെ. സി. എസ്. എൽ.

**സാഹിത്യോത്സവം**

സെപ്തംബർ 21ന് സാഹിത്യോത്സവം കെ.സി.എസ്. എൽ. അംഗങ്ങൾക്കായി തൃശ്ശൂർ സെന്റ് തോമസ് കോളേജ് HSS ൽ വച്ച് നടത്തപ്പെടുന്നു. 125 യൂണിറ്റുകളിൽ നിന്നായി 1500 കുട്ടികൾ മത്സരങ്ങളിൽ പങ്കെടുക്കുന്നു. മത്സരങ്ങൾ 9.30ന് ആരംഭിക്കുന്നു.

**ചാരിറ്റി കൂപ്പൺ നറുക്കെടുപ്പ്**

സാഹിത്യോത്സവത്തോടനുബന്ധിച്ച് കെ.സി. എസ്. എൽ. ചാരിറ്റി കൂപ്പൺ നറുക്കെടുപ്പ് നടത്തപ്പെടുന്നു. സമ്മാനർഹരായവരെ 'ബൊക്കെ മാഗസിനിലൂടെ അറിയിക്കുന്നതാണ് നറുക്കെടുപ്പ് ഉച്ചയ്ക്കുശേഷം 2 മണിക്ക് നടത്തുന്നതാണ്.

**സ്കോളർഷിപ്പുകൾ**

നിർദ്ധനരായ കഷ്ടതയനുഭവിക്കുന്ന മാറാ രോഗികളായ കെ.സി.എസ്.എൽ അംഗങ്ങൾക്കും കുടുംബത്തിനും 10,000 രൂപയുടെ ചികിത്സാ സഹായം ലഭിക്കുന്നതിനുവേണ്ട അപേക്ഷ ഫോറം സ്വീകരിക്കുന്ന അവസാന ദിവസം 21.09.2016 ആണ്.

പ്രൊഫഷണൽ ഉപരിപഠനത്തിനായി കെ.സി.എസ്. എൽ. അംഗങ്ങളായിരുന്ന വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയ സ്കോളർഷിപ്പ് 10 പേർക്ക് 10000 രൂപ നിരക്കിൽ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന ദിവസം 21.09.2016 ആണ്.

ഈ രണ്ട് ധനസഹായ പദ്ധതികളിലും കെ.സി.എസ്.എൽ. അംഗങ്ങൾ ഇല്ലാതെ വന്നാൽ മറ്റുള്ളവരെ പരിഗണിക്കുന്നതാണ്.

IXth ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ നവതി എൻഡോവ്മെന്റും Xth ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ മാർ ജോസഫ് കുണ്ടുകുളം സ്കോളർഷിപ്പിലും 21.09.2016ന് 2pm ന് വിതരണം ചെയ്യുന്നതാണ്.

**ചാരിറ്റി ഫണ്ട് വിതരണം**

തൃശ്ശൂർ അതിരൂപതയിലെ KCSL യൂണിറ്റുകൾക്കുള്ള ചാരിറ്റി പ്രവർത്തന ഫണ്ട് 21.09.2016ന് ഉച്ചയ്ക്കുശേഷം 2 pm ന് വിതരണം ചെയ്യുന്നതാണ്. യൂണിറ്റുകളിലെ HM, Principal മാർ സംഖ്യ കൈപ്പറ്റേണ്ടതാണ്.

**ശില്പശാലകൾ**

കെ.സി. എസ്. എൽ. അംഗങ്ങൾക്കായുള്ള മത്സരത്തിന് പരിശീലന ശില്പശാലകൾ ഓഗസ്റ്റ് 13 തൃശ്ശൂർ സെന്റ് തോമസ് കോളേജ് HSSൽ വച്ച് നടക്കപ്പെട്ടു. വിവിധ ശില്പശാലകളിലായി 500ൽ പരം വിദ്യാർത്ഥികൾ പങ്കെടുത്തു.

**ജോൺ റാഫേൽ**
പ്രസിഡണ്ട്

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

# കത്തോലിക്ക കോൺഗ്രസ്സ്

പ്രവാസി സംഗമം 2016

തൃശ്ശൂർഅതിരൂപതയിലെ ഇടവകകളിലുള്ള മുഴുവൻ പ്രവാസികളേയും ഉൾപ്പെടുത്തി കരുണാവർഷത്തിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഒരു പ്രവാസി സംഗമം 2016 ജൂലായ് 19- ാം തിയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് തൃശ്ശൂർലൂർദ്ദ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുകയുണ്ടായി. മാർ റാഫേൽ തട്ടിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രസ്തുത സമ്മേളനം തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. പ്രഫ. കെ.എം. ഫ്രാൻസീസ് സ്വാഗതം പറഞ്ഞു. അതിരൂപത ഡയറക്ടർ ഫാ. ജിയോ കടവി ആമുഖപ്രഭാഷണവും വികാരി ജനറാൽ മോൺ തോമസ് കാക്കശ്ശേരി അനുഗ്രഹപ്രഭാഷണവും നടത്തി. ജനറൽ സെക്രട്ടറി ഡേവീസ് പുത്തൂർ നന്ദി രേഖപ്പെടുത്തി. ശ്രീ. തൊമ്മി പിടിയത്ത്, ശ്രീ. ജോൺസൺ ജോർജ്ജ്, ശ്രീമതി എലിസബത്ത് മാത്യു, ശ്രീമതി ലീല വർഗ്ഗീസ് തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. ജിയോ കടവി,** ഡയറക്ടർ

പ്രൊഫ. കെ. എം. ഫ്രാൻസീസ്
പ്രസിഡന്റ്

ഡേവീസ് പുത്തൂർ
സെക്രട്ടറി

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**1. അർദ്ധ വാർഷികാവലോകനം**

തൃശ്ശൂർഅതിരൂപതാ മദ്യവിരുദ്ധ സമിതിയുടെ അർദ്ധവാർഷികാവലോകനം വിവിധ പരിപാടികളോടെ ജൂലൈ 31ന് പാസ്റ്ററൽ സെന്ററിൽ അരങ്ങേറി. ഡയറക്ടറച്ചൻ അർപ്പിച്ച ദിവ്യബലിയോടെയാണ് തുടക്കം കുറിച്ചത്. അഡ്ഹോക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ആറുമാസക്കാലം സംഘടന നന്നായി പ്രവർത്തിച്ചുവെന്ന് പൊതുയോഗം അഭിപ്രായപ്പെട്ടു. സംസ്ഥാന സെക്രട്ടറിമാരിൽ ഒരാളായ സേവ്യർ പള്ളിപ്പാട്ട് ബോധവൽക്കരണ ക്ലാസ്സ് നയിച്ചു. അവയവദാന പ്രചാരകനും കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപകനുമായി ഫാ. ഡേവീസ് ചിറമ്മൽ സമാപന സന്ദേശം നൽകി. പ്രസിഡണ്ട് എം.കെ. ബാബു അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സിസ്റ്റർ റോസ്‌ലിൻ എഫ്. സി. സി., ജെയിംസ് മുട്ടിക്കൽ, റപ്പായി മേച്ചേരി പി.പി. ഡേവീസ് തുടങ്ങിയവർ പ്രസംഗിച്ചു.

**2. ഭരണഘടനാ ഭേദഗതി**

സംഘടനാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലിരിക്കുന്ന നിയമാലി കാലോചിതമായി പരിഷ്ക്കരിക്കുകയാണ്. മാറ്റം വരുത്താൻ ഉദ്ദേശിക്കുന്ന വകുപ്പുകൾ യൂണിറ്റുകളിലും ജനറൽബോഡിയിലും ചർച്ച ചെയ്തിരുന്നു. അഭിപ്രായങ്ങൾ എഴുതി അറിയിച്ച വ്യക്തികൾക്കും യൂണിറ്റുകൾക്കും പ്രത്യേകം നന്ദി. മുൻപ്രസിഡണ്ട് ജോസ് ആലപ്പാട്ട് കൺവീനറായി നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ സേവനത്തെ പ്രകീർത്തിക്കുന്നു. ഭരണഘടനാസംബന്ധമായ നിർദ്ദേശങ്ങളുടെ അന്തിമ രൂപം അംഗീകാരത്തിനായി എത്രയുംവേഗം അഭിവന്ദ്യപിതാവിന് സമർപ്പിക്കുന്നതായിരിക്കും.

**3. മദ്യമയക്കുമരുന്നുകൾക്കെതിരെ പടപൊരുതുക**

മദ്യവിമുക്തമായ സഭയും സമൂഹവും എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന മദ്യവിരുദ്ധ സമിതി ലഹരി പദാർത്ഥങ്ങൾക്കെതിരെ സന്ധിയില്ലാതെ സമരം ചെയ്യാൻ ആഹ്വാനം ചെയ്തുകൊണ്ട് ക്വിറ്റ് ലിക്കർഡേ (ഓഗസ്റ്റ് 9) സമുചിതമായി ആചരിച്ചു.

ക്വിറ്റ് ലിക്കർ ഡേ ആചരണത്തിന്റെ ഭാഗമായി 9.08.16 ഞായറാഴ്ച പുറനാട്ടുകര ഇടവകയിൽ സംഘടിപ്പിച്ച മദ്യവിരുദ്ധ ലഘുലേഖ വിതരണം പ്രസിഡണ്ട് എം.കെ. ബാബു ഉദ്ഘാടനം ചെയ്തു. വൈകീട്ട് ബോധവൽക്കരണ സന്ദേശ റാലി മനോഹരമായി നടത്തി. സമാപന യോഗത്തെ ശ്രീ. ഇ. എ. ജോസഫ് അഭിസംബോധന ചെയ്തു പ്രസംഗിച്ചു.

**4. സർക്കാർ ഉദ്യോഗസ്ഥരുമായി സംവാദം**

വിജിലൻസ് ആന്റി കറപ്ക്ഷൻ ഓഫീസിൽ 06.08.2016 ശനിയാഴ്ച ഡി. വൈ.എസ്. പി. നാല് സർക്കിൾ ഇൻസ്പെക്ടർമാർ, മദ്യവിരുദ്ധ ഭാരവാഹികൾ എല്ലാം ഒത്തുകൂടി. ലഹരി പദാർത്ഥങ്ങളുടെ വ്യാപനം തടയാനും വ്യാജ വാറ്റിന് തടയിടാനും ഒത്തൊരുമിച്ച് പ്രവർത്തിക്കാനും പോലീസ്, എക്സൈസ് വിഭാഗങ്ങളുടെ സഹകരണം ഉറപ്പുവരുത്താനും ധാരണ ഉണ്ടാക്കി. ചർച്ചയിൽ പങ്കെടുക്കാനെത്തിയവർക്ക് നന്ദി.

***പ്രത്യേകം ശ്രദ്ധിക്കുക***

a. മദ്യവിമുക്തസഭയും സമൂഹവും എന്ന പുസ്തകത്തിന്റെ കണക്കുകൾ എത്രയും വേഗം തീർക്കുക

b. വാർഷികാഘോഷങ്ങൾക്ക് ഒരുക്കമായ മേഖലാ സമ്മേളനങ്ങളിൽ പങ്കെടുക്കുകയും വിജയിപ്പിക്കുകയും ചെയ്യുക.

| | |
|---|---|
| **ഡേവീസ് പി. പി.** | **ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** |
| പി. ആർ. ഒ. | ഡയറക്ടർ |

# ചിൽഡ്രൻസ് മിനിസ്ട്രി

ഫോൺ 0487 2325336, 9947582522

**ചിൽഡ്രൻസ് മിനിസ്ട്രിയുടെ അതിരൂപത ഭാരവാഹികൾ**

| | | |
|---|---|---|
| **തിരുബാലസഖ്യം** | - | സി. ബിൽജി FCC<br>ശോഭ ജോൺസൺ |
| **അൾത്താര സംഘം** | - | ബ്രദർ. ലിവിൻ തലക്കോട്ടൂർ<br>ജീവൻ ജോയി |
| **ജൂനിയർ സി.എൽ. സി.** | - | സി. റിയ MSMI<br>പ്രിൻസി ഫ്രാൻസീസ് |

**ബൈബിൾ പൂക്കള മത്സരങ്ങൾ**

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി **സെപ്ററംബർ 12-** ാം തിയ്യതി തിങ്കളാഴ്ച കുരിയച്ചിറയിലെ സെന്റ് ജോസഫ് മോഡൽ ഹയർ സെക്കൻഡറി സ്ക്കൂളിൽ വെച്ച് ബൈബിൾ പൂക്കള മത്സരങ്ങൾ നടത്തുന്നു. 12-ാംക്ലാസ്സും അതിന് താഴെ ഉള്ള കുട്ടികളുമാണ് ഈ മത്സരത്തിൽ പങ്കെടുക്കേണ്ടത്. പങ്കെടുക്കുന്നവർ ആഗസ്ററ് 27 - ന് മുമ്പായി പാസ്റ്റർ സെന്ററിലുള്ള ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.
രജിസ്ട്രഷൻ ഫീസ് 100 രൂപയാണ്.

**കലാമത്സരങ്ങൾ 2016 – 2017**

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഫൊറോന തല മത്സരം സെപ്തംബർ 15 മുതൽ ഒക്ടോബർ 15 വരെയുള്ള ദിവസങ്ങളിൽ നടത്തുവാൻ ഫൊറോന പ്രൊമോട്ടർമാരും ആനിമേറേറഴ്സും ശ്രദ്ധിക്കുമല്ലോ. മത്സരങ്ങളുടെ പൊതുനിർദ്ദേശങ്ങളും എൻട്രി ഫോമും ലഭിക്കാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് വാങ്ങിക്കേണ്ടതാണ്. സമയം രാവിലെ 9. 30 മണി മുതൽ വൈകിട്ട് 5. 00 മണിവരെയാണ്. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ബ്ളോഗ് സന്ദർശിക്കുക.
http://childrensministrytrichur.blogspot.in/

അതിരൂപതാതല മത്സരങ്ങൾ ഒക്ടോബർ 29 ന് സെ ക്ലെയർ സ്കൂളിൽ വച്ച് നടത്തപ്പെടുന്നു.യൂണിറ്റ് രജിസ്ട്രേഷൻ,അംഗത്വകാർഡ്, ബാഡ്ജ്ജ് എന്നിവ നിർബന്ധമായി ഉണ്ടായിരിക്കേണ്ടതാണ്.

# അൾത്താരസംഘം

ഒക്ടോബർ 1 – ാം തിയ്യതി മുതൽ 31 –ാം തിയ്യതി വരെ കൊന്ത മാസം ആചരണമാണല്ലോ. അൾത്താരബാലന്മാർ 2 പേർ അടങ്ങുന്ന ഗ്രൂപ്പു കളായി തിരിഞ്ഞ് **വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കേണ്ടതാണ്. എയിഡ്സ് രോഗികൾക്ക്യും മാനസിക** രോഗികൾക്കുവേണ്ടിയും പ്രത്യേകം ജപമാലചൊല്ലി പ്രാർത്ഥിക്കേണ്ടതാണ്. കൂടാതെ ചെറിയ ത്യാഗപ്രവർത്തികൾ വഴി സമാഹരിക്കുന്ന തുകയും (Prayer Friend Collection), ക്രിസ്മസ് കാർഡും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നവംബർ 25 – ന് മുമ്പായി എത്തിക്കേണ്ടതാണ്.

# തിരുബാലസംഖ്യം

ഒക്ടോബർ 4 ന് പാപ്പാദിനമായി ആചരിക്കേണ്ടതാണ്. ഒക്ടോബർ മാസത്തിൽ ഗ്രൂപ്പുകളായി തിരിഞ്ഞ് കുട്ടികൾ കൊന്ത ചൊല്ലാനും വിവിധ നിയോഗങ്ങൾക്കായി പ്രത്യേകിച്ച് പലതരത്തിൽ പീഡിപ്പിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിക്കാനും ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം മിഷൻ പ്രവർത്തനത്തെ സഹായിക്കാൻ കുഞ്ഞുങ്ങൾ ചെറിയ ഫണ്ട് രൂപീകരണം യൂണിറ്റ് തലത്തിൽ നടത്തേണ്ടതാണ്.ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്നവർക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

# ജൂനിയർ സി എൽ സി

ഒകടോബർ മാസം ജൂനിയർ സി എൽ സി അംഗങ്ങൾ കൊന്തമാസം ആചരിക്കേണ്ടതാണ്.വിശ്വാസ ജീവിത്തിൽ നിന്ന് അകന്ന് ജീവിക്കുന്നവരെ ഓർക്കാം. ക്രിസ്മസിന് ഒരുക്കമായി ജീസസ് ബർത്തഡേ കൂപ്പൺ ഒരുക്കിയിട്ടുണ്ട്. ഏറ്റവും കൂടുതൽ വില്ക്കുന്ന യൂണിറ്റിന് സമ്മാനമുണ്ടായിരിക്കുന്നതാണ്.

**സെയിന്റ്സ് ക്വിസ്**

അതിരൂപത മിഷൻ ലീഗും,ജൂനിയർ സി എൽ സി യും സംയുക്തമായി നടത്തുന്ന സെയിൻസ് ക്വിസ്സിന്റെ പഠന സഹായി തയ്യാറായിട്ടുണ്ട്. ഒരു കോപ്പിക്ക് 10 രൂപയാണ്. ഇടവക തലം ഒക്ടോബർ 30ന്,ഫൊറോന തലം ഡിസംബർ 11 ന്,അതിരൂപതാ തലം ജനുവരി 14 ന് ആയിരിക്കും മത്സരങ്ങൾ നടത്തപ്പെടുക.

**നിയമനം**

പട്ടിക്കാട് ഫൊറോനയിലെ ചിൽഡ്രൻസ് മിനിസ്ട്രിയുടെ പ്രൊമോട്ടറായി മഞ്ഞക്കുന്ന് ഇടവക വികാരി ഫാ ഫ്രാൻങ്കോ പുത്തിരി ചാർജെടുത്തിരിക്കുന്നു.

**തിരുത്ത്**

2015 ൽ യൂണിറ്റ് രജിസ്ട്രഷൻ പൂതുക്കിയ ഫോം കാണിക്കേണ്ടതാണ് എന്നതിനു പകരം 2016 യൂണിറ്റ് രജിസ്ട്രേഷൻ പൂതുക്കിയ ഫോം കാണിക്കേണ്ടതാണ് എന്ന് തിരുത്തിവായിക്കേണ്ടതാണ്

## പ്രാർത്ഥിക്കാൻ ......പ്രവർത്തിക്കാൻ

**സെപ്റ്റംബർ 2016**

**തിരുവചനപഠനം** : കരുണയുള്ളവർ ഭാഗ്യവാൻമാർ; അവർക്കു കരുണ ലഭിക്കും (മത്തായി 5. 7)

**സുകൃതജപം** : ഈശോയേ ഞാനങ്ങയെ സ്നേഹിക്കുന്നു.

**പ്രാർത്ഥനാനിയോഗം** : അനാഥർക്കുവേണ്ടി പ്രാർത്ഥിക്കുക

**പ്രവർത്തനം** : ദാരിദ്ര്യം അനുഭവിക്കുന്ന ഒരു കുട്ടിക്ക് ചെറിയ ഉപകാരം ചെയ്യുക.

**പരിചയപ്പെടുന്ന വിശുദ്ധ** : വി. മദർ തെരേസ

കോഡിനേറ്റർ
സി. റെജി SSPC

ഡയറക്ടർ, ചിൽഡ്രൻസ് മിനിസ്ട്രി
റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ

# ഗായകസംഘം

**നിയമാവലി ഭേദഗതികൾ**

1. അതിരൂപതാ തെരഞ്ഞെടുപ്പിനോടൊപ്പം ഇടവക, ഫൊറോന ഭാര വാഹികളുടെ തെരഞ്ഞെടുപ്പ് നടത്തുക.
2. ഇടവക, ഫൊറോന, അതിരൂപതാതല ഭാരവാഹികളുടെ കാലാ വധി 3 വർഷമാക്കുക.

കല്പനനമ്പർ 1568/2016 തീയതി 20.07.2016

ടോമി പന്ത്രണ്ടേിൽ
പ്രസിഡണ്ട്

വർഗ്ഗീസ് ആന്റണി
സെക്രട്ടറി

ഫാ. പോൾ പുളിക്കൻ
ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ്

ഇക്കഴിഞ്ഞ കാലയളവിൽ കെ.എൽ.എമ്മിന്റെ പ്രവർത്തനങ്ങൾക്ക് നൽകി വരുന്ന എല്ലാ പിന്തുണക്കും പ്രത്യേകം നന്ദി. സമീപകാലങ്ങളിൽ അതിരൂപത നടത്തിയ എല്ലാ പ്രവർത്തനങ്ങളിലും പങ്കാളികളായ ഏവർക്കും അഭിനന്ദനങ്ങൾ. യൂണിറ്റു പ്രവർത്തനങ്ങൾക്ക് പ്രത്യേകം ആശംസകൾ.

കെ.എൽ.എം. അർദ്ധവാർഷിക ജനറൽ ബോഡി ജൂലൈ 24-ാം തീയതി തൃശൂർ പാസ്റ്ററൽ സെന്ററിൽ വെച്ച് കൂടുകയുണ്ടായി. രൂപതാ, മേഖലാ, യൂണിറ്റ് തല പ്രവർത്തനങ്ങൾ വിലയിരുത്തുകയും പിഎസ്എസ്എസ്പിയുടെ തൽസ്ഥിതി ചർച്ച ചെയ്യുകയും ചെയ്ത യോഗം അടുത്ത മാസങ്ങളിൽ നടത്താനിരിക്കുന്ന കെ.എൽ.എം. ഇലക്ഷനെക്കുറിച്ചുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. നിയമാവലിയിലെ മാറ്റങ്ങൾ: കെ.എൽ.എം. തൃശൂർ അതിരൂപത ജനറൽ ബോഡി താഴെ കാണുന്ന മാറ്റങ്ങൾ ഏകകണ്ഠമായി അംഗീകരിക്കുകയുണ്ടായി. കെ.എൽ.എം. അതിരൂപത നിയമാവലി നംബർ 21, ഭാഗം എ പ്രകാരം യൂണിറ്റ് - മേഖലാ - അതിരൂപതാതല ഭാരവാഹികളുടെ കാലാവധി മൂന്ന് (3) വർഷത്തേക്ക് എന്നുള്ളത് രണ്ട് (2) വർഷത്തേയ്ക്ക് എന്നാക്കി മാറ്റുകയുണ്ടായി. കൂടാതെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാപനങ്ങളിലേക്ക് ഒറ്റത്തവണയിൽ കൂടുതൽ ഒരാൾ തുടർച്ചയായി തിരഞ്ഞെടുക്കപ്പെടുവാൻ പാടുള്ളതല്ല എന്നത് രണ്ടു (2) തവണകളിൽ കൂടുതൽ എന്നാക്കി മാറ്റിയിട്ടുണ്ട്.

2. പിഎസ്എസ്എസ്പി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ചില ഇളവുകൾ കൂടി കൂട്ടിച്ചേർത്തു. a. മറ്റ് അംഗീകൃത മെഡി ക്ലെയിം പദ്ധതികളിൽ ചേർന്ന് ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുന്ന പിഎസ്എസ്എസ്പി അംഗങ്ങൾക്ക് കിടത്തി ചികിൽസിക്കുന്നതിന് മറ്റു പദ്ധതികളിൽ സമർപ്പിക്കുന്ന അപേക്ഷകളുടെ പകർപ്പു നൽകിയാലും പിഎസ്എസ്എസ്പിയിൽ നിന്നു ആനുകൂല്യങ്ങൾ ലഭിക്കുന്നതായിരിക്കും.

b. കുട്ടികളുടെ എണ്ണം പരമാവധി രണ്ട് എന്ന പരിധി ഇല്ലാതെ 21 വയസ്സിനു താഴെ എല്ലാ ആൺകുട്ടികൾക്കും വിവാഹിതയാവാത്ത 25 വയസ്സിനു താഴെയുള്ള എല്ലാ പെൺകുട്ടികൾക്കും അവരുടെ കുടുംബത്തിനോടൊപ്പം ഇതേ സംഖ്യയിൽ തന്നെ ചേരാവുന്നതാണ്. ഈ പ്രായപരിധിയിൽ കൂടുതൽ ഉള്ള അവിവാഹിതരായ മക്കളെ ആയിരത്തി ഒരുനൂറ് രൂപയ്ക്ക് പുറമെ ഓരോ വ്യക്തിക്കും എണ്ണൂറ് (Rs.800/) രൂപ മാത്രം നൽകി ആനുകൂല്യ

ങ്ങൾക്ക് അർഹത നേടാവുന്നതാണ്.

3.കെ.എൽ.എം. സുരക്ഷ സ്വാവലംബൻ പദ്ധതി, അടൽ പെൻഷൻ യോജന. കെ.എൽ.എം. ലൂടെ സ്വാവലംബൻ (കേന്ദ്ര പെൻഷൻ പദ്ധതി) പദ്ധതിയിൽ അംഗങ്ങൾ ആയിട്ടുള്ളവർക്ക് നാൽപത് വയസു പൂർത്തിയായിട്ടുള്ളവരാണെങ്കിൽ അതേ പദ്ധതിയിൽ തന്നെ തുടർന്നും പണമടച്ച് അംഗങ്ങൾ ആയി തുടരാവുന്നതാണ്. നാൽപത് വയസു തികയാത്തവർക്കും പുതിയതായി അംഗങ്ങൾ ആയി ചേരാൻ ആഗ്രഹിക്കുന്നവർക്കും കെ.എൽ.എം അംഗങ്ങൾ എന്ന നിലയിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ശാഖകളിൽ കൂടി പങ്കാളികൾ ആകാവുന്നതാണ്. കെ.എൽ.എം. ഭാരവാഹികൾ യൂണിറ്റുകളുടെ അടുത്തുള്ള സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ശാഖകളുമായി ബന്ധപ്പെട്ടു ആവശ്യമുള്ള ആശയ വിനിമയം നടത്തേണ്ടതാണ്. ഇക്കാര്യത്തിൽ യൂണിറ്റ് ഭാരവാഹികൾക്ക് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം ഡയറക്ടറച്ചനുമായി ബന്ധപ്പെടാവുന്നതും അംഗങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

4. ഫോറങ്ങളുടെ ജില്ലാ/ മേഖല സമ്മേളനങ്ങൾ

വിവിധ തൊഴിലാളി ഫോറങ്ങളുടെ ജില്ലാ/ മേഖലാതല സമ്മേളനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ കെ.എൽ. എമ്മിന്റെ അംഗങ്ങളുടെ പങ്കാളിത്തം എല്ലാവരിൽ നിന്നും പ്രതീക്ഷിക്കുന്നു. KTWF,KCTTF, KDWF & കൈത്തൊഴിൽ എന്നീ ഫോറങ്ങളുടെ സമ്മേളനങ്ങൾ വളരെ ഭംഗിയായി യഥാക്രമം - ഇരിങ്ങാലക്കുട, വടക്കുഞ്ചേരി, തൃശൂർ എന്നീ സ്ഥലങ്ങളിൽ വെച്ച് നടക്കുകയുണ്ടായി. പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും നന്ദി. ഇനിയും SNTU സെപ്തംബർ 18 ന് രണ്ടു മണിക്ക് തൃശൂർ സെന്റ് തോമസ് കോളജിൽ വച്ചും വാഹന തൊഴിലാളികളുടെയും പീടിക തൊഴിലാളികളുടെയും സമ്മേളനം ഒക്ടോബർ മാസത്തിലും നടക്കുന്നതാണ്.

5. കേരള തയ്യൽ തൊഴിലാറി ഫോറം

നമ്മുടെ യൂണിറ്റുകളിലൂടെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ഫണ്ടിൽ അംഗങ്ങളായി ചേർന്നിട്ടുള്ള വ്യക്തികളുടെ E-filing നടക്കുന്നതിനാൽ ഇതുവരെയും അതിന് ആവശ്യമായ രേഖകൾ കെ.എൽ.എം. അതിരൂപത ഓഫിസിൽ എത്തിച്ചിട്ടില്ലാത്തവർ ഏറ്റവും അടുത്ത നാളുകളിൽ തന്നെ താഴെ പറയുന്ന രേഖകൾ എത്തിക്കേണ്ടതാണ്.

1. ക്ഷേമനിധിയുടെ ID കാർഡ്, പാസ്ബുക്ക് എന്നിവ
2. ID കാർഡിന്റെ പേജ് 1,2,3 കൂടാതെ ആനുകൂല്യം രേഖപ്പെടുത്തുന്ന പേജ്. പാസ്ബുക്കിന്റെ ഒന്നാം പേജു മുതൽ അവസാനം പണം അടച്ചത് രേഖപ്പെടുത്തിയ പേജ് ഉൾപ്പെടെ എന്നിവയുടെ ഫോട്ടോ കോപ്പി.

3. പാസ്പോർട്ട് ഫോട്ടോ (1)

4. ആധാറിന്റെ കോപ്പി

5. IFSC നമ്പറോടുകൂടിയുള്ള ബാങ്ക് പാസ്ബുക്കിന്റെ കോപ്പി

6. പൂരിപ്പിച്ച് ഒപ്പുവെച്ച സത്യവാങ്മൂലം

ക്ഷേമനിധി ഫണ്ടിൽ അംശാദായം അടക്കുന്നതിൽ മുടക്കം വരുത്തിയവരെ സംബന്ധിച്ചുള്ള സംശയങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ സഹായം ചെയ്തു കൊടുക്കാൻ കെ.എൽ.എം. ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്.

6. യൂണിറ്റ് - മേഖല/ ഫൊറോന- അതിരൂപത തിരഞ്ഞെടുപ്പ്

കെ.എൽ.എം. ഭാരവാഹികളുടെ കാലാവധി ഈ വർഷം അവസാനത്തോടെ സമാപിക്കുകയാണ്. ഇക്കാലമത്രയും കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത എല്ലാ തലങ്ങളിലുമുള്ള ഭാരവാഹികൾക്കും നന്ദിയും അഭിനന്ദനങ്ങളും സ്നേഹപൂർവം നേരുന്നു. ഇതിനോടകം രണ്ടാം നിര നേതൃത്വം രൂപപ്പെട്ടിട്ടുണ്ടാകും എന്ന് കരുതുന്നു. ജനറൽ ബോഡി വരുത്തിയ കാലാവധിയുടെ മാറ്റം ഉൾപ്പെടെ നിയമാവലിയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന രീതിയിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്. താഴെ തട്ടിലുള്ള സാധാരണക്കാരോട് ആഭിമുഖ്യം പുലർത്തുന്നതും ആഴ്ചയിൽ ഒരിക്കൽ സഭക്കുവേണ്ടിയും അവളുടെ തൊഴിലാളി മേഖലയിലെ പ്രവർത്തനങ്ങൾക്കു വേണ്ടിയും കുറച്ചു സമയം ചിലവഴിക്കാൻ മനസ്സുള്ളവരെയുമാണ് ഭാരവാഹികളായി തിരഞ്ഞെടുക്കേണ്ടത്. കെ.എൽ.എം. ഭാരവാഹികൾ മറ്റ് പ്രസ്ഥാനങ്ങളുടെയോ സംഘടനകളുടെയോ ഭാരവാഹികൾ ആകാത്തവർ ആയിരിക്കുന്നതാണ് ഉത്തമം. ഏറെ സാമൂഹിക പ്രതിബദ്ധതയോടെ കൈകാര്യം ചെയ്യേണ്ടതിനാൽ ഈ തെരഞ്ഞെടുപ്പ് അർഹിക്കുന്ന ഗൗരവത്തോടെ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതാത് യൂണിറ്റുകളുടെ വികാരി അച്ചന്മാർ നേതൃത്വം കൊടുക്കുകയും ചുമതലപ്പെട്ട അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതുമാണ്. ആഗസ്റ്റ് - സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ യൂണിറ്റ് തലങ്ങളിലും നവംബറിൽ മേഖല/ ഫൊറോന തലത്തിലും ഡിസംബറിൽ അതിരൂപത തലത്തിലും തിരഞ്ഞെടുപ്പ് സംഘടിപ്പിക്കുന്നു. 2016 ഡിസംബറിലെ അതിരൂപത വാർഷികസമ്മേളനം മുതലായിരിക്കും പുതിയ ഭാരവാഹികൾ ചുമതല ഏറ്റെടുക്കേണ്ടത്.

ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ<br>ഡയറക്ടർ- 9447615196

കെ.വി. വർഗീസ്<br>ജനറൽ സെക്രട്ടറി<br>9400765419

# പാസ്റ്ററൽ കൗൺസിൽ യോഗം

**ക്ഷണക്കത്ത്**


ബഹുമാന്യരായ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളേ,

16-ാം പാസ്റ്ററൽ കൗൺസിലിന്റെ
പതിനൊന്നാം യോഗം
**2016 സെപ്തംബർ 10 ശനിയാഴ്ച**
**രാവിലെ 10:00 മുതൽ**
**ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ**
കൂടുന്നു.
എല്ലാ അംഗങ്ങളെയും
യോഗത്തിലേക്ക് ക്ഷണിക്കുന്നു.

*വിഷയം :*

**സ്നേഹത്തിന്റെ സന്തോഷം**
(Post Synodal Apostolic Exhortation)





**അഡ്വ. ബിജു കുണ്ടുകുളം**
സെക്രട്ടറി

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ & ജനറൽ സെക്രട്ടറി



സെപ്തംബർ 29ന്

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

**മാർ റാഫേൽ തട്ടിൽ പിതാവിന്**

**പ്രാർത്ഥനാശംസകൾ**

Registered
R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.08.2016
Sept. 2016




Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005